
# ഗിരിദീപം

ഏപ്രിൽ 2026

ഉയിർപ്പുതിരുനാൾ ആശംസകൾ



"കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു..."

(ലൂക്കാ 24:34)







HAPPY FEAST

ഏപ്രിൽ 24 ന്

നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

**മാർ ജോർജ് ഞറളക്കാട്ട് പിതാവിനും**

**മാർ ജോർജ് വലിയമറ്റം പിതാവിനും**

തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ

# പ്രാർത്ഥനാശംസകൾ

## സ്നേഹസ്മരണയ്ക്ക്

20-ാം ചരമ വാർഷികം





## മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

ജനനം 04.08.1911 മരണം 04.04.2006

ഏപ്രിൽ 2026

വാല്യം 09
ലക്കം 04

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No.186/2026, Circular No. 09/2026 ............ 05
2. കച്ചേരിക്കാര്യം ............ 09
3. റിപ്പോർട്ട് - പ്രസ്ബിറ്ററൽ കൗൺസിൽ ............ 14
4. കത്തോലിക്കാ കോൺഗ്രസ് 108-ാം ജന്മവാർഷികാഘോഷം ............ 17
5. സാൻജോസ് തീർത്ഥാടനം - പനത്തടി ............ 19
6. വൈദികക്ഷേമം ............ 22
7. സെമിനാരി വാർത്തകൾ ............ 24
8. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ............ 27
9. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ............ 34
10. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ............ 36
    തിരുബാലസഖ്യം ............ 40
11. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ............ 42
12. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ............ 44
13. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ............ 50
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ............ 54
    നിർമ്മലഗിരി കോളേജ് ............ 57
14. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
    എ.കെ.സി.സി. ............ 62
    എയ്ഞ്ചൽ ട്രസ്റ്റ് ............ 64
    കരിസ്മാറ്റിക് ............ 66
    ADAM ............ 68
    കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ............ 70
15. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ............ 73
    ബയോമൗണ്ടൻ ............ 79
    ഇൻഫാം ............ 82
16. ധ്യാനകേന്ദ്രങ്ങളിലൂടെ ............ 81
17. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ............ 83
18. Engagements - April (Archbishop Mar Joseph Pamplany) ............ 85
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ............ 87
20. Engagements - April (Archbishop Mar George Njaralakatt) ............ 89
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ............ 90

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 186/2026, Circular No. 09/2026

## ദൈവവിളി വാരം

ഈശോയിൽ സ്നേഹമുള്ളവരേ,

ദൈവത്തിന്റെ അമൂല്യദാനമായ ദൈവവിളിയെക്കുറിച്ചാണ് നിങ്ങളോടു സംസാരിക്കാനാഗ്രഹിക്കുന്നത്. വി. കുർബാനയിൽ നാലാം പ്രണാമജപത്തിൽ, നമ്മൾ ഇപ്രകാരം പ്രാർത്ഥിക്കുന്നു. അങ്ങുമാത്രമാണ് യഥാർത്ഥ പിതാവായ ദൈവമെന്നും അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹായെ അങ്ങ് അയച്ചെന്നും ഭൂവാസികൾ എല്ലാവരും അറിയട്ടെ. റൂഹാക്ഷണപ്രാർത്ഥനയ്ക്കു തൊട്ടുമുമ്പ് ലോകമെങ്ങുമുള്ള ബലിപീഠങ്ങളിൽ ദൈവജനത്തോടൊപ്പം കാർമ്മികൻ നടത്തുന്ന ഈ യാചനാപ്രാർത്ഥന തിരുസഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യനിർവഹണത്തിനായുള്ള അപേക്ഷയാണ്. ഈശോമിശിഹായാണ് ഏകരക്ഷകനെന്നും ആകാശത്തിനു കീഴിൽ മനുഷ്യരക്ഷയ്ക്കായി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ലായെന്നും സഭ പ്രഘോഷിക്കുകയും ആ പ്രഘോഷണദൗത്യത്തിന്റെ വിജയകരമായ നിറവേറലിനായി തിരുസഭ ബലിപീഠത്തിനു മുമ്പാകെ പ്രാർത്ഥിക്കുകയും ചെയ്യുകയാണ്. നമ്മുടെ അതിരൂപതയിൽ 2026 ഏപ്രിൽ 12 മുതൽ 19 വരെ ദൈവവിളി വാരമായി ആചരിക്കുമ്പോൾ വി. കുർബാനയിലെ ഈ പ്രാർത്ഥന സഫലമാക്കാനുള്ള ശ്രമത്തിൽ നാം ഒരു മനസ്സോടെ ഏർപ്പെടുകയാണ് ചെയ്യുന്നത്. രക്ഷയുടെ പ്രഘോഷണദൗത്യത്തിൽ തിരുസഭയെ ശക്തിപ്പെടുത്താൻ മുഴുവൻ ദൈവജനത്തിനും കടമയുണ്ട്. എങ്കിലും ഈ ദൗത്യം ജീവിതവ്രതമായി സ്വീകരിച്ച് സഭയുടെ മുന്നണിപ്പോരാളികളായി ജീവിക്കുന്ന സമർപ്പിതരെ സഭയ്ക്ക് ആവശ്യമുണ്ട്. വൈദികാന്തസിലേക്കും

സന്ന്യാസത്തിലേക്കുമുള്ള ദൈവവിളി പ്രോത്സാഹനത്തിന്റെ കാതൽ ഇതാണ്.

തിരുസഭ ദൈവം തെരഞ്ഞെടുത്ത ജനമാണ്. പൂർവ പിതാവായ അബ്രാഹത്തെയും അദ്ദേഹത്തിന്റെ സന്തതിപരമ്പരയെയും തന്റെ ജന മായി തെരഞ്ഞെടുത്ത് അവരിലൂടെ രക്ഷാകരവാഗ്ദാനം പൂർത്തിയാ ക്കാൻ ദൈവം തീരുമാനിച്ചു. മോശയും അഹറോനും ജോഷ്വായും സാമുവലും ഗിദയോനും റൂത്തും എസ്തേറും യൂദിത്തും ഏശയ്യായും ജെറമിയയും എസക്കിയേലും ഏലിയയും ഏലീശ്വായും, നാഥാനും, ആമോസും ഇത്തരത്തിൽ ദൈവജനത്തിൽനിന്ന് വേർതിരിക്കപ്പെട്ട വരാണ്. പുതിയനിയമത്തിലെ സ്നാപകയോഹന്നാനും ശിമയോനും അന്നായും അപ്പസ്തോലന്മാരും പരിശുദ്ധ അമ്മയും മഗ്ദലന മറി യവും അപ്പസ്തോലന്മാർ തെരഞ്ഞെടുത്ത ഏഴു ഡീക്കന്മാരും ഇപ്ര കാരം ദൈവശുശ്രൂഷയ്ക്കുവേണ്ടി സവിശേഷമായ വിധത്തിൽ തങ്ങളെത്തന്നെ സമർപ്പിച്ചവരാണ്. ഇപ്രകാരം സുവിശേഷത്തിലെ ഈശോയെ അടുത്തനുകരിക്കാനും ഈശോയുടെ സുവിശേഷം പങ്കു വയ്ക്കാനുംവേണ്ടി സഭാചരിത്രത്തിലിന്നോളം ലക്ഷക്കണക്കിനാളു കളാണ് ധീരതയോടെ മുമ്പോട്ടുവന്നിരിക്കുന്നത്. ലോകത്തിലായിരി ക്കുമ്പോഴും ലോകത്തിന്റേതല്ലാതെ ജീവിക്കാനുള്ള വിളിയും നിയോ ഗവുമാണ് അവരുടേത്.

ദൈവികപ്രചോദനവും അതിനോടുള്ള മറുപടിയുമാണ് ദൈവ വിളി. തിരുസഭയിൽ വീരോചിതമായും ത്യാഗനിർഭരമായും ശുശ്രൂഷ നിർവഹിക്കുന്ന സമർപ്പിതജീവിതങ്ങൾ ഈ ദൈവവിളിയുടെ ജീവി ക്കുന്ന അടയാളങ്ങളാണ്. തങ്ങളെ വിളിച്ചവനോടുള്ള പ്രതിബദ്ധ തയ്ക്കുവേണ്ടി ധീരമായി ജീവിച്ചു മരിച്ച വിശുദ്ധാത്മാക്കളുടെ പിന്നിൽ അണിചേർന്നവരാണ് നമ്മുടെ സമർപ്പിതരും ദൈവരാജ്യ ശുശ്രൂഷകരും. ഈശോ നല്കുന്ന ഈ ആന്തരിക പ്രചോദനം ശ്രദ്ധി ക്കാനും തിരിച്ചറിയാനും നമുക്കു സാധിക്കണം. പ്രത്യേകിച്ച് നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും ഈ തിരിച്ചറിവിന്റെ കൃപ ലഭിക്ക ണം. ഇത്തരുണത്തിൽ പഴയനിയമത്തിലെ ബാലനായ സാമുവലിനെ ഓർമ്മിക്കുന്നത് ഉചിതമാണ്. കർത്താവ് ആ ബാലനെ വിളിച്ചപ്പോൾ അവനത് തിരിച്ചറിയാൻ കഴിഞ്ഞത് പുരോഹിതനും ഗുരുവുമായിരുന്ന ഏലിയുടെ ഇടപെടൽകൊണ്ടാണ്. ഏലിയുടെ സാന്നിദ്ധ്യത്തിൽ ദൈവാലയത്തിൽ താമസിക്കുന്ന സാമുവലിനാണ് ഈ പ്രേരണയും നിയോഗവും ലഭിക്കുന്നതെന്ന് നമ്മൾ മനസിലാക്കുന്നു. ആ കുട്ടിയെ

ദൈവാലയത്തോടും ദൈവിക കാര്യങ്ങളോടും ചേർത്തു നിർത്തി പരിശീലനം നല്കാൻ മനസുകാണിച്ച എൽക്കാനാ - ഹന്നാ ദമ്പതികളെയും ഇവിടെ ഓർമിക്കണം. മാതാപിതാക്കളും ഗുരുജനങ്ങളും സമൂഹവും ഒരു മനസ്സോടെ നമ്മുടെ കുഞ്ഞുങ്ങളെ ശ്രദ്ധിക്കണമെന്നും പ്രോത്സാഹിപ്പിക്കണമെന്നും അവരിലെ പ്രേരണകളെയും ആഭിമുഖ്യങ്ങളെയും വേർതിരിച്ചറിയണമെന്നും ഈ സംഭവം നമ്മെ ഓർമപ്പെടുത്തുന്നു.

പ്രിയപ്പെട്ടവരേ, ഈ കാലഘട്ടത്തിന്റെ പ്രത്യേകതകളും പ്രതിസന്ധികളും നമ്മുടെ മുമ്പിലുള്ളത് നാം തിരിച്ചറിയുന്നുണ്ടല്ലോ. സോഷ്യൽ മീഡിയയുടെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും പുത്തൻ വിനോദ സംസ്കാരത്തിന്റെയും ബഹളങ്ങൾക്കിടയിൽ ദൈവസ്വരം തിരിച്ചറിയാൻ എളുപ്പമല്ല. ബാഹ്യലോകത്തിലും ആന്തരികലോകത്തിലും മനുഷ്യർ അസ്വസ്ഥതകൾ നേരിടുമ്പോൾ ശാന്തമായി ദൈവസ്വരത്തിനു കാതോർക്കാൻ നാം പരിശീലിക്കേണ്ടതുണ്ട്. നമ്മുടെ കുടുംബങ്ങളിലും ഹൃദയങ്ങളിലും അല്പംകൂടി ശാന്തതയുടെ അന്തരീക്ഷം സൃഷ്ടിക്കപ്പെടണം. കൊടുങ്കാറ്റിലും ഭൂകമ്പത്തിലും അഗ്നിയിലുമല്ല, മൃദുലസ്വരത്തിൽ തന്നോടു സംസാരിക്കുന്ന ദൈവത്തെ (1 രാജാ 19: 11-12) നമ്മളും നമ്മുടെ കുട്ടികളും കേൾക്കണം. അതിനുള്ള സാഹചര്യമൊരുക്കാൻ നമുക്കു കടമയുണ്ട്. കുഞ്ഞുങ്ങളുടെ ഭാവിജീവിതത്തെക്കുറിച്ചും അവരുടെ വ്യക്തിത്വത്തിന്റെ സവിശേഷ സിദ്ധികൾക്കൊണ്ട് അവർക്ക് സ്വീകരിക്കാൻ കഴിയുന്ന ജീവിതാന്തസിനെക്കുറിച്ചും മുതിർന്നവർ, വിശേഷിച്ചും മാതാപിതാക്കളും മറ്റ് ഗുരുസ്ഥാനീയരും കുട്ടികൾക്ക് കൃത്യമായ മാർഗനിർദ്ദേശങ്ങൾ നല്കണം. അങ്ങനെയാണ് ദൈവവിളിയുടെ വിത്തുകൾ നമ്മൾ പരിപോഷിപ്പിക്കേണ്ടത്.

ഈ വർഷത്തെ ദൈവവിളി ക്യാമ്പുകൾ നടക്കുന്ന സ്ഥലങ്ങൾ നിങ്ങൾ ശ്രദ്ധിക്കുമല്ലോ. IMS ധ്യാനകേന്ദ്രം - പേരട്ട, വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് - ചെമ്പേരി, സെന്റ് മേരീസ് ചർച്ച് ചട്ടമല എന്നിവിടങ്ങളിൽ ആൺകുട്ടികൾക്കും തളിപ്പറമ്പ് പുഷ്പഗിരിയിലുള്ള ദർശന ധ്യാനകേന്ദ്രത്തിൽ വച്ച് പെൺകുട്ടികൾക്കുമായി ഏപ്രിൽ 12, 13, 14 തീയതികളിൽ നടക്കുന്ന ദൈവവിളി ക്യാമ്പിലേക്ക് നമ്മുടെ മക്കളെ പറഞ്ഞയക്കാൻ പ്രിയപ്പെട്ട മാതാപിതാക്കൾ ശ്രദ്ധിക്കുമല്ലോ. വളരെ കാര്യക്ഷമമായും വിജയകരമായും നമ്മുടെ അതിരൂപതയിൽ നടക്കുന്ന വൊക്കേഷൻ ബ്യൂറോ പ്രവർത്തനങ്ങളെയും അതിനു നേതൃത്വം നല്കുന്ന ബഹു. തോമസ് മേൽവെട്ടത്ത് അച്ചനും

വൊക്കേഷൻ പ്രൊമോട്ടറായ ബഹു. കുര്യാക്കോസ് പ്ലാവുനില്ക്കും പറമ്പിലച്ചനെയും ടീമംഗങ്ങളെയും ഞാൻ അനുമോദിക്കുന്നു. ദൈവ വിളി ക്യാമ്പ് നടക്കുന്ന ദിവസങ്ങളിൽ അതിരൂപതയിലെ എല്ലാ കുടും ബങ്ങളിലും ഇടവകദൈവാലയങ്ങളിലും സന്ന്യാസസമൂഹങ്ങളിലും പൗരോഹിത്യ, സന്ന്യാസജീവിതാന്തസുകളിലേക്ക് നല്ല കുട്ടികളെ ലഭി ക്കുന്നതിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ.

"വിളവധികം വേലക്കാരോ ചുരുക്കം. തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" എന്ന ആഹ്വാനം നമുക്ക് എളിമയോടെ സ്വീകരിക്കാം. നിങ്ങൾ ഏവ രെയും പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ ആശീർവ്വദിച്ചുകൊണ്ട്

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2026 മാർച്ച് 25 മംഗളവാർത്താത്തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2026 ഏപ്രിൽ 05-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥല ങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം
## ഏപ്രിൽ 2026

**1. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികം**

തലശ്ശേരി അതിരൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 20–ാം ചരമവാർഷികം 2026 ഏപ്രിൽ 04–ാം തിയതി ശനിയാഴ്ചയാണ്. അന്നേദിവസം നമ്മുടെ അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബ്ബാന മധ്യേ അഭിവന്ദ്യ പിതാവിനുവേണ്ടി പ്രാർത്ഥിക്കുകയും പിതാവിനെക്കുറിച്ചുള്ള അനുസ്മരണം നടത്തുകയും ചെയ്യണം. വിശ്വാസോത്സവത്തിന്റെ ഏതെങ്കിലുമൊരു അവസരത്തിൽ സൺഡേ സ്കൂൾ കുട്ടികളെ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിനെ പരിചയപ്പെടുത്തുകയും തലശ്ശേരി രൂപതയുടെ വളർച്ചയിൽ പിതാവിന്റെ സംഭാവനകൾ വിശദീകരിക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

**2. നാമഹേതുക തിരുനാൾ**

ഏപ്രിൽ 24 ന് ഗീവർഗീസ് സഹദായുടെ തിരുനാൾ ദിനമാണല്ലോ. അഭി. മാർ ജോർജ് ഞരളക്കാട്ട് പിതാവും അഭി. മാർ ജോർജ് വലിയമറ്റം പിതാവും അന്നേ ദിവസം നാമഹേതുക തിരുനാൾ ആഘോഷിക്കുകയാണ്. അഭിവന്ദ്യ പിതാക്കന്മാർക്കും ജോർജ് നാമധാരികളായ പ്രിയപ്പെട്ട വൈദികർക്കും തിരുനാൾ ദിനത്തിന്റെ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

**3. ബഹു. വൈദികരുടെയും പള്ളി ജീവനക്കാരുടെയും അലവൻസ്**

2026 ഏപ്രിൽ മുതൽ ബഹു. വൈദികരുടെ അലവൻസ് 500 രൂപ ഇൻക്രിമെന്റ് ഉൾപ്പെടെ 16,500/- രൂപയായിരിക്കും.

ദൈവാലയ ശുശ്രൂഷികൾക്കും അക്കൗണ്ടന്റിനും നിലവിൽ കൈപ്പറ്റുന്ന ശമ്പളത്തോട് ഇൻക്രിമെന്റ് തുക ചേർത്ത് ഏപ്രിൽ

മാസം മുതൽ നൽകേണ്ടതാണ്. ദൈവാലയ ശുശ്രൂഷിക്കു ഇൻക്രിമെന്റ് 150 രൂപയും അക്കൗണ്ടന്റിന്റെ ഇൻക്രിമെന്റ് 100 രൂപയുമാണ്.

**4. ബഹു. വൈദികരുടെ സ്ഥലം മാറ്റം**

ബഹു. വൈദികരുടെ സ്ഥലം മാറ്റം 2026 മെയ് 9 ന് ശനിയാഴ്ച യായിരിക്കും. 2026 ഏപ്രിൽ 25 ശനിയാഴ്ച ട്രാൻസ്ഫർ ലിസ്റ്റ് പ്രസി ദ്ധീകരിക്കുന്നതാണ്.

**5. അഭിനന്ദനങ്ങൾ : ഫാ. തോമസ് (മനു) മാപ്പിളപ്പറമ്പിൽ**

കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാ രിയുടെ വൈസ് റെക്ടറായി നിയമിതനായ ബഹു. തോമസ് മാപ്പിള പ്പറമ്പിലച്ചന് ആശംസകളും അനുമോദനങ്ങളും നേരുന്നു.

**6. ഓശാന ഞായർ, ദുഃഖവെള്ളി സ്തോത്രക്കാഴ്ചകൾ**

ഓശാന ഞായറാഴ്ചത്തെ സ്തോത്രകാഴ്ച വൈദികവിദ്യാർത്ഥി കളുടെ പരിശീലനത്തിനായും ദുഃഖവെള്ളിയാഴ്ചത്തെ സ്തോത്ര കാഴ്ച വിശുദ്ധനാടുകളുടെ സംരക്ഷണത്തിനുവേണ്ടിയുമാണ് സമാ ഹരിക്കുന്നത്. ദൈവജനത്തെ ഈ കാര്യങ്ങളുടെ പ്രാധാന്യം ഓർമ്മി പ്പിച്ച് സ്തോത്രക്കാഴ്ച സമാഹരിക്കുകയും അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**7. വാർഷിക പൊതുയോഗവും കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പും**

**2025-2026 വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേക്കുള്ള ബജറ്റ് എന്നിവ പാസാക്കുന്നതിനും പുതിയ കൈക്കാരന്മാരെ തെരഞ്ഞെടുക്കുന്നതിനുമുള്ള വാർഷികപൊതുയോഗം എല്ലാ ഇടവകകളിലും നിർബന്ധമായും 2026 ഏപ്രിൽ 12-ാം തീയതി ഞായറാഴ്ചയോ ഏപ്രിൽ 19-ാം തീയതി ഞായറാഴ്ചയോ ചേരേണ്ട താണ്. ആണ്ടുതിരട്ടും പൊതുയോഗ തീരുമാനങ്ങളും 2026 ഏപ്രിൽ 29, 30 തീയതികളിൽ ഫൊറോനാ കേന്ദ്രങ്ങളിൽ വച്ച് പരിശോധിക്കു ന്നതാണ്.**

പൊതുയോഗത്തിൽ ഇടവകകളുടെ 2025-2026 **വർഷത്തെ വാർഷിക കണക്കു പാസാക്കുകയും 2026-2027 വർഷത്തേക്കുള്ള കൈക്കാര ന്മാരെയും രണ്ട് ഇന്റേണൽ ഓഡിറ്റർമാരെയും തിരഞ്ഞെടുക്കുകയും ചെയ്യണം. കൈക്കാരന്മാരെ തിരഞ്ഞെടുക്കുമ്പോൾ അതിരൂപതാ നിയമാവലി (പേജ് 175) ൽ പറഞ്ഞിരിക്കുന്ന യോഗ്യതകൾ ഉള്ളവരാ ണെന്ന് ഉറപ്പു വരുത്തണം. നാലു കൈക്കാരന്മാരെയും തിരഞ്ഞെടു ക്കേണ്ടത് പൊതുയോഗമാണ്. എന്നാൽ അവരിൽ 2 പേർ നിലവിലുള്ള പാരീഷ് കൗൺസിൽ അംഗങ്ങളായിരിക്കണം.**

**8. ആണ്ട് തിരട്ട്, ബജറ്റ് പാസ്സാക്കൽ ഏപ്രിൽ 29, 30 തീയതികളിൽ**

ആണ്ട് തിരട്ടും വാർഷിക പൊതുയോഗതീരുമാനവും പരിശോധിച്ച് അംഗീകരിക്കാനായി ബഹു. വികാരി ജനറാൾ അച്ചന്മാരും ചാൻസലറും 2026 ഏപ്രിൽ 29, 30 തീയതികളിൽ ഫൊറോനകൾ സന്ദർശിക്കുന്നതാണ്. തീയതിയും സമയക്രമവും ചുവടെ ചേർക്കുന്നു.

| തീയതി | സമയം | ഫൊറോനകൾ |
|---|---|---|
| 29-04-2026<br>ബുധൻ | 9.00 am - 11.00 am<br>9.00 am - 12.00 am | എടൂർ<br>ചെറുപുഴ, പനത്തടി, പൈസക്കരി |
| 29-04-2026<br>ബുധൻ | 11.00 am - 1.30 pm<br>2.00 pm - 3.30 pm<br>2.00 pm - 5.00 pm<br>2.30 pm - 5.30 pm<br>4.00 pm - 6.00 pm | കുന്നോത്ത്<br>കാസർഗോഡ്<br>മേരിഗിരി, ചെമ്പേരി<br>മണിക്കടവ്<br>കാഞ്ഞങ്ങാട് |
| 30-04-2026<br>വ്യാഴം | 9.00 am - 12.00 pm<br>9.00 am - 11.00 am<br>12.00 pm - 2.00 pm<br>2.30 pm - 5.00 pm<br>2.30 pm - 5.30 pm<br>3.00 pm - 6.00 pm | പേരാവൂർ, തളിപ്പറമ്പ്, ചെമ്പന്തൊട്ടി<br>വെള്ളരിക്കുണ്ട്<br>മാലോം<br>ആലക്കോട്<br>നെല്ലിക്കാംപൊയിൽ, വായാട്ടുപറമ്പ്<br>തോമാപുരം |

**പരിശോധനക്കായി കൊണ്ടുവരേണ്ടവ**

1. വാർഷിക പൊതുയോഗത്തിന്റെ മിനിട്സ് രേഖപ്പെടുത്തിയ യോഗപുസ്തകം, പുതുതായി തിരഞ്ഞെടുക്കപ്പെട്ട നാലു കൈക്കാരന്മാരുടെയും രണ്ട് ഇന്റേണൽ ഓഡിറ്റർമാരുടെയും പേരുകൾ, ആണ്ടുതിരട്ടും ബജറ്റും പാസ്സാക്കിയ വിവരം എന്നിവ പൊതുയോഗ തീരുമാനങ്ങളിൽ ഉണ്ടായിരിക്കണം.
2. പ്രസ്തുതയോഗത്തിന്റെ മിനിട്സ് അരമനപത്രത്തിൽ എഴുതിയ ഒരു കോപ്പി.
3. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിൽനിന്നും എടുത്ത വാർഷിക തിരട്ടിന്റെ ഒരു കോപ്പി.
4. 2026-2027 വർഷത്തേക്കുള്ള ബജറ്റ് - 2 കോപ്പി
5. 10% അതിരൂപതാ വിഹിതവും ഇതരപിരിവുകളും കുടിശ്ശികകൾ ഉണ്ടെങ്കിൽ അവയും അടച്ചതിന്റെ രശീതുകൾ.
6. പി.പി.എഫിലേക്കുള്ള 2026 ലെ വിഹിതവും കുടിശ്ശികയുണ്ടെങ്കിൽ അതും.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. 2025-2026 സാമ്പത്തിക വർഷത്തിലെ കണക്കുകൾ 2026 ഏപ്രിൽ 6 ന് മുമ്പായി സോഫ്റ്റ്‌വെയറിൽ പൂർത്തിയാക്കണം. ഏപ്രിൽ 6 ന് സോഫ്റ്റ്‌വെയർ ലോക്ക് ചെയ്യുന്നതാണ്.
2. ബഹു. വികാരി, നടത്തുകൈക്കാരൻ, സെക്രട്ടറി എന്നിവരാണ് ഓരോ ഇടവകയിൽനിന്നും വരേണ്ടത്.
3. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിൽ 2026 മാർച്ച് 31 വരെയുള്ള കണക്കുകൾ ഇനിയും അപ്‌ലോഡ് ചെയ്യാത്തവർ ഉടനെ ചെയ്യണം. ഓരോ ഇടവകയും അടയ്ക്കാനുള്ള 10% തുക എത്രയെന്ന് മുൻകൂട്ടി അറിയിക്കാൻ സാധിക്കും.
4. പതിനായിരം രൂപക്ക് മുകളിൽ അതിരൂപതാവിഹിതവും മറ്റ് പിരിവുകളും അടയ്ക്കാനുള്ളവർ നിർബന്ധമായും ചെക്കുകളായി നല്കണം. ജീവകാരുണ്യഫണ്ടും പി.പി.എഫ് വിഹിതവും വെവ്വേറെ ചെക്കുകളായും ബാക്കിയുള്ളവ ഒറ്റ ചെക്കായും നല്കാവുന്നതാണ്.

**9. ആദരാഞ്ജലികൾ**

**1. ശ്രീ. ഫ്രാൻസീസ് ചിറയിൽ (78) :** ബഹു. ജോർജ് ചിറയിൽ അച്ചന്റെ പ്രിയ സഹോദരൻ ശ്രീ. ഫ്രാൻസീസ് ചിറയിൽ 2026 ഫെബ്രുവരി 24 ന് നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ 2026 ഫെബ്രുവരി 24ന് പെരിങ്കരി സെന്റ് അൽഫോൻസാ ദൈവാലയത്തിൽ നടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ചിറയിൽ അച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**2. ശ്രീമതി ഷാന്റി ഫിലിപ്പ് കാക്കരമറ്റത്തിൽ (59) :** ബഹു. ജോസഫ് കാക്കരമറ്റത്തിലച്ചന്റെ പ്രിയപ്പെട്ട സഹോദരി ശ്രീമതി ഷാന്റി ഫിലിപ്പ് കാക്കരമറ്റത്തിൽ 2026 മാർച്ച് 02 ന് ഇറ്റലിയിൽ നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2026 മാർച്ച് 05 ന് ഇറ്റലിയിലെ ടൂറിനിൽ നടന്നു. പ്രിയപ്പെട്ട സഹോദരിയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജോജിയച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**10. സ്നേഹസ്മൃതി**

| | | | |
|---|---|---|---|
| 1. | റവ. ഫാ. മാത്യു മേക്കുന്നേൽ | - | 01-04-2008 |
| 2. | റവ. ഫാ. സേവ്യർ കണിയാന്തറ | - | 02-04-1990 |
| 3. | റവ. ഫാ. തോമസ് വട്ടമല | - | 02-04-2025 |
| 4. | **അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി** | **-** | **04-04-2006** |
| 5. | റവ. ഫാ. ജോസഫ് തുരുത്തേൽ | - | 05-04-2021 |
| 6. | **അഭിവന്ദ്യ മാർ ഇമ്മാനുവൽ പോത്തനാമൂഴി** | **-** | **06-04-2003** |
| 7. | റവ. ഫാ. പോൾ മണക്കാട്ടുമറ്റം | - | 08-04-2015 |
| 8. | റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ | - | 10-04-1977 |
| 9. | റവ. ഫാ. ജോസഫ് കൂറ്റാരപ്പള്ളിൽ | - | 10-04-2020 |
| 10. | റവ. ഫാ. മാത്യു മുള്ളൻമട | - | 17-04-2020 |
| 11. | റവ. ഫാ. മാത്യു പാലമറ്റം | - | 20-04-1972 |
| 12. | റവ. ഫാ. ഫ്രാൻസീസ് ആറുപറയിൽ | - | 20-04-2012 |
| 13. | റവ. ഫാ. അഗസ്റ്റിൻ കണ്ണാടിക്കര | - | 21-04-1994 |
| 14. | റവ. ഫാ. സക്കറിയാസ് വള്ളോപ്പിള്ളി | - | 28-04-2016 |
| 15. | റവ. ഫാ. ജോർജ് സ്രാമ്പിക്കൽ | - | 29-04-1997 |
| 16. | റവ. ഫാ. ജോർജ് പുനക്കാട്ട് | - | 29-04-1968 |
| 17. | റവ. ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ | - | 29-04-1999 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# പ്രസ്ബിറ്ററൽ കൗൺസിൽ
# റിപ്പോർട്ട്

തലശ്ശേരി അതിരൂപത വൈദിക സമിതിയുടെ അഞ്ചാമത് സമ്മേളനം 2026 ഫെബ്രുവരി 24 ന് രാവിലെ 10.30 മുതൽ ഉച്ചക്കഴിഞ്ഞ് 1.30 വരെ തലശ്ശേരി സന്ദേശഭവനിൽ നടന്നു. ബഹു. ജോസഫ് വയലുങ്കൽ അച്ചൻ നേതൃത്വം നൽകിയ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപ്പടവിലച്ചൻ സ്വാഗതം ആശംസിച്ചു. കഴിഞ്ഞ യോഗത്തിന്റെ റിപ്പോർട്ട് വായിച്ച് ഭേദഗതികളില്ലാതെ യോഗം അംഗീകരിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അദ്ധ്യക്ഷപ്രസംഗം നടത്തുകയും യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ ബഹു. വൈദികർക്ക് 'ക്യാഷ്‌ലെസ്സായി' ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നുവെന്ന വിവരം യോഗത്തെ അഭിവന്ദ്യ പിതാവ് അറിയിച്ചു. തുടർന്ന് വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ചർച്ചകൾ നടന്നു. വൈദിക ക്ഷേമത്തെക്കുറിച്ചുള്ള കാര്യങ്ങൾ മോൺ. സെബാസ്റ്റ്യൻ പാലക്കുഴി അച്ചൻ യോഗത്തെ അറിയിച്ചു. PPF ലേക്ക് വ്യക്തിവിഹിതം അടയ്ക്കാത്ത ബഹു. വൈദികരെ വ്യക്തിപരമായി ഓർമ്മപ്പെടുത്തിയെന്നും, 92% വൈദികരും സഹകരിച്ചുവെന്നും അദ്ദേഹം യോഗത്തെ അറിയിച്ചു. പൊതുവായി മെഡിക്കൽ ഇൻഷൂറൻസ് വൈദികർക്ക് ഒഴിവാക്കുവാൻ തീരുമാനിച്ചുവെങ്കിലും വ്യക്തിപരമായി ഇൻഷൂറൻസ് തുടരുവാൻ ആഗ്രഹിക്കുന്നവർ മാർച്ച് 27 ന് മുമ്പായി പുതുക്കുവാൻ തയ്യാറാകണമെന്നും യോഗത്തെ അറിയിച്ചു. വൈദിക മന്ദിരത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന പുതിയ മുറികളുടെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് യോഗത്തെ അറിയിച്ചു. വൈദിക ക്ഷേമത്തിന്റെ ഭാഗമായി വിഭാവനം ചെയ്ത വിവിധ പദ്ധതികൾ നടപ്പിലാക്കിയെന്ന് യോഗത്തെ അറിയിച്ചു. വിയാനി നിധിയെക്കുറിച്ചുള്ള വിവരങ്ങൾ ചാൻസലർ യോഗത്തെ അറിയിച്ചു.

മാസധ്യാന കൂട്ടായ്മകളിൽ നിരന്തരം പങ്കെടുക്കാതിരിക്കുന്ന ബഹു. വൈദികരെ മാസധ്യാനത്തിന് എത്താൻ പ്രേരിപ്പിക്കണമെന്നും ബഹു. ജനറാൾ അച്ചന്മാർ അവരെ പ്രത്യേകം അനുധാവനം ചെയ്യണമെന്നും യോഗത്തിൽ നിർദ്ദേശമുണ്ടായി. പൗരോഹിത്യ ശുശ്രൂഷ കൂട്ടായ്മയുടെ ശുശ്രൂഷയാണെന്നും ഒറ്റയ്ക്കുള്ള ശുശ്രൂഷയല്ലെന്നും അഭിവന്ദ്യ പിതാവ് യോഗത്തിൽ പ്രസ്താവിച്ചു.

മാർച്ച് 14 ന് കണ്ണൂർ ടൗണിൽ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന കത്തോലിക്കാ കോൺഗ്രസ് വാർഷികാഘോഷങ്ങളെക്കുറിച്ചുള്ള വിഷയാവതരണം കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ബഹു. ഫിലിപ്പ് കവിയിൽ അച്ചൻ നടത്തി. വിവിധ ഫൊറോനകളിൽ നടക്കുന്ന ഒരുക്കങ്ങളെക്കുറിച്ച് അച്ചൻ യോഗത്തെ അറിയിച്ചു. സംഗമത്തിന് പരമാവധി ആളുകളെ ഇടവകയിൽ നിന്നും എത്തിക്കുവാൻ പരിശ്രമിക്കണമെന്ന് നിർദ്ദേശമുണ്ടായി. സമ്മേളനത്തിനൊരുക്കമായി നടക്കുന്ന മഹാറാലിയെക്കുറിച്ചും വോളണ്ടിയേഴ്സിന്റെ ക്രമീകരണങ്ങളെക്കുറിച്ചും, വാഹന സൗകര്യങ്ങൾ, മീഡിയ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചും വിശദമായ ചർച്ചകൾ നടന്നു. ഈ സമ്മേളനത്തിൽ നമ്മൾ ഉയർത്തുന്ന വിഷയങ്ങളും ആശങ്കകളും ചെറിയ വീഡിയോകളായി നേരത്തെത്തന്നെ പ്രചരിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന അഭിപ്രായമുണ്ടായി. വന്യമൃഗശല്യങ്ങൾ, ധ്വംസിക്കപ്പെടുന്ന ന്യൂനപക്ഷാവകാശങ്ങൾ, ജെസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട്, വർധിച്ചുവരുന്ന ക്രൈസ്തവപീഡനങ്ങൾ, മലയോര മേഖലയുടെ സമഗ്രവികസനം, നികുതി പരിഷ്കരണം, കരിന്തളം – വയനാട് വൈദ്യുതി പദ്ധതി, പ്രമേയം പ്രശ്നങ്ങൾ, മലയോര ടൂറിസം തുടങ്ങിയ പ്രധാന വിഷയങ്ങൾ ചെറിയ വീഡിയോ രൂപത്തിൽ പ്രചരിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് യോഗത്തിൽ അഭിപ്രായമുണ്ടായി. റീലുകൾ ഉണ്ടാക്കുവാനും പ്രചരിപ്പിക്കുവാനും ഫൊറോന വികാരിമാർ മുൻകൈ എടുക്കണം. മലയോര ടൂറിസത്തെക്കുറിച്ചുള്ള റീലുകൾ ബഹു. ഓലിക്കലച്ചന്റെ നേതൃത്വത്തിൽ ചെയ്യാൻ നിർദ്ദേശിച്ചു.

സമുദായ ശക്തീകരണ വർഷത്തെക്കുറിച്ചുള്ള വിഷയാവതരണം മോൺ. ആന്റണി മുതുകുന്നേൽ അച്ചൻ നടത്തി. ഇപ്പോൾ അതിരൂപതയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചും നടത്തുവാൻ ഉദ്ദേശിക്കുന്ന വിവിധ സംഗമങ്ങളെക്കുറിച്ചും യോഗത്തെ അറിയിച്ചു. വെള്ളരിക്കുണ്ടിൽ നടന്ന അഭിഷേകാഗ്നി ബൈബിൾ കൺവെൻഷന്റെ വിജയകരമായ നടത്തിപ്പിനെക്കുറിച്ച് ഫൊറോന വികാരി ബഹു. ജോൺസൺ അന്ത്യാംകുളം അച്ചൻ യോഗത്തെ അറിയിച്ചു. കുറ്റമറ്റവിധം ബൈബിൾ കൺവെൻഷൻ സംഘടിപ്പിച്ച ബഹു. ജോൺസണച്ചനെ യോഗം അഭിനന്ദിച്ചു. 2027 ലെ ബൈബിൾ കൺവെൻഷൻ എടൂർ വച്ച് നടത്താൻ തീരുമാനിച്ചു. കൺവെൻഷൻ ഡിസംബർ മാസത്തിലോ വലിയ നോമ്പിന്റെ അവസരത്തിലോ നടത്താൻ നിർദ്ദേശിച്ചു.

അതിരൂപതയുടെ പാസ്റ്ററൽ സെന്റർ അതിരൂപതയുടെ മധ്യഭാഗത്തേക്ക് മാറ്റുന്നതിനെക്കുറിച്ച് ചിന്തിക്കുന്നത് ഉചിതമാണെന്ന അഭിപ്രായമുണ്ടായി. നിലവിലെ പാസ്റ്ററൽ സെന്റർ വരുമാനം വർധിപ്പിക്കാനുതകുന്ന കാര്യങ്ങൾക്ക് ഉപയോഗിക്കുന്നത് ഉചിതമാണെന്ന അഭിപ്രായം ഉണ്ടായി. പള്ളികളുടെ നിർമ്മാണ ചെലവുകൾ കുറയ്ക്കുന്നതിനെക്കുറിച്ച് ചിന്തിക്കണമെന്ന നിർദ്ദേശമുണ്ടായി. ദൈവലായ നിർമ്മാണം നടത്തുന്ന ബഹു. വൈദികരെ ഒന്നിച്ചു ചേർത്ത് കാര്യങ്ങൾ സംസാരിക്കുന്നത് ഉചിതമാണെന്ന അഭിപ്രായവും യോഗത്തിലുണ്ടായി.

വിളക്കന്നൂർ ദിവ്യകാരുണ്യ അടയാളത്തിന്റെ പ്രാധാന്യം പൊതുജനത്തിന് മനസ്സിലാകും വിധമുള്ള കാര്യങ്ങൾ കൂടുതലായി ചെയ്യുന്നത് നല്ലതാണെന്നും യുവജനങ്ങളുടെ നേതൃത്വത്തിൽ എല്ലാവർഷവും വിളക്കന്നൂരിലേക്ക് തീർത്ഥാടനം സംഘടിപ്പിക്കുന്നത് ഉചിതമാണെന്നും അഭിപ്രായമുണ്ടായി. പള്ളികളുടെ ഓഡിറ്റിംഗുംമായി ബന്ധപ്പെട്ട് ഈടാക്കുന്ന തുകയെ സംബന്ധിച്ച് ചർച്ച ഉണ്ടായി. ഇതിനെക്കുറിച്ച് ഒരു മാനദണ്ഡം നിശ്ചയിക്കാനുള്ള സാധ്യത പഠിക്കാമെന്ന് അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിച്ചു.

ലഹരി വിരുദ്ധ ഞായർ സമുചിതമായി ഇടവടകകളിൽ ആചരിക്കണമെന്നും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഇടവകകളിൽ പ്രോത്സാഹിപ്പിക്കണമെന്നും എല്ലാ ഇടവകകളിലും യൂണിറ്റുകൾ സ്ഥാപിക്കണമെന്നും അഭി. പിതാവ് നിർദ്ദേശിച്ചു. 2026 ഒക്ടോബറിൽ നടക്കുവാൻ പോകുന്ന അതിരൂപത ബൈബിൾ കലോത്സവത്തെപ്പറ്റിയും പരാമർശമുണ്ടായി. ബഹു. അബ്രാഹം കൊച്ചുപുരയ്ക്കലച്ചൻ യോഗത്തിന് നന്ദി പറഞ്ഞു.

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*സെക്രട്ടറി*

# കത്തോലിക്കാ കോൺഗ്രസ് 108-ാം ജന്മദിനാഘോഷവും സമുദായ സംഗമവും

കത്തോലിക്കാ കോൺഗ്രസിന്റെ 108-ാം ജന്മദിനാഘോഷത്തിന് ഈ വർഷം തലശ്ശേരി അതിരൂപതയാണ് ആതിഥേയത്വം വഹിച്ചത്. 2026 മാർച്ച് 14 ന് കണ്ണൂർ പോലീസ് മൈതാനിയിൽ വച്ച് നടന്ന ആഘോഷപരിപാടികൾ പൊതുസമൂഹത്തിന്റെ ശ്രദ്ധയാകർഷിക്കുംവിധം കുറ്റമറ്റവിധത്തിൽ സംഘടിപ്പിക്കുവാൻ കഴിഞ്ഞു. ജനപങ്കാളിത്തംകൊണ്ടും സംഘാടനമികവുകൊണ്ടും നമ്മൾ നടത്തിയ സമുദായസംഗമം വൻവിജയമായി തീർന്നു.

മാർച്ച് 14 ശനിയാഴ്ച രാവിലെ 10 മണി മുതൽ കണ്ണൂർ ശ്രീപുരം സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന പ്രതിനിധി സമ്മേളനത്തിന് ഇന്ത്യയുടെ അകത്തും പുറത്തുംനിന്നുള്ള രൂപതകളിലെ പ്രതിനിധികൾ എത്തിച്ചേർന്നിരുന്നു. ഉച്ചകഴിഞ്ഞ് 3 മണിക്ക് കണ്ണൂർ പോലീസ് മൈതാനിയിൽ ഒരുക്കിയ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി നഗറിൽനിന്ന് സമ്മേളനത്തിനൊരുക്കമായുള്ള റാലി ആരംഭിച്ചു. സീറോ മലബാർ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച്ബിഷപ്പ് അഭി. മാർ റാഫേൽ തട്ടിൽ പിതാവും തലശ്ശേരി അതിരൂപതാദ്ധ്യനായ അഭി. മാർ ജോസഫ് പാംപ്ലാനി പിതാവും കത്തോലിക്കാ കോൺഗ്രസ് ബിഷപ്പ് ഡെലഗേറ്റ് അഭി. മാർ റെമിജിയൂസ് ഇഞ്ചനാനിക്കൽ പിതാവും പാലക്കാട് രൂപതാദ്ധ്യൻ അഭി. മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവും കണ്ണൂർ രൂപതാദ്ധ്യൻ റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല പിതാവും കോട്ടയം അതിരൂപതാ സഹായമെത്രാൻ അഭി. മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവും കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ബഹു. ഫിലിപ്പ് കവിയിൽ അച്ചനും കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് ശ്രീ. രാജീവ് കൊച്ചുപറമ്പിലും മറ്റ് ഗ്ലോബൽ സമിതി അംഗങ്ങളും കത്തോലിക്കാ കോൺഗ്രസിന്റെ അതിരൂപതാതല ഭാരവാഹികളും റാലിയുടെ മുൻനിരയിൽ അണിനിരന്ന് റാലിക്ക് നേതൃത്വം നൽകി. വിവിധ രൂപതകളിൽ നിന്ന് വന്ന കത്തോലിക്കാകോൺഗ്രസ് അംഗങ്ങൾക്ക് പിന്നിൽ തലശ്ശേരി അതിരൂപതയിലെ പത്തൊൻപത് ഫൊറോനകളിൽ നിന്നുള്ള ആളുകൾ റാലിക്കായി അണിനിരന്നു. പേപ്പൽ പതാകളും കത്തോലിക്കാ കോൺഗ്രസിന്റെ പതാകയും വഹിച്ചുകൊണ്ട് വലിയ ജനക്കൂട്ടം റാലിയായി കണ്ണൂർ നഗരത്തിലൂടെ നീങ്ങിയത് മനോഹരമായ കാഴ്ചയും ഒപ്പം കൂട്ടായ ക്രൈസ്തവ സാക്ഷ്യത്തിന്റെ അവസരവുമായി മാറി.

ഉച്ചകഴിഞ്ഞ് 4 മണിയോടെ റാലി സ്റ്റേഡിയത്തിലെത്തിച്ചേർന്ന് സമ്മേളനം ആരംഭിച്ചു. തലശ്ശേരി അതിരൂപതാ കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് ശ്രീ. ഫിലിപ്പ് വെളിയത്ത് സ്വാഗതം ആശംസിച്ചു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ബഹു. ഫിലിപ്പ് കവിയിലച്ചൻ ആമുഖപ്രഭാഷണം നടത്തി. ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ഒഴുകയിൽ വിഷയാവതരണം നടത്തി.

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് അഭി. മാർ റാഫേൽ തട്ടിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിന് അധ്യക്ഷത വഹിച്ചത് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് ശ്രീ. രാജീവ് കൊച്ചുപറമ്പിലായിരുന്നു. അഭി. മാർ ജോസഫ് പാംപ്ലാനി പിതാവ് മുഖ്യപ്രഭാഷണം നടത്തി. കൂടാതെ അഭിവന്ദ്യപിതാക്കന്മാരും മറ്റ് ഗ്ലോബൽ ഭാരവാഹികളും സമ്മേളനത്തിൽ സംസാരിച്ചു. നമ്മുടെ സമുദായം നേരിടുന്ന പ്രതിസന്ധികൾ ഭരണകൂടങ്ങൾക്കുമുന്നിലും പൊതുസമൂഹത്തിലും എത്തിക്കുംവിധമുള്ള പ്രഭാഷണങ്ങളാണ് നടന്നത്.

നമ്മുടെ അതിരൂപതയുടെ നേതൃത്വത്തിൽ കുറ്റമറ്റവിധം സംഘടിപ്പിക്കുവാൻ കഴിഞ്ഞ സമുദായ മഹാസമ്മേളനമായി ഈ വാർഷികാഘോഷം മാറി. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ ഊർജ്ജസ്വലമായ നേതൃത്വവും ബഹു. ജനറാളച്ചന്മാരുടെയും അതിരൂപതാ കേന്ദ്രത്തിലെ വൈദികരുടെയും ഫൊറോനാ വികാരിമാരുടെയും ബഹു. വൈദികരുടെയും ആത്മാർപ്പണവും കഠിനാധ്വാനവും ഈ സമ്മേളനത്തെ വൻ വിജയമാക്കി മാറ്റി. ഇടവകാജനത്തെ ഈ സമ്മേളനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തി ത്യാഗത്തോടെ ദൈവജനത്തെ സമ്മേളന നഗരിലെത്തിക്കുവാൻ ബഹു. വൈദികർ വഹിച്ച പങ്ക് വലുതാണ്. കത്തോലിക്കാ കോൺഗ്രസ് എന്ന സമുദായ സംഘടന ഏറ്റവും സജീവമായി പ്രവർത്തിക്കുന്ന തലശ്ശേരി അതിരൂപതയിലെ സമുദായസ്നേഹികളായ അത്മായ സഹോദരങ്ങളെ നന്ദിയോടെ അനുസ്മരിക്കുന്നു.

കഴിഞ്ഞ 3 മാസങ്ങളായി അഹോരാത്രം ഈ സമ്മേളനത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചത് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടറും തലശ്ശേരി അതിരൂപതാ കത്തോലിക്കാ കോൺഗ്രസിന്റെ ഡയറക്ടറുമായ ബഹു. ഫിലിപ്പ് കവിയിലച്ചനാണ്. അച്ചന്റെ സംഘാടകപാടവവും പൊതുസമൂഹത്തിലുള്ള ബന്ധവും ഈ മഹാസംഗമത്തിന്റെ വിജയത്തിന് കാരണമായി. തലശ്ശേരി അതിരൂപതയുടെ യശസ്സ് ഉയർത്തുംവിധമുള്ള പ്രവർത്തനങ്ങളാണ് അച്ചൻ കാഴ്ചവെച്ചത്. ഏവരെയും ഒരുമിച്ച് ചേർത്ത് കഠിനാധ്വാനത്തിന്റെയും ആത്മസമർപ്പണത്തിന്റെയും വഴിയിൽ ബഹു. ഫിലിപ്പച്ചൻ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങളെ ബഹുദൂരം മുന്നിലെത്തിച്ചു. പ്രിയപ്പെട്ട ഫിലിപ്പച്ചനും തലശ്ശേരി അതിരൂപതയിലെ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തകർക്കും അനുമോദനങ്ങൾ. ഒരു സമുദായമെന്ന നിലയിൽ ഒരുമിച്ച് നിന്ന് മാത്രമേ ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നമുക്ക് നേരിടാനും അതിജീവിക്കാനും കഴിയുകയുള്ളൂ എന്ന ബോധ്യം ദൈവജനത്തിന് നല്കുവാൻ ഈ വാർഷികാഘോഷം നിമിത്തമായി. നമ്മുടെ പരിശ്രമങ്ങളെ വിജയിപ്പിക്കുന്ന ദൈവത്തിന് നമുക്ക് നന്ദി പറയാം.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

## സാൻജോസ് തീർത്ഥാടനം - പനത്തടി

തലശ്ശേരി അതിരൂപതയുടെ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മരണത്തിരുനാളിനോടനുബന്ധിച്ച് പനത്തടി സെന്റ് ജോസഫ്സ് തീർത്ഥാടന ദൈവലയത്തിലേക്ക് നടത്തിയ രണ്ടാമത് സാൻജോസ് തീർത്ഥാടനം 2026 മാർച്ച് 18, 19 തീയതികളിലായി നടന്നു. കാഞ്ഞങ്ങാട്, കാസർഗോസ്, പനത്തടി, മാലോം, വെള്ളരിക്കുണ്ട് എന്നീ അഞ്ച് ഫൊറോനകളിലെ ദൈവജനത്തിന്റെ പങ്കാളിത്തത്തോടെ നടന്ന തീർത്ഥാടനത്തിൽ നാലായിരത്തോളം തീർത്ഥാടകർ പങ്കെടുത്തു. കഴിഞ്ഞ വർഷം നടന്ന തീർത്ഥാടനത്തിന്റെ ആവേശത്തിന് തെല്ലും കുറവില്ലാതെ ധാരാളം ആളുകൾ തീർത്ഥാടനത്തിൽ പങ്കുചേരാനെത്തിയത് തലശ്ശേരി അതിരൂപതയ്ക്കു മുഴുവൻ ആത്മീയ ഉണർവ്വിന് കാരണമായി.

2026 മാർച്ച് 18 ന് വൈകുന്നേരം 6 മണിക്ക് മാലോം ഫൊറോനയിലെ ദൈവജനം മാലോം സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ ഒരുമിച്ച് ചേരുകയും വി. കുർബ്ബാനയും, ദിവ്യകാരുണ്യ ആരാധനയും, വചനശുശ്രൂഷയും, വി. കുമ്പസാരവും ഉൾപ്പെടെയുള്ള സാൻജോസ് നൈറ്റിനുശേഷം രാത്രി 9 മണിയോടെ പനത്തടിയിലേക്ക് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ തീർത്ഥാടനം ആരംഭിക്കുകയും ചെയ്തു. മാലോം സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ നടന്ന സാൻജോസ് നൈറ്റിന് മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനും ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ബഹു. ജോർജ് കോവാട്ട് അച്ചനും നേതൃത്വം നൽകി.

പടുപ്പ് സെന്റ് ജോർജ് പള്ളിയിൽ ബുധനാഴ്ച രാത്രി 9 മണിക്ക് ആരംഭിച്ച സാൻജോസ് നൈറ്റിന് വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ അച്ചൻ നേതൃത്വം നൽകി. തുടർന്ന് രാത്രി 12 മണിയോടെ കാസർഗോഡ് ഫൊറോനയിൽനിന്നുള്ള തീർത്ഥാടകർ ഒരുമിച്ച് പനത്തടിയിലേക്ക് തീർത്ഥാടനം ആരംഭിച്ചു. പാണത്തൂർ സെന്റ് മേരീസ് ദൈവാലയത്തിൽ നടന്ന സാൻജോസ് നൈറ്റിന് അതിരൂപതാ വൊക്കേഷൻ പ്രോമോട്ടർ ബഹു. കുര്യാക്കോസ് പ്ലാവുനിൽക്കുപറമ്പിലച്ചൻ നേതൃത്വം നൽകി. തുടർന്ന് 12 മണിക്ക് പനത്തടിയിലേക്ക് തീർത്ഥാടനം ആരംഭിച്ചു. കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട് ഫൊറോന

കളിലെ തീർത്ഥാടകർ ബുധനാഴ്ച രാത്രി 9 മണിക്ക് പടിമരുത് സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ ഒരുമിച്ച് ചേരുകയും സാൻജോസ് നൈറ്റിനുശേഷം രാത്രി 12 മണിക്ക് പനത്തടിയിലേക്ക് തീർത്ഥാടനം ആരംഭിക്കുകയും ചെയ്തു. പടിമരുത് സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ നടന്ന സാൻജോസ് നൈറ്റിന് പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചനും ചാൻസലർ റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേലച്ചനും നേതൃത്വം നൽകി. മാലോത്തുനിന്ന് 17 കിലോമീറ്ററും പടിമരുത്, പടുപ്പ്, പാണത്തൂർ ഇടവകകളിൽ നിന്ന് 14 കിലോമീറ്ററും നടന്നാണ് തീർത്ഥാടകർ 19-ാം തീയതി പുലർച്ചെ 3 മണിക്ക് പനത്തടി സെന്റ് ജോസഫ് ഫൊറോനാ തീർത്ഥാടനാലയത്തിൽ എത്തിച്ചേർന്നത്.

പുലർച്ചെ 4 മണിക്ക് നടന്ന ദിവ്യബലിയിൽ അഭി. മാർ ജോസഫ് പാംപ്ലാനി പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. മോൺ. ആന്റണി മുതുകുന്നേൽ, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, ഫാ. ജോസഫ് മുട്ടത്തുകുന്നേൽ ഫാ. ജോസഫ് തൈക്കുന്നുംപുറം, ഫാ. ജോസ് വെട്ടിക്കൽ, ഫാ. ജോസഫ് വാരണത്ത്, ഫാ. ലൂയി മരിയദാസ് എന്നിവരും 75 ഓളം വൈദികരും സഹകാർമ്മികരായി. 200 ഓളം സിസ്റ്റേഴ്സ് തീർത്ഥാടനത്തിൽ പങ്കുചേർന്നു.

സാൻജോസ് തീർത്ഥാടത്തിന് നേതൃത്വം നല്കിയത് അഭിവന്ദ്യ പാംപ്ലാനി പിതാവായിരുന്നു. ഈ തീർത്ഥാടനത്തെ ഇത്രത്തോളം ജനകീയമാക്കിയത് പിതാവിന്റെ സാന്നിധ്യവും നേതൃത്വവുമാണ്. ത്യാഗത്തോടെ ദൈവജനത്തോടൊപ്പം നടന്ന ഇടയന്റെ സാന്നിധ്യം ദൈവജനത്തിന് ആവേശം നൽകി. അഭിവന്ദ്യ പിതാവിനെ നന്ദിയോടെ അനുസ്മരിക്കുന്നു. ആത്മാർത്ഥയോടെയും ഊർജ്ജസ്വലതയോടെയും നേതൃത്വശുശ്രൂഷ നിർവ്വഹിക്കുന്ന ബഹു. ജനറാൾ അച്ചന്മാർക്കും അതിരൂപതാ കേന്ദ്രത്തിലെ ബഹു. വൈദികർക്കും ഹൃദയം നിറഞ്ഞ നന്ദി. ഫൊറോനാ വികാരിമാരായ ബഹു. ജോൺസൺ അന്ത്യാംകുളം അച്ചനെയും ബഹു. ജോസ് തൈക്കുന്നുംപുറം അച്ചനെയും ബഹു. ജോർജ് കളപ്പുര അച്ചനെയും ബഹു. ജോർജ് വള്ളിമല അച്ചനെയും വെള്ളരിക്കുണ്ട്, മാലോം, കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി ഫൊറോനയിലെ ബഹു. വൈദികരെയും നന്ദിയോടെ ഓർക്കുന്നു. പ്രിയപ്പെട്ട വൈദികരെ, ഈ തീർത്ഥാടനത്തെ കുറിച്ച് ദൈവജനത്തെ അറിയിക്കുകയും അവരുടെ ഒപ്പം ത്യാഗത്തോടെ, നിങ്ങൾ തീർത്ഥാ

ടനം നടത്തിയതുകൊണ്ടുമാണ് ഈ തീർത്ഥാടനത്തിന് ഇത്രത്തോളം ജനപങ്കാളിത്തമുണ്ടായത്. നിങ്ങളുടെ ത്യാഗത്തിന് ഹൃദയം നിറഞ്ഞ നന്ദി.

സാൻജോസ് നൈറ്റിനു വേണ്ട ക്രമീകരണങ്ങൾ നടത്തിയ ബഹു. ജോസ് തൈക്കുന്നുംപുറം അച്ചനെയും ബഹു. ജോസഫ് വാരണത്ത് അച്ചനെയും ബഹു. ജോസഫ് പന്തലാടിക്കൽ അച്ചനെയും ബഹു. സെബാസ്റ്റ്യൻ അമ്പാട്ട് അച്ചനെയും നന്ദിയോടെ ഓർമ്മിക്കുന്നു.

പനത്തടി ഫൊറോന വികാരി ബഹു. ജോസഫ് പൂവത്തോലിൽ അച്ചനെയും അസി. വികാരി ബഹു. ജോർജ് ആലപ്പാട്ടുകുന്നേൽ അച്ചനെയും ബഹു. സിസ്റ്റേഴ്സിനെയും ഇടവകാംഗങ്ങളെയും നന്ദിയോടെ ഓർമ്മിക്കുന്നു. തീർത്ഥാടകരെ സ്വീകരിക്കാൻ കുറ്റമറ്റ ക്രമീകരണമാണ് പനത്തടിയിൽ ഒരുക്കിയിരുന്നത്. പനത്തടി ഇടവകാസമൂഹത്തെ ഒരു വലിയ തീർത്ഥാടക സമൂഹത്തെ സ്വീകരിക്കാൻ കഴിയും വിധം ഒരുക്കിയ ബഹു. പൂവത്തോലിൽ അച്ചനും കമ്മറ്റി അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി. 'യൗസേപ്പിന്റെ പക്കലേക്ക് പോകുവിൻ' എന്ന തിരുവചനം ഹൃദയത്തിലേറ്റ് വി. യൗസേപ്പിതാവിനോടുള്ള കുടിയേറ്റ ജനതയുടെ ഭക്തിയും സ്നേഹവും വെളിപ്പെട്ട അനുഗ്രഹീതമായ അവസരമായി സാൻജോസ് തീർത്ഥാടനം മാറി.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# വൈദികക്ഷേമം

**A. ഇൻഷുറൻസ്**

1. 2025 ജൂൺ 28ന് കൂടിയ വൈദിക സമ്മേളനത്തിന്റെ തീരുമാനപ്രകാരം സ്റ്റാർ ഹെൽത്ത് മെഡിക്കൽ ഇൻഷുറൻസ് പദ്ധതി അവസാനിച്ചു. 2026 ഏപ്രിൽ ഒന്ന് മുതൽ പൊതുവായ മെഡിക്കൽ ഇൻഷുറൻസ് നമുക്ക് ഉണ്ടായിരിക്കുന്നതല്ല.
2. എന്നാൽ, 70 വയസ്സ് മുതൽ 80 വയസ്സ്വരെയുള്ളവരുടെ സ്റ്റാർ ഹെൽത്ത് ഗ്രൂപ്പ് പോളിസി നിലവിലുണ്ട്. ഈ ഗ്രൂപ്പിൽ ഉള്ളവർക്ക് തുടർന്നും ഇൻഷുറൻസ് ലഭ്യമാണ്.
3. കൂടാതെ 70 വയസ്സിനു മുകളിലുള്ളവർക്കു ആയുഷ്മാൻ ഭാരത് പോളിസിയും നിലവിലുണ്ട്.

**B. ഒരു സന്തോഷ വാർത്ത**

1. നമ്മുടെ അതിരൂപതാ വൈദികർ കരുവഞ്ചാൽ ഹോസ്പിറ്റലിൽ ചികിത്സക്കായി ചെല്ലുമ്പോഴും മരുന്ന് വാങ്ങുമ്പോഴും ഇനി മുതൽ പണം അടക്കേണ്ടതില്ലെന്ന് അഭിവന്ദ്യ പിതാവ് പ്രഖ്യാപിച്ചു. ആകയാൽ cashless ചികിൽസാ സൗകര്യം കരുവഞ്ചാൽ ഹോസ്പിറ്റലിൽ നിന്നും ലഭിക്കുന്നതാണ്.
2. എല്ലാവിധ ചികിത്സാസൗകര്യവും കരുവഞ്ചാൽ ഹോസ്പിറ്റലിൽ ലഭ്യമായതുകൊണ്ട്, ചികിത്സക്ക് നമ്മുടെ ഹോസ്പിറ്റലിൽ തന്നെ പോകുക.

**C. ചികിത്സ ചെലവുകൾ**

1. ഇതര ഹോസ്പിറ്റൽ ചികിത്സ ചെലവുകൾ സമർപ്പിക്കുമ്പോൾ, അതാതുവർഷം തന്നെ ബില്ലുകൾ വൈദികക്ഷേമ ഓഫീസിൽ സമർപ്പിക്കുവാൻ ശ്രദ്ധിക്കണം.
2. ബിൽ, തീയതി, ബിൽ നമ്പർ, തുക എന്നിവ കൃത്യമായി ഒരു വെള്ള പേപ്പറിൽ എഴുതി ബില്ലുകൾക്കൊപ്പം പിൻ ചെയ്ത് ഓഫീസിൽ സമർപ്പിക്കുക.
3. എല്ലാ പണമിടപാടുകളും ബാങ്ക് അക്കൗണ്ടുകൾ വഴി മാത്രം നടത്തുന്നതിനാൽ നിങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങളും കൃത്യമായി ഓഫീസിൽ നൽകണം.
4. അലോപ്പതി ചികിത്സക്ക് മാത്രമാണ് അതിരൂപത ചികിത്സാചിലവുകൾ നൽകുന്നത്.

**D. P.P.F**

1. PPF ലേയ്ക്കുള്ള ഇടവകാ വിഹിതം 41 ഇടവകകളിൽനിന്നും വ്യക്തി വിഹിതം 61 വൈദികരിൽനിന്നും ഇനിയും ലഭിക്കാനുണ്ട്. 2026 ഏപ്രിൽ 15-നകം 2025 ലെ ഇടവക വ്യക്തി വിഹിതങ്ങൾ കുടിശ്ശിക തീർത്തു അടക്കുമല്ലോ.
2. വ്യക്തിവിഹിതം കുടിശ്ശിക ഉള്ളവർക്ക് ചികിത്സാ ആനുകൂല്യത്തിന് അർഹത ഇല്ലെന്ന കാര്യം ഓർമ്മയിൽ സൂക്ഷിക്കുമല്ലോ.
3. തുകകൾ അടക്കേണ്ടത്:

   PPF ASSOCIATION ARCHDIOCESE OF THALASSERY
   A/C NO : 0078053000072392
   IFSC : SIBL0000078
   SOUTH INDIAN BANK, THALASSERY
4. തുക ബാങ്കിൽ നിക്ഷേപിച്ചതിന്റെ തെളിവായി സ്ക്രീൻ ഷോട്ടും, ഇടവകയുടെ/വ്യക്തികളുടെ പേരും PPF ന്റെ ഫോൺ നമ്പറിലേക്ക് അയക്കേണ്ടതാണ്. (**Mob. 8330870228**)
5. രോഗം മൂലം ഹോസ്പിറ്റലിൽ അഡ്മിറ്റ് ആകുമ്പോൾ ആ കാര്യം ജനറാളച്ചൻമ്മാരെ അറിയിക്കേണ്ടതാണ്.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# സെമിനാരി വാർത്തകൾ

**അഭിനന്ദനങ്ങൾ**

**മ്ശംശാനപട്ടം:** തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി പരിശീലനം നേടി ക്കൊണ്ടിരിക്കുന്ന 15 പേരിൽ 12 വൈദികാർത്ഥികൾ മാർച്ച് മാസം 21–ാം തീയതി ശനിയാഴ്ച തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ, അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിൽ നിന്നും ഡീക്കൻ പട്ടം സ്വീകരിച്ചു.

സത്നാ മേജർ സെമിനാരിയിൽ പഠിക്കുന്ന രണ്ടു വൈദികാർത്ഥികൾ ഡിസംബറിൽ ഡീക്കൻ പട്ടം സ്വീകരിച്ചിരുന്നു. ഒരാൾ റോമിൽ ദൈവശാസ്ത്ര പഠനത്തിൽ മുന്നേറുന്നു. പൗരോഹിത്യ സ്വീകരണത്തിലേക്ക് ഒരു പടികൂടി അടുക്കുമ്പോൾ ക്രിസ്തുവിന്റെ ഹൃദയത്തിനൊത്ത പുരോഹിതരാകാൻ പ്രാർത്ഥിക്കാം.

| പേര് | ഇടവക |
|---|---|
| 1. എബ്രഹാം പള്ളിവാതുക്കൽ | തലശ്ശേരി |
| 2. ഫ്രാൻസിസ് തുണ്ടത്തിൽ | മാലോം |
| 3. അബ്രാഹം വാരണത്ത് | ഭീമനടി |
| 4. ജോസഫ് വേങ്ങതടത്തിൽ | പുളിങ്ങോം |
| 5. ജോസഫ് കറുത്തേടത്ത് | ഒറ്റത്തൈ |
| 6. മാത്യു മണ്ണൂർ | പൈസക്കരി |
| 7. ജോർജ് മുടക്കാലിൽ | മാട്ടറ |
| 8. ജോർജ് പുതിയാപറമ്പിൽ | പാന്തൻപാറ |
| 9. അഗസ്റ്റിൻ പറേടം | പടുപ്പ് |
| 10. തോമസ് കരയാറ്റ് | മാമ്പൊയിൽ |
| 11. തോമസ് ഉപ്പുകുന്നേൽ | വട്ട്യറ |
| 12. വർഗീസ് പഴയവീട്ടിൽ | ചെറുപുഴ |

**2. അവധിക്കാല ധ്യാനങ്ങൾ, സേവനങ്ങൾ**

വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന നമ്മുടെ അതിരൂപതയിലെ വൈദികാർത്ഥികളുടെ അവധി മാർച്ച് മാസത്തിൽ ആരംഭിച്ചു. ഇടവകയിൽ കുട്ടികൾക്ക് ധ്യാനങ്ങൾ, ക്ലാസ്സുകൾ, സെമിനാറുകൾ, ഇടവകയിലെ ആത്മസ്ഥിതി തയ്യാറാക്കൽ തുടങ്ങിയ ശുശ്രൂഷകൾ ചെയ്യുവാൻ ബ്രദേഴ്സ് അവധിക്കാലത്ത് സജ്ജരാണ്. ഇത്തരത്തിലുള്ള സേവനങ്ങൾ ആവശ്യമുള്ള ഇടവകകൾ മുൻകൂട്ടി മൈനർ സെമിനാരി റെക്ടറച്ചനെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. ദൈവവിളിക്യാമ്പ് - 2026**

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് ഏപ്രിൽ 12, 13, 14 തീയതികളിലാണ് ക്രമീകരിച്ചിരിക്കുന്നത്. കുട്ടികളിലെ ദൈവവിളി കണ്ടെത്താനും പരിപോഷിപ്പിക്കാനുമുള്ള ഈ ക്യാമ്പിലേക്ക് ഇടവകകളിൽ നിന്നും എസ്.എസ്.എൽ.സി, +2 കഴിഞ്ഞ, താല്പര്യമുള്ള, എല്ലാ കുട്ടികളെയും പറഞ്ഞയയ്ക്കുമല്ലോ. എല്ലാവരുടേയും സമ്പൂർണ്ണമായ സഹകരണം ക്യാമ്പിന്റെ വിജയത്തിനായി അഭ്യർത്ഥിക്കുന്നു.

**ക്യാമ്പ് തീയതികൾ : ഏപ്രിൽ 12, 13, 14**
**ഏപ്രിൽ 12 ഞായറാഴ്ച 4 മണിക്ക് ആരംഭിക്കുന്നു**
**ഏപ്രിൽ 14 ചൊവ്വാഴ്ച ഉച്ചക്ക് 1 മണിക്ക് അവസാനിക്കുന്നു**

**ക്യാമ്പ് നടക്കുന്ന സ്ഥലങ്ങൾ - ആൺകുട്ടികൾക്ക്**

| | *സ്ഥലം* | *പങ്കെടുക്കേണ്ട ഫൊറോനകൾ* |
|---|---|---|
| 1 | IMS ധ്യാനകേന്ദ്രം, പേരട്ട | പേരാവൂർ, കുന്നോത്ത്, എടൂർ, മണിക്കടവ് നെല്ലിക്കാംപൊയിൽ |
| 2 | വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്, ചെമ്പേരി | പൈസക്കരി, ചെമ്പേരി, വായാട്ടുപറമ്പ് ചെമ്പന്തൊട്ടി, ആലക്കോട്, മേരിഗിരി തളിപ്പറമ്പ |
| 3 | ചട്ടമല | ചെറുപുഴ, തോമാപുരം, മാലോം കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി വെള്ളരിക്കുണ്ട് |

**ക്യാമ്പ് നടക്കുന്ന സ്ഥലം - പെൺകുട്ടികൾക്ക്**

| | |
|---|---|
| ദർശന ധ്യാനകേന്ദ്രം പുഷ്പഗിരി, തളിപ്പറമ്പ | എല്ലാ ഫൊറോനകളിൽ നിന്നുള്ള പെൺകുട്ടികൾ |

**റീജണൽ ക്യാമ്പിനെ സംബന്ധിച്ചുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

1. റീജണൽ ക്യാമ്പ് ആരംഭിക്കുന്നത് ഏപ്രിൽ 12 ഞായറാഴ്ച വൈകിട്ട് 4 മണിക്കായിരിക്കും.
2. ക്യാമ്പിൽ പങ്കെടുക്കുന്നവർ വികാരിയച്ചന്റെ കത്തുമായി വരേണ്ടതാണ്.

3. സെമിനാരിയിലും കോൺവെന്റുകളിലും ചേരുവാൻ താല്പര്യമുള്ള കുട്ടികളെ നിർബന്ധമായും ക്യാമ്പിൽ പറഞ്ഞുവിടണം. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് മാത്രമേ അതിരൂപതയിൽ നിന്നുള്ള NOC ലഭിക്കുകയുള്ളൂ. അതിരൂപതയ്ക്കുവേണ്ടി നല്ല കുട്ടികളെ കണ്ടെത്തുകയും, നമ്മുടെ മൈനർ സെമിനാരിയിൽ ചേരാനുള്ള കുട്ടികളുടെ പേരുകൾ ക്യാമ്പിന് കത്തു കൊടുത്തുവിടുമ്പോൾ പ്രത്യേകമായി സൂചിപ്പിക്കുകയും ചെയ്യുമല്ലോ.
4. ക്യാമ്പ് ഫീസ് 500 രൂപയായിരിക്കും
5. വൊക്കേഷൻ പ്രമോട്ടേഴ്സിന് ക്യാമ്പ് സന്ദർശിക്കാനുള്ള സമയം ഏപ്രിൽ 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 മണി മുതൽ 11 മണി വരെ ആണ്. മറ്റ് ദിവസങ്ങളിൽ സന്ദർശനം അനുവദിക്കുകയില്ല.
6. ക്യാമ്പ് അവസാനിക്കുന്നത് ഏപ്രിൽ 14-ാം തീയതി ചൊവ്വാഴ്ച ഉച്ചക്ക് 1 മണിക്ക് ആയിരിക്കും.

**പെൺകുട്ടികളുടെ ക്യാമ്പ്**

പെൺകുട്ടികളുടെ ദൈവവിളി പ്രോത്സാഹിപ്പിക്കുക എന്നത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. അതുകൊണ്ട് ഈ വർഷം ദർശന ധ്യാന കേന്ദ്രത്തിൽ വച്ച് നടത്തുന്ന പെൺകുട്ടികളുടെ ക്യാമ്പിലേക്ക് സാധിക്കുന്നിടത്തോളം കുട്ടികളെ പറഞ്ഞയക്കുമല്ലോ. ജീവിതദർശന ക്യാമ്പായിട്ടാണ് പെൺകുട്ടികളുടെ ക്യാമ്പ് നടത്തുന്നത്. ആയതിനാൽ 9 മുതൽ 12 വരെ പഠിക്കുന്ന പെൺകുട്ടികളെ ഈ ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കാവുന്നതാണ്. ക്യാമ്പ് ഫീസ് 500 രൂപയായിരിക്കും. ഒരു ഇടവകയിൽ നിന്നും കുറഞ്ഞത് 2 പെൺകുട്ടികളെയെങ്കിലും ക്യാമ്പിന് പങ്കെടുപ്പിക്കുവാൻ ബഹു. വൈദികരും സിസ്റ്റേഴ്സും താല്പര്യപ്പെടുമല്ലോ.

**അതിരൂപതാ മൈനർ സെമിനാരി സെലക്ഷൻ ക്യാമ്പ്**

- ഏപ്രിൽ 18 മുതൽ 21 വരെയുള്ള തീയതികളിൽ തലശ്ശേരി മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു.
- ഏപ്രിൽ 18 ശനിയാഴ്ച വൈകുന്നേരം 04 മണിക്ക് ആരംഭിച്ച് ഏപ്രിൽ 21 ചൊവ്വാഴ്ച രാവിലെ 8 മണിക്ക് അവസാനിക്കുന്നു.
- നമ്മുടെ മൈനർ സെമിനാരിയിലേക്കുള്ള സെലക്ഷൻ ക്യാമ്പിന് ഫീസ് ഉണ്ടായിരിക്കുകയില്ല.
- ഈ വർഷവും മിടുക്കന്മാരായ നല്ല കുട്ടികളെ നമ്മുടെ അതിരൂപത മൈനർ സെമിനാരിയിൽ ചേരുവാൻ പറഞ്ഞയക്കുമല്ലോ.

**ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ**
*വൊക്കേഷൻ പ്രൊമോട്ടർ*
9400652328

**റവ. ഡോ. തോമസ് മേൽവെട്ടത്ത്**
*റെക്ടർ*
9447853524

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

ആത്മീയജീവിതത്തിന്റെ വസന്തകാലം എന്നു വിശേഷിപ്പിക്കുന്ന നോമ്പിന്റെ ദിനങ്ങളിലാണല്ലോ നാം. ഈശോയുടെ പെസഹാരഹസ്യത്തിന്റെ ആചരണത്തിനും ഉയിർപ്പുതിരുനാളിന്റെ ആഘോഷത്തിനും വേണ്ടിയുള്ള ഒരുക്കത്തിന്റെയും തപസ്സിന്റെയും കാലമാണ് 50 നോമ്പിന്റെ ദിനങ്ങൾ. വചനവായനയിലൂടെയും പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും ഈശോയെ അനുകരിക്കുവാനുള്ള അവസരമായി നോമ്പിന്റെ ദിനങ്ങളെ നമുക്ക് പ്രയോജനപ്പെടുത്താം.

**1. വാർഷികപരീക്ഷ I - XI – ഏപ്രിൽ 11 ശനിയാഴ്ച**

1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 11 ശനിയാഴ്ച രാവിലെ 9.30 മണി മുതൽ 11.30 മണിവരെ** ആയിരിക്കും. പരീക്ഷയ്ക്ക് പാഠപുസ്തകത്തിലേയും ഉപപാഠപുസ്തകത്തിലേയും എല്ലാ അദ്ധ്യായങ്ങളിൽ നിന്നും ക്രിസ്തുമസ് പരീക്ഷയ്ക്കുശേഷമുള്ള മതബോധന മണിക്കൂറിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**2. മാർക്ക് വിഭജനം**

**ക്ലാസ്സ് 1–3**

| | |
|---|---|
| പാഠപുസ്തകം | – 50 മാർക്ക് |
| ഉപപാഠം | – 20 മാർക്ക് |

**ക്ലാസ്സ് 4–11**

| | |
|---|---|
| പാഠപുസ്തകം | – 50 മാർക്ക് |
| ഉപപാഠം | – 10 മാർക്ക് |
| നമസ്ക്കാരം | – 05 മാർക്ക് |

ജനറൽ ചോദ്യങ്ങൾ + മതബോധന മണിക്കൂർ – 05 മാർക്ക്

**3. ജനറൽ ചോദ്യങ്ങൾ**

ഈസ്റ്റർ പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ, നമസ്ക്കാരങ്ങൾ, പ്രധാനാധ്യാപകരുടെയും വിശ്വാസപരിശീലകരുടെയും വാട്സ്ആപ്പ് ഗ്രൂപ്പുവഴി നൽകുന്നതാണ്. അധ്യാപകർ ജനറൽ ചോദ്യങ്ങളും നമസ്ക്കാരങ്ങളും കുട്ടികൾക്ക് നല്കി അവരെ പരീക്ഷയ്ക്ക് ഒരുക്കേണ്ടതാണ്.

**4. സ്കോളർഷിപ്പ് പരീക്ഷ**

നാല്, ഏഴ്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കും. ▶ ഉത്തര പേപ്പറുകൾ ഫൊറോനാ തലത്തിൽ മൂല്യ നിർണ്ണയം നടത്തി **ഏറ്റവും കൂടുതൽ മാർക്ക് നേടിയ രണ്ട് ഉത്തരപേപ്പറു കൾ ഏപ്രിൽ 16 വ്യാഴാഴ്ചക്കുള്ളിൽ** വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ എത്തിക്കേണ്ടതാണ്. ▶ അതിരൂപതാതലത്തിലുള്ള സ്കോളർഷിപ്പ് ഫലം പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ ഫൊറോനാതലത്തിലുള്ള ഫലം പ്രസിദ്ധപ്പെടുത്താവൂ.

**5. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ്**

2025-2026 പ്രവർത്തനവർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരുന്ന അധ്യയന വർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്ന തിനും വിശ്വാസോത്സവ വർക്കുബുക്കുകൾ വിതരണം ചെയ്യുന്നതിനുമായി മാർച്ച് 16, 17, 18 തീയതികളിൽ ബഹു. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ് 19 ഫൊറോനകളിലും അതിരൂപത ഡയറക്ടർ അച്ചന്റെ അദ്ധ്യക്ഷ തയിൽ നടത്തി. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ ഹെഡ്മാസ്റ്റർമാർക്കും നന്ദി.

**6. ഡിപ്ലോമ പുനർമൂല്യനിർണ്ണയം - സേ പരീക്ഷ**

ഡിപ്ലോമ പരീക്ഷാഫലം മാർച്ച് 19 വ്യാഴാഴ്ച പ്രസിദ്ധപ്പെടുത്തി. ഉത്തരപേപ്പർ പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷ സ്വീകരിക്കുന്ന അവ സാന തീയതി ഏപ്രിൽ 1 ബുധനാഴ്ച ആയിരിക്കും. സേ-പരീക്ഷ ഏപ്രിൽ 11 ശനിയാഴ്ച അതാത് ഫൊറോന സെന്ററുകളിൽവച്ച് നടത്തുന്നതാണ്. രോഗം മൂലമോ മറ്റേതെങ്കിലും ഗൗരവമായ കാരണങ്ങളാലോ ജനുവരി 26-ന് നടത്തിയ പരീക്ഷ എഴുതാൻ സാധിക്കാതെപോയ കുട്ടികൾക്ക് 2026 ഏപ്രിൽ 11-ന് നടത്തുന്ന സേ പരീക്ഷയുടെ ദിവസം പരീക്ഷ എഴുതാവുന്നതാണ്.

**7. ഡിപ്ലോമ റിസൾട്ട് 2025-2026**

തലശ്ശേരി അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രം 2025-2026 പ്രവർ ത്തനവർഷത്തിൽ പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികൾക്കായി നടത്തിയ സൺഡേ സ്കൂൾ ഡിപ്ലോമാ പരീക്ഷാഫലം തലശ്ശേരി കത്തീഡ്രൽ പള്ളി യിൽ വച്ച് അതിരൂപതാദ്ധ്യക്ഷൻ ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പ്രഖ്യാപിച്ചു. 209 സൺഡേ സ്കൂളുകളിൽ 188 സൺഡേസ്കൂളുകൾ നൂറ് ശതമാനം വിജയം കരസ്ഥമാക്കി. 3105 കുട്ടികൾ പങ്കെടുത്ത ഡിപ്ലോമ പരീക്ഷയിൽ 2997 കുട്ടികൾ ഡിപ്ലോമയ്ക്കും 65 കുട്ടികൾ കോഴ്സ് സർട്ടിഫിക്കറ്റിനും അർഹരായി.

| Diploma Rank list 2025-2026 | | | | |
|---|---|---|---|---|
| 1. Ann Rose Anthinattu | Vijayagiri | Alakode | 1st Rank | 100 |
| 2. Powell Paul Kalassiyil | Pariyaram | Taliparamba | 2nd Rank | 99 |
| 3. Ann Mariya Arackal | Mundanoor | Manikkadavu | 3rd Rank | 98 |

| Forane Rank List | | |
|---|---|---|
| **Name** | **Parish** | **Forane** |
| 1. Ann Rose Anthinattu | Vijayagiri | Alakode |
| 2. Irwin Kollamparambil | Naduvil | Chempanthotty |
| 3. Richu Lucia Elamthuruthipadavil | Pooparamba | Chemperi |
| 4. Ann Mariya Alakkalath | Kozhichal | Cherupuzha |
| 5. Maria Sandra Parambukattil | Edoor | Edoor |
| 6. Noja Mariya Vinoj Ponnamkudath | Kanhangad | Kanhangad |
| 7. Alphonsa Amy Siby Chilambil | Kasargod | Kasargod |
| 8. Amala Rose Babu Nettikkattu | Charal | Kunnoth |
| 9. Angel Mariya Vettickathadathil | Paramba | Malome |
| 10. Ann Mariya Arackal | Mundanoor | Manikkadavu |
| 11. Rony James Vettikkathadathil | Edakkome | Marygiri |
| 12. Maria Rose J Kannampuzha | Puravayal | Nellickampoil |
| 13. Angel Mariya Thottumgal | Ettupara | Paisakkary |
| 14. Francis Chakeyarath | Kottody | Panathady |
| 15. Joseph Illimoottil | Chettiyamparamba | Peravoor |
| 16. Powell Paul Kalassiyil | Pariyaram | Taliparamba |
| 17. Aleena John Kandathinkarayil | Varakkad | Thomapuram |
| 18. Alphonsa Nedumchalil | Alphonsagiri | Vayattuparamba |
| 19. Rose Mariya Chembakathunkal | Punnakkannu | Vellarikkundu |

**8. പരീക്ഷാ സൂപ്പർവൈസർമാർ**

ഏപ്രിൽ 11 ശനിയാഴ്ച നടക്കുന്ന ഈസ്റ്റർ പരീക്ഷയ്ക്കുള്ള സൂപ്പർവൈസർമാരെ ഫൊറോന പ്രസിഡണ്ടുമാർ തെരഞ്ഞെടുത്തയക്കുമല്ലോ.

**9. ASPCT പരീക്ഷ**

ആസ്പെക്ട് എഴുത്തുപരീക്ഷ പരീക്ഷ **മാർച്ച് 15 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മണി മുതൽ 3 മണിവരെ** നടത്തി. 2749 അധ്യാപകർ പരീക്ഷയിൽ പങ്കെടുത്തു. എല്ലാവർക്കും അഭിനന്ദനങ്ങൾ.

**10 സഭാവിജ്ഞാനീയ ക്വിസ് വിജയികൾ**

മാർച്ച് 20 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെയുള്ള സമയത്ത് തളിപ്പറമ്പിൽവച്ച് വിശ്വാസപരിശീലകർക്കുവേണ്ടി സഭാവിജ്ഞാനീയ

ക്വിസ് നടത്തി. മോളി മാത്യു കാരക്കടയിൽ, ജയഗിരി ഒന്നാം റാങ്കിനും ജോസഫ് കലയത്തിനാംകുഴി, കരിക്കോട്ടക്കരി രണ്ടാം റാങ്കിനും ബിൻസി ജോസഫ് വല്ലനാട്ട്, വിജയഗിരി മൂന്നാം റാങ്കിനും സിബി ജോസഫ് ഇലവും കുന്നേൽ, ആലക്കോട്, ശ്രിജിൽ ജോസഫ് വടകര, കാഞ്ഞിരടുക്കം എന്നിവർ നാലാം റാങ്കിനും അർഹരായി.

**11. വിശ്വാസോത്സവം**

2026 ഏപ്രിൽ 9 വ്യാഴാഴ്ച നിയമസഭയിലേക്കുള്ള ഇലക്ഷൻ ദിവസമായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ വിശ്വാസോത്സവത്തിന്റെയും ഈസ്റ്റർ പരീക്ഷയുടെയും നേരത്തെ നിശ്ചയിച്ച തീയതികൾ മാറ്റേണ്ടതായി വന്നിരിക്കുന്നു. വിശ്വാസോത്സവത്തിന്റെയും ഈസ്റ്റർ പരീക്ഷയുടെയും പുതുക്കിയ തീയതികൾ അറിയിക്കുന്നു.

| | |
|---|---|
| ഏപ്രിൽ 6 തിങ്കൾ | 9 am - 3.30 pm |
| ഏപ്രിൽ 7 ചൊവ്വ | 9 am - 3.30 pm |
| ഏപ്രിൽ 8 ബുധൻ | 9 am - 3.30 pm |
| ഏപ്രിൽ 10 വെള്ളി | 9 am - 3.30 pm |
| ഏപ്രിൽ 11 ശനി | ഈസ്റ്റർ പരീക്ഷ : 9.30 am - 11.30 am |

ഇലക്ഷൻ ആവശ്യങ്ങൾക്കായി സ്കൂൾ കെട്ടിടങ്ങൾ വിട്ടു നൽകേണ്ട ഇടവകകളിൽ വിശ്വാസോത്സവം മൂന്നു ദിവസങ്ങളിലായി ചുരുക്കേണ്ടി വന്നാൽ ഈ ഇടവകകളിൽ ഓരോ ദിവസവും കൂടുതൽ സമയം ഉപയോഗിച്ച് വർക്ക് ബുക്കിലെ നാലു ദിവസത്തെയും പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതാണ്. ഇലക്ഷൻ ഡ്യൂട്ടികൾക്കായി വിശ്വാസപരിശീലകരിൽ ചിലർക്ക് പോകേണ്ടിവരുമെന്ന സാഹചര്യം മുൻകൂട്ടി കണ്ടു യോഗ്യരായ മറ്റ് ആൾക്കാരെ കണ്ടെത്തി വേണ്ട പരിശീലനം നൽകി ക്ലാസുകൾ എടുക്കാൻ നിയോഗിക്കേണ്ടതാണ്. ഉച്ചഭക്ഷണം കൊണ്ടുവരാൻ കുട്ടികളോട് നിർദ്ദേശിക്കുകയും ഒരു ദിവസമെങ്കിലും പള്ളിയിൽ നിന്നും ഭക്ഷണം നൽകുകയും ചെയുന്നത് നല്ലതാണ്. നമ്മുടെ അതിരൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലും, മേൽ സൂചിപ്പിച്ച പ്രകാരം, വിശ്വാസോത്സവം നടത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. വിശ്വാസോത്സവത്തിന്റെ ദിവസങ്ങളുടെ എണ്ണം, സമയദൈർഘ്യം (6 മണിക്കൂർ) എന്നിവ കുറയ്ക്കാൻ പാടില്ല. എല്ലാ വികാരിയച്ചൻമാരുടെയും വിശ്വാസപരിശീലകരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

a. **വിശ്വാസോത്സവ പഠനശിബിരം (അതിരൂപതാതലം)**

മാർച്ച് 20 വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണിവരെ അതിരൂപതാതല പഠനശിബിരം തളിപ്പറമ്പിൽവച്ച് നടത്തി.

**b. വിശ്വാസോത്സവ പഠനശിബിരം (ഫൊറോനാതലം)**

മാർച്ച് 22 ഞായറാഴ്ച ഫൊറോനാതല പഠനശിബിരം നടത്തി.

**12. വിശ്വാസോത്സവ ആൽബം**

ഈ വർഷം വിശ്വാസോത്സവത്തോടനുബന്ധിച്ച് കുട്ടികൾ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്കുവേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ. വിഷയം : **സമുദായ ശക്തീകരണം.**

ആൽബത്തിൽ സമുദായ ശക്തീകരണത്തെ ആസ്പദമാക്കിയുള്ള ചിത്രങ്ങൾ, വാർത്തകൾ, പേപ്പർ കട്ടിംഗ്സ് etc. ഉണ്ടായിരിക്കണം. കൂടാതെ ഈ വിഷയത്തെ സംബന്ധിച്ച് കുറഞ്ഞത് 3 ലേഖനങ്ങളും ആൽബത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നാമത്തെ ലേഖനം അധ്യാപകരിൽ ഒരാളും രണ്ടും മൂന്നും ലേഖനങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികളും എഴുതുക. ലേഖനങ്ങൾ 4 പേജിൽ കവിയരുത്.

ശ്രദ്ധിക്കുക: ആൽബം അധ്യാപകരുടെ സഹായത്തോടെ കുട്ടികളാണ് തയ്യാറാക്കേണ്ടത്. ആൽബത്തിന്റെ വലുപ്പം 14 ഇഞ്ച് നീളം, 11 ഇഞ്ച് വീതി. ആൽബം 50 പേജിൽ കൂടാൻ പാടില്ല. ഡിജിറ്റൽ ആൽബം മോഡലിൽ ലേസർ പ്രിന്റും മറ്റും ഉപയോഗിക്കാം. എന്നാൽ അവ 8 പേജിൽ കൂടരുത്. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 19-ന് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ 26-ന് മുമ്പായി അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

**13. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അനുസ്മരണം**

സൺഡേ സ്കൂൾ വിശ്വാസോത്സവത്തോടനുബന്ധിച്ച് ഏപ്രിൽ 10-ാം തീയതിയാണ് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 20-ാം ചരമവാർഷികം ആചരിക്കുകയും, നമ്മുടെ അതിരൂപതയുടെ അഭിവൃദ്ധിക്കും മലബാർ മേഖലയുടെ ഉന്നമനത്തിനുമായി പിതാവു ചെയ്ത സ്തുത്യർഹമായ സേവനങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യേണ്ടതാണ്.

**14. അവധിക്കാല വേദപാഠം ഏപ്രിൽ 13-17**

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 13 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 17-ാം തീയതി വെള്ളിയാഴ്ച ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതി

കൊണ്ടു വരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 6-ന് മുമ്പായി ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ട താണ്.** ക്യാമ്പ് ഫീസ് 2000/- രൂപയായിരിക്കും.

**15. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് - മെയ് 30 ശനി**

2026-2027 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് തളിപ്പറമ്പ് സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് നടത്തുന്നു. കോൺഫ റൻസ് മെയ് 30 ശനിയാഴ്ച രാവിലെ 9:30 ന് ആരംഭിച്ച് ഉച്ചക്കുശേഷം 3:00 മണിക്ക് സമാപിക്കുന്നതാണ്. കോൺഫറൻസിൽവെച്ച് വിശ്വാസപരിശീല നമേഖലിയിൽ 25, 50 വർഷങ്ങൾ പൂർത്തിയാക്കിയവരെ ആദരിക്കുന്നു. കൂടാതെ 2025-2026 പ്രവർത്തനവർഷത്തെ വിവിധ അവാർഡുകൾ, സ്കോളർഷിപ്പുകൾ എന്നിവ വിതരണം ചെയ്യുന്നതാണ്. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പങ്കെടുക്കുന്ന കോൺഫറൻസിൽ എല്ലാ ഹെഡ്മാസ്റ്റർ മാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**16. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്**

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

**സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ**

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 85% മാർക്ക് കരസ്ഥമാക്കി യിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോ ളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരാ യിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജ സ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേ ഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നി ശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ഏപ്രിൽ 30-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

**17. ജൂബിലി**

വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടു പേരും ഫോട്ടോയും ഫോൺ നമ്പറും** ഏപ്രിൽ 30-നുമുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**18. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്**

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂ ളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് (വി. കുർബാന + വിശ്വാസ പരിശീലനം) വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം

നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**19. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും**

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

**20. റിട്ടയർമെന്റ്**

അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ടതാണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.

**21. ആദരാഞ്ജലികൾ**

കിളിയന്തറ സൺഡേസ്കൂളിലെ മുൻ പ്രധാനാധ്യാപകനായിരുന്ന ജോർജ് ജോസഫ് നെടുമല നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങളെ കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റിന്റെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

**22. നന്ദി, നല്ല അവധിക്കാലം**

2025–2026 അധ്യയനവർഷം അനുഗ്രഹപ്രദമാക്കുവാൻ സഹായിച്ച ബഹു. വികാരിയച്ചൻമാർക്കും കൊച്ചച്ചൻമാർക്കും സിസ്റ്റേഴ്സിനും ഹെഡ്മാസ്റ്റർമാർക്കും എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. അവധിക്കാലത്ത് കുട്ടികൾക്ക് ആത്മീയ ഉണർവ് നൽകുന്ന പരിപാടികൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. എല്ലാവർക്കും നല്ല അവധിക്കാലം ആശംസിക്കുന്നു.

**23. ഡയറക്ടറച്ചന്റെ സന്ദർശനം**

ഡയറക്ടറച്ചൻ നെല്ലിക്കാംപൊയിൽ, കോലുവള്ളി, കോഴിച്ചാൽ, ജോസ്ഗിരി, വിജയഗിരി, ചീക്കാട്, മാമ്പൊയിൽ, തളിപ്പറമ്പ്, ചെറുപുഴ എന്നീ സൺഡേ സ്കൂളുകളിലും അസി. ഡയറക്ടറച്ചൻ വാണിയപ്പാറ, ഏറ്റുപാറ, പൈസക്കരി സൺഡേ സ്കൂളുകളിലും സന്ദർശനം നടത്തി.

**ഫാ. ആന്റണി കിടാരത്തിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന് അംഗീകാരം**

തലശ്ശേരി അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ആൽഫാ ഹയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സയൻസസിന് റോമിലെ ഡിക്കാസ്റ്ററി ഫോർ കൾച്ചർ ആൻഡ് എഡ്യൂക്കേഷന്റെ അംഗീകാരം. ഇതോടെ ബംഗളുരുവിലെ ധർമാരാം വിദ്യാക്ഷേത്രത്തോടു ചേർന്ന് മൂന്നു വർഷത്തെ റെഗുലർ ദൈവശാസ്ത്ര ബിരുദ കോഴ്സ് ആൽഫ ഹയർ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കാനാകും. പ്രഖ്യാപന ചടങ്ങിന്റെ ഉദ്ഘാടനം തലശ്ശേരി അതിരൂപത ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി, ആർച്ചു ബിഷപ് എമിരറ്റസുമാരായ മാർ ജോർജ് വലിയമറ്റം, മാർ ജോർജ് ഞരളക്കാട്ട് എന്നിവർ ചേർന്ന് നിർവഹിച്ചു.

ഡിക്രി പ്രഖ്യാപനം ബംഗളുരു ധർമാരാം വിദ്യാക്ഷേത്രം പ്രസിഡന്റ് ഫാ. ഡോ. മാത്യു ആറ്റുങ്കൽ സി എം ഐ നിർവഹിച്ചു. ടെലി ആൽഫ സെന്റർ ഫോർ റിലീജിയസ് സയൻസസ് ഡീൻ ഫാ. ഡോ. ജോജി കാക്കരമറ്റത്തിൽ റിപ്പോർട്ട് അവതരിപ്പിച്ചു. പ്രസിഡന്റ് ഫാ. ഡോ. ഫിലിപ് കവിയിൽ, ധർമാരാം വിദ്യാക്ഷേത്രം തിയോളജി ഫാക്കൽറ്റി ഡീൻ ഫാ. ഡോ. പോൾ കൊച്ചാപ്പിള്ളി സി എം ഐ, ആൽഫയിലെ ധർമാരാം വിദ്യാക്ഷേത്രം പ്രതിനിധി ഫാ. ഡോ. ജോയ് കാക്കനാട്ട് സി എം ഐ എന്നിവർ ആശംസകളർപ്പിച്ചു. ആൽഫ ഹയർ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. ഡോ. മാത്യു കൊട്ടുകാപ്പള്ളി സ്വാഗതവും സ്റ്റാഫ് പ്രതിനിധി ഫാ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ നന്ദിയും പറഞ്ഞു.

പ്രഗത്ഭരായ അധ്യാപകരുടെ മേൽനോട്ടത്തിലാണ് ആൽഫ ഹയർ ഇൻസ്റ്റിറ്റ്യൂട്ടിലെ ക്ലാസുകൾ നടത്തുക. സന്യാസിനികൾ, മതാധ്യാപകർ, റിട്ടയേർഡ് പ്രഫഷണൽസ് തുടങ്ങി പ്ലസ് ടു പഠനം പൂർത്തീകരിച്ച എല്ലാവർക്കും കോഴ്സിന് അപേക്ഷിക്കാം.

**ഫോൺ: 7306555653**

**ടെലി ആൽഫാ സെന്റർ ഫോർ റിലിജിയസ് സയൻസ്**

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിക്കൊണ്ടിരിക്കുന്ന ഓൺലൈൻ കോഴ്സുകൾ TELY-ALPHA CENTRE FOR RELIGIOUS SCIENCE എന്ന പേരിലായിരിക്കും വരുന്നത്. രജിസ്റ്റർ ചെയ്യുമ്പോൾ ശ്രദ്ധിക്കുമല്ലോ.

**ബൈബിൾ വിതരണം**

പരിഷ്കരിച്ച ബൈബിളിന്റെ കോപ്പികളും, ഓരോ ഇടവകകൾക്കുമുള്ള സബ്സിഡി ബൈബിളുകളും ഈസ്റ്ററിനുശേഷം ഓഫീസിൽ ലഭ്യമാണ്. (സബ്സിഡി ബൈബിളുകൾ പരിഷ്കരിച്ച പതിപ്പ് അല്ല, ഓരോ ഇടവകയ്ക്കും നിശ്ചിത എണ്ണം മാത്രമേ ലഭ്യമാകൂ).

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ, ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

**ഫാ. സെബാസ്റ്റ്യൻ തെങ്ങുംപള്ളി**
*അസി. ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്

## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

വിശ്വാസത്തിന്റെ കണിക നഷ്ടപ്പെട്ട് നിരാശയിൽ കഴിയുന്നവരെ പ്രതീക്ഷയിലേയ്ക്ക് നയിക്കുന്ന ഈശോയുടെ ഉത്ഥാനത്തിന്റെ സ്മരണയും ഈശോയ്ക്ക് വേണ്ടി രക്തസാക്ഷിത്വമകുടം ചൂടിയ വി. ഗീവർഗീസ് സഹദായുടെ ഓർമ്മയും ഈ മാസം നാം അനുസ്മരിക്കുകയാണല്ലോ; ഈശോയുടെ ഉത്ഥാനത്തിരുന്നാളിനായി ഏറ്റവും അടുത്ത് ഒരുങ്ങിക്കൊണ്ടിരിക്കുന്ന നമുക്ക് ഉത്ഥിതനായവന്റെ തിരുമുറിവുകളോട് നമ്മുടെ പ്രതീക്ഷകളും വേദനകളും ചേർത്തുവയ്ക്കാം. വഴിമുട്ടുന്ന ജീവിതങ്ങൾക്ക് വഴികാട്ടിയായി, ഉത്ഥിതനായ ഈശോ നമ്മോട് കൂടെയുണ്ട്. കൂടെ നടക്കുന്ന അവിടുത്തെ സാന്നിധ്യം തിരിച്ചറിഞ്ഞ് ഈ ഉത്ഥാനത്തിരുന്നാൾ നമുക്ക് ആഘോഷിക്കാം. പ്രിയപ്പെട്ട കൊച്ചുകൂട്ടുകാർക്ക് ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ : | വി. ഗീവർഗീസ്സിന്റെ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ : | വി. ഗീവർഗീസ് |
| പ്രാർത്ഥനാനിയോഗം : | വിശ്വാസത്തിനുവേണ്ടി പീഢനം ഏൽക്കുന്നവർക്കു വേണ്ടി. |
| സുകൃത ജപം : | ഈശോയെ അങ്ങ് എന്റെ സങ്കേതമായിരിക്കണമെ |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

| | | |
|---|---|---|
| 02 വ്യാഴം | : | പെസഹ വ്യാഴം |
| 03 വെള്ളി | : | ദുഃഖ വെള്ളി |
| 04 ശനി | : | മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 20-ാം ചരമവാർഷികം |
| 05 ഞായർ | : | ഈസ്റ്റർ |
| 24 വെള്ളി | : | വി. ഗീവർഗീസ് സഹദായുടെ തിരുനാൾ |

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, ദൈവവിളി ക്യാമ്പുകൾ, ക്രിസ്റ്റീൻ ധ്യാനങ്ങൾ, സെമിനാറുകൾ, അഗതിമന്ദിരസന്ദർശനം, മിഷൻഗ്രാമ സന്ദർശനം, മിഷണറിമാരെ ആദരിക്കൽ...

**3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

എല്ലാ ശാഖാ വൈസ് ഡയറക്ടേഴ്സിനും 2025-2026 പ്രവർത്തന വർഷത്തെ ശാഖാ - മേഖലാ വാർഷിക റിപ്പോർട്ട് ഫോം കിട്ടികാണും എന്ന് വിചാരിക്കുന്നു. കിട്ടാത്തവർ മേഖലാ വൈസ്ഡയറക്ടേഴ്സുമായോ, അതിരൂപതാ ഓഫീസുമായോ ബന്ധപ്പെടുമല്ലോ. വാർഷിക റിപ്പോർട്ട് ഫോം പൂരിപ്പിച്ച് ആരും അതിരൂപതയിലേക്ക് നേരിട്ട് അയക്കുകയോ കൊണ്ടുവന്ന് തരുകയോ ചെയ്യേണ്ടതില്ല. അവരവരുടെ മേഖലയിൽ ജൂൺ ആദ്യ ആഴ്ചയോടെ എത്തിച്ചാൽ മതിയാകും. മേഖലയിൽ നിന്നും ഒറിജിനൽ കോപ്പിയായിരിക്കണം അതിരൂപതാ ഓഫീസിലേക്ക് നൽകേണ്ടത് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റമുള്ളതിനാൽ റിപ്പോർട്ടുകൾ കൃത്യമായി എഴുതി മേഖലയിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

**4. ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

2026-2027 പ്രവർത്തന വർഷത്തെ ശാഖാഭാരവാഹികളുടെ (ജൂനിയർ - സീനിയർ) തിരഞ്ഞെടുപ്പ് ഏപ്രിൽ 6 മുതൽ 9 വരെ നടക്കുന്ന വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തുകയും അതിരൂപതയിൽ നിന്നും നൽകിയ ഫോമിൽ കൃത്യമായി എഴുതി തരുകയും ചെയ്യുമല്ലോ. ഏതെങ്കിലും ശാഖകളിൽ ശാഖാ ഭാരവാഹികളുടെ ലിസ്റ്റ് തരേണ്ട ഫോം ലഭിച്ചിട്ടില്ല എങ്കിൽ മേഖലാ വൈസ്ഡയറക്ടേഴ്സുമായോ, അതിരൂപതാ ഓഫീസുമായോ ബന്ധപ്പെടുമല്ലോ.

**5. മേഖലാ ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

ചെറുപുഷ്പ മിഷൻലീഗിന്റെ 2026-2027 വർഷത്തേക്കുള്ള മേഖലാ ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് മെയ് അവസാനത്തോടെയോ ജൂൺ ആദ്യ ആഴ്ചയോ നടത്തി ലിസ്റ്റ് അതിരൂപതയിൽ എത്തിക്കണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

**6. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ**

ഏപ്രിൽ 24 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിനും, മാർ ജോർജ് വലിയമറ്റം പിതാവിനും വേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുവാനും ബഹുമാനപ്പെട്ട വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**7. ഏയ്ഞ്ചൽസ് മീറ്റ്**

ഈ വർഷം ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി

എല്ലാ മേഖലകളിലും എയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. മെയ് ആദ്യ ആഴ്ചകളിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറിയെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുക. ഏയ്ഞ്ചൽസ് മീറ്റ് സർട്ടിഫിക്കറ്റ് ഓരോ മേഖലയ്ക്കും ആവശ്യമായ എണ്ണം ഓഫീസിൽ അറിയിക്കുമല്ലോ.

**8. അതിരൂപതാ മാനേജിംഗ് കമ്മറ്റി**

ഈ വർഷത്തെ അതിരൂപതാ മാനേജിംഗ് കമ്മറ്റി മെയ് 16-ാം തീയതി ശനിയാഴ്ച നടത്തപ്പെടുന്നതായിരിക്കും എന്നകാര്യം ഓർമിപ്പിക്കട്ടെ. സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും. എല്ലാ മേഖലകളിലെയും മാനേജിംഗ് കമ്മറ്റി അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

**9. എം.റ്റി.സി. ക്യാമ്പ്**

എല്ലാ മേഖലകളിലും എം.റ്റി.സി. ക്യാമ്പ് നടത്തിക്കഴിഞ്ഞു കാണുമല്ലോ. അതിരൂപതാ ക്യാമ്പിലേയ്ക്കുള്ള 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേര്, വീട്ടുപേര്, ഇടവക, വാട്സ്ആപ്പ് നമ്പർ എന്നിവ അതിരൂപതയിൽ നിന്ന് തന്നിരിക്കുന്ന ഫോമിൽ കൃത്യമായി പൂരിപ്പിച്ച് അതിരൂപതാ ഓഫീസിൽ തരാത്തവർ എത്രയും പെട്ടന്ന് തരുമല്ലോ. മേഖലകളിൽ ക്യാമ്പ് നടത്തി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെയാണ് അതിരൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. ഈ വർഷത്തെ അതിരൂപതാതല എം.റ്റി.സി. ക്യാമ്പ് ഏപ്രിൽ 15,16,17,18 തീയതികളിൽ മാങ്ങോട് വച്ച് നടത്തുന്നതായിരിക്കും. അതിരൂപതാ ക്യാമ്പിൽ നിന്നും സെലക്ഷൻ ലഭിക്കുന്ന കുട്ടികൾക്ക് മിഷൻ തീർത്ഥാടന യാത്ര ഉണ്ടായിരിക്കും. എം.റ്റി.സി ക്യാമ്പ് രജിസ്ട്രേഷൻ ഫീസ് 200/- രൂപ.

**10. ജീവദർശന ക്യാമ്പ് (നേതൃത്വ പരിശീലന ക്യാമ്പ്)**

അതിരൂപതയുടെ നേതൃത്വത്തിൽ ഏപ്രിൽ 29-30 തീയതികളിൽ കാസർഗോഡ്, കാഞ്ഞങ്ങാട്, പനത്തടി, മാലോം, വെള്ളരിക്കുണ്ട്, തോമാപുരം, ചെറുപുഴ, മേരിഗിരി എന്നീ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ട് പടന്നക്കാട് പാസ്റ്റർ സെന്ററിൽ വച്ചും അന്നേ ദിവസം തന്നെ ആലക്കോട്, വായാട്ടുപ്പറമ്പ്, ചെമ്പേരി, ചെമ്പന്തൊട്ടി, തളിപ്പറമ്പ്, പൈസക്കരി, പേരാവൂർ, മണിക്കടവ്, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ എന്നീ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഇരിട്ടി പട്ടാരം ധ്യാനകേന്ദ്രത്തിൽ വച്ചും ജീവദർശന ക്യാമ്പ് (നേതൃത്വ പരിശീലന ക്യാമ്പ്) നടത്തപ്പെടുന്നു എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. 5 ക്ലാസ്സ് മുതൽ 10 ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികളാണ് ക്യാമ്പിൽ പങ്കെടുക്കേണ്ടത്. രജിസ്ട്രേഷൻ ഫീസ് 700/- രൂപ. മറ്റ് കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**11. ക്രിസ്റ്റീൻ ധ്യാനം**

7-10 ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കായി മെയ് 21-23 തീയതികളിലായി മദർഹോമിൽ വച്ച് ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു. ആവശ്യമുള്ളവർ നേരത്തെ പേര് രജിസ്റ്റർ ചെയ്യുമല്ലോ.

അവധിക്കാലത്ത് 5-12 ക്ലാസിലെ കുട്ടികൾക്കായി ബ്രദേഴ്സിന്റെയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു. താത്പര്യമുള്ളവർ കാറ്റക്കിസം ഓഫീസിലോ മിഷൻലീഗ് ഓഫീസിലോ രജിസ്റ്റർ ചെയ്യുമല്ലോ **(Mob: 9778194799, 8547128523).**

**12. കൈയ്യെഴുത്തു മാസിക മത്സര വിജയികൾ**

I[st] പൈസക്കരി ശാഖ

II[nd] ചെമ്പന്തൊട്ടി ശാഖ

III[rd] ചെറുപാറ ശാഖ

**പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ:**

ഉമ്മറപൊയിൽ, നീലേശ്വരം, ചരൾ, മണിക്കടവ്, പടിയൂർ, ചെട്ടിയാംപറമ്പ, കരിക്കോട്ടക്കരി, പുന്നക്കുന്ന്, ജയഗിരി.

**13. മിഷൻ പച്ചക്കറിത്തോട്ട മത്സര വിജയികൾ**

I[st] പേരാവൂർ ശാഖ

II[nd] രാജഗിരി ശാഖ

III[rd] പടുപ്പ് ശാഖ

**പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ:**

ചേപ്പറമ്പ, ചരൾ, പൊട്ടംപ്ലാവ്, ഏറ്റുപാറ, അറബി, കുട്ടാപറമ്പ, പടിയൂർ, പുളിങ്ങോം, മുണ്ടാന്നൂർ.

**14. മേഖലാ സന്ദർശനങ്ങൾ**

28-02-2026 ന് കാഞ്ഞങ്ങാട്, പനത്തടി, മാലോം, വെള്ളരിക്കുണ്ട്, തോമാപുരം മേഖകളും 07-03-2026 ന് പൈസക്കരി, ചെമ്പേരി മേഖലകളും അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

**15. സെമിനാറുകൾ, ക്ലാസ്സുകൾ**

- 08.03.2026 ന് വാണിയപ്പാറ ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ഫാ. ജോസഫ് വയലുങ്കൽ സെമിനാർ എടുത്തു.
- 08.03.2026 ന് പൈസക്കരി മേഖലയിൽ എം.റ്റി.സി. കുട്ടികൾക്ക് ശ്രീ. സുനിൽ കല്ലിടുക്കിൽ സെമിനാർ എടുത്തു.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഒരു അധ്യയന വർഷത്തെ പഠനവും പരീക്ഷയുമൊക്കെ കഴിഞ്ഞ് അവധിക്കാലം ആഘോഷിക്കുവാനായി തയ്യാറെടുക്കുമ്പോൾ ഈശോയെപ്പോലെ എല്ലാവരെയും സ്നേഹിക്കാൻ എല്ലാവർക്കും നന്മ ചെയ്യാൻ അങ്ങനെ വിശുദ്ധിയിൽ വളരാൻ ഈശോയുടെ കൊച്ചുകൂട്ടുകാർ നിരന്തരം പരിശ്രമിക്കുമല്ലോ. എല്ലാവർക്കും സന്തോഷപ്രദമായ അവധിക്കാലം ആശംസിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : ഉയിർപ്പ് തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധർ : വി. ഗീവർഗീസ്, സീയന്നായിലെ വി. കാതറിൻ
പ്രാർത്ഥനാനിയോഗം : കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനുവേണ്ടി
സുകൃതജപം : ഉത്ഥിതനായ ഈശോയെ ഉത്ഥാന മഹത്വത്തിൽ ഞങ്ങളെയും പങ്കുചേർക്കണമെ
വചനം : ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല (ലൂക്കാ 18:27)
പ്രവൃത്തി : സഭാധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കുക

**1. ശാഖകൾ ശ്രദ്ധിക്കാൻ**

| | | |
|---|---|---|
| 02 വ്യാഴം | : | പെസഹ വ്യാഴം |
| 03 വെള്ളി | : | ദുഃഖ വെള്ളി |
| 04 ശനി | : | മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 20-ാം ചരമവാർഷികം |
| 05 ഞായർ | : | ഈസ്റ്റർ |
| 24 വെള്ളി | : | വി. ഗീവർഗീസ് സഹദായുടെ തിരുനാൾ |
| 25 ശനി | : | മംഗളവാർത്താതിരുനാൾ |

**2. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ**

ഏപ്രിൽ 24 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിനും ജോർജ് വലിയമറ്റം പിതാവിനും വേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുനാവും ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**3. ഈശോയെപ്പോലെ വളരാം .... വലുതാകാം.**

തിരുബാലസഖ്യം കുട്ടികളുടെ ഈശോയെപ്പോലെ വളരാം വലുതാകാം എന്ന 2026-27 വർഷത്തെ വർക്കുബുക്ക് തയ്യാറായിക്കൊണ്ടിരിക്കുന്നു. തിരുബാലസഖ്യം മാർഗ്ഗരേഖയും ഈ വർക്കുബുക്കിന്റെ തുടർച്ചയായിട്ടാണ് നൽകുന്നത്. 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വിശ്വാസ പരിശീലന ബുക്കിന്റെ കൂടെ ഈ വർക്ക് ബുക്കും നൽകുവാൻ ബഹുമാനപ്പെട്ട ആനിമെറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ഓരോ ശാഖയിലേക്കും വേണ്ട ബുക്കുകളുടെ എണ്ണം ഈ മാസം തന്നെ ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"സർവ്വോപരി,എല്ലാറ്റിനെയും കൂട്ടിയിണക്കി പരിപൂർണ്ണമായ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹം പരിശീലിക്കുവിൻ" (കോളോസോസ് 3:14).

പ്രിയപ്പെട്ട ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

**യൂണിറ്റുകൾ / മേഖലകൾ ശ്രദ്ധിക്കാൻ**

ഏപ്രിൽ 02 - പെസഹാവ്യാഴം

ഏപ്രിൽ 03 - ദുഃഖവെള്ളി

ഏപ്രിൽ 04 - മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവിന്റെ 20-ാം ചരമവാർഷികദിനം

ഏപ്രിൽ 05 - ഈസ്റ്റർ

ഏപ്രിൽ 12 - സെക്കന്റ് സൺഡേ യൂത്ത് സൺഡേ

**തീരദേശ പഠനക്യാമ്പ്**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ കാസർഗോഡ് ഫൊറോനയുടെ ആതിഥേയത്വത്തിൽ ഏപ്രിൽ 17,18,19 തീയതികളിൽ തീരദേശ പഠനക്യാമ്പ് സംഘടിപ്പിക്കുന്നു. എല്ലാ ഫൊറോനകളിൽ നിന്നും യുവജനങ്ങളെ പങ്കെടുപ്പിക്കാൻ ബഹു. ഡയറക്ടറച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

**തേജസ്വിനി - വനിത ദിനാഘോഷവും ഹെയർ ഡോണേഷൻ ക്യാമ്പയിനും**

മാർച്ച് 08 വനിത ദിനത്തോടനുബന്ധിച്ച് വനിതാദിനാഘോഷവും ഹെയർ ഡോണേഷൻ ക്യാമ്പയിനും കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ചെറുപുഴ ഫൊറോനയുടെ ആതിഥേയത്വത്തിൽ താബോർ സെന്റ് ജോസഫ് ഇടവക ഓഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെട്ടു. തലശ്ശേരി അതിരൂപത ഉപാധ്യക്ഷ കുമാരി ശ്രേയ ശ്രുതിനിലയം അധ്യക്ഷത വഹിച്ചു.

ചെറുപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലൈസമ്മ പനക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈസ് ഡയറക്ടർ സി. ജോസ്ന

റോസ് എസ് എച്ച് ആമുഖപ്രഭാഷണവും താബോർ ഇടവക വികാരി റവ. ഫാ.തോമസ് പൂവൻപുഴ അനുഗ്രഹപ്രഭാഷണവും നടത്തി. അതിരൂപത സെക്രട്ടറി സോന ചവണിയാങ്കൽ സ്വാഗതവും സ്റ്റേറ്റ് സിൻഡിക്കേറ്റ് അപർണ സോണി നന്ദിയും പറഞ്ഞു. കൗൺസിലർ അഞ്ചു വരിക്കമാക്കൽ സമ്മേളനത്തിന് നേതൃത്വം നൽകി. ചെറുപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലൈസമ്മ പനക്കലിനെ ആദരിക്കുകയും തുടർന്ന് ക്യാൻസർ രോഗി കൾക്ക്വേണ്ടി നൽകുന്ന ഹെയർ ഡോണേഷൻ ക്യാമ്പയിനിൽ 15 പേർ കേശദാനം നടത്തുകയും ചെയ്തു. വനിത ദിനാഘോഷവും ഹെയർ ഡോണേഷൻ ക്യാമ്പയിനും വളരെ മനോഹരമായി ആതിഥേയത്വം വഹിച്ച ചെറുപുഴ ഫൊറോന പ്രസിഡന്റ് ശ്രീ ആൽബി മേലേടത്തിലിനും ഫൊറോ ന ഡയറക്ടർ ഫാ. തോമസ് പൂകമലക്കും താബോർ യൂണിറ്റ് വികാരി ഫാ. തോമസ് പൂവൻപുഴക്കും താബോർ യൂണിറ്റ് പ്രസിഡന്റ് സാഞ്ചോസ് പനന്താത്തിനും ഫൊറോന സമിതിക്കും താബോർ യൂണിറ്റിനും പരിപാടി വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച എല്ലാവർക്കും തലശ്ശേരി അതി രൂപത യുവജനകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**കൊട്ടത്തലച്ചി കുരിശുമല കയറ്റം**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ നടത്തിയ കൊട്ടത്തലച്ചി കുരിശുമല കയറ്റത്തിന് ആതി ഥേയത്വം വഹിച്ച ചെറുപുഴ ഫൊറോനക്കും വചന സന്ദേശം നൽകിയ വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപ്പടവിലച്ചനും ചെറുപുഴ ഫൊറോന പ്രസിഡന്റ് ശ്രീ. ആൽബി മേലേടത്തിലിനും ഫൊറോന ഡയ റക്ടർ ഫാ. തോമസ് പൂകമലക്കും ചൂരപ്പടവ് യൂണിറ്റ് വികാരി ഫാ. ജോസഫ് ആനക്കല്ലിലിനും യൂണിറ്റ് പ്രസിഡന്റ് അഖിൽ ചൂരനോലിക്കും ഫൊറോന സമിതിക്കും ചൂരപ്പടവ് യൂണിറ്റിനും വിവിധ യൂണിറ്റുകളിൽ നിന്നും കടന്നു വന്ന യുവജനങ്ങൾക്കും തലശ്ശേരി അതിരൂപത യുവജനകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**അഭിനന്ദനങ്ങൾ**

കത്തോലിക്ക കോൺഗ്രസ്സ് യൂത്ത് കൗൺസിൽ ഗ്ലോബൽ കോർഡി നേറ്ററായി തിരഞ്ഞെടുക്കപ്പെട്ട കെസിവൈഎം തലശ്ശേരി അതിരൂപത മുൻ പ്രസിഡന്റ് വിപിൻ ജോസഫിന് അഭിനന്ദനങ്ങൾ.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റൊലേറ്റ്

പ്രിയപ്പെട്ടവരെ,

രക്ഷകനായ ക്രിസ്തു തന്റെ ഉത്ഥാനത്തിലൂടെ പാപത്തിന്റെയും, പിശാചിന്റെയും, മരണത്തിന്റെയും മേൽ സമ്പൂർണവിജയം നേടിയതിനെ അനുസ്മരിക്കുന്ന ഈസ്റ്ററിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു. 50 ദിനങ്ങളിലെ കഠിനമായ തപശ്ചര്യകളിലൂടെയും തീക്ഷണമായ പ്രാർത്ഥനകളിലൂടെയും ഉത്ഥാനത്തിന്റെ അനുഭവം ജീവിതത്തിലേക്കും കുടുംബങ്ങളിലേക്കും സ്വീകരിക്കുവാൻ നമ്മൾ ഒരുങ്ങുകയായിരുന്നുവല്ലോ? ഒരു വ്യക്തി കടന്നുപോകേണ്ടിവരുന്ന സകല സഹനാനുഭവങ്ങളുടെയുംമേൽ സ്നേഹം കൊണ്ട് വിജയം നേടിയ രക്ഷകനെ നമ്മുക്കും മാതൃകയാക്കാം. അവന്റെ അവസാനിക്കാത്ത സ്നേഹവും ആശ്വസിപ്പിക്കുന്ന സമാധാനവും സ്വന്തമാക്കി സുവിശേഷത്തിന്റെ സാക്ഷികളായി നമ്മുക്ക് ജീവിക്കാം.

## I. കുടുംബകൂട്ടായ്മ

കുടുംബകൂട്ടായ്മയുടെ ത്രിതല എക്സിക്യൂട്ടീവ് സമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ എല്ലാവരും സഹകരിക്കുമല്ലോ.

### 1. ഇടവക എക്സിക്യൂട്ടീവ്

വികാരിയച്ചൻ (ചെയർമാൻ), കോർഡിനേറ്റർ (കൺവീനർ), മദർ സുപ്പീരിയർ, പാരീഷ് കൗൺസിൽ സെക്രട്ടറി, മാതൃവേദി പ്രസിഡന്റ് (വലിയ ഇടവകകളിൽ സോണൽ പ്രസിഡന്റുമാർ).

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (പാരിഷ് കൗൺസിൽ യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഇടവകയിലെ കുടുംബ കൂട്ടായ്മകളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ കൂട്ടായ്മകളുടേയും നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

### 2. ഫൊറോന എക്സിക്യൂട്ടീവ്

ഫൊറോന വികാരിയച്ചൻ (ചെയർമാൻ), ഫൊറോന കൗൺസിൽ പ്രസിഡന്റ് (കൺവീനർ), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ഡയറ

ക്ടർ (പ്രസിഡന്റ്), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ആനിമേറ്റർ, ഫൊറോന കൗൺസിൽ സെക്രട്ടറി, മാതൃവേദി മേഖല പ്രസിഡന്റ്, പ്രത്യേക ക്ഷണിതാക്കൾ: എല്ലാ ഇടവകകളിലേയും കോർഡിനേറ്റർമാർ.

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (വൈദികരുടെ മാസധ്യാന യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഫൊറോനയിലെ കുടുംബ കൂട്ടായ്മ പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. മുഴുവൻ ഇടവകളിലേയും കുടുംബകൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ നല്കുക.

**3. അതിരൂപതാ എക്സിക്യൂട്ടീവ്**

സംഘടന ചുമതലയുള്ള വികാരി ജനറാൾ, അതിരൂപതാ ഡയറക്ടർ, അതിരൂപതാ ആനിമേറ്റർ, അതിരൂപതാ പ്രസിഡന്റ്, അതിരൂപതാ സെക്രട്ടറി, മാതൃവേദി അതിരൂപതാ പ്രസിഡന്റ്.

പ്രസ്തുത സമിതി ആവശ്യമായ സമയത്ത് സമ്മേളിച്ച് അതിരൂപതയിലെ മുഴുവൻ കുടുംബ കൂട്ടായ്മകളുടേയും പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് അതിൽ ഫൊറോന കൗൺസിൽ പ്രസിഡന്റുമാർ, ഫൊറോന കൗൺസിൽ സെക്രട്ടറിമാർ എന്നിവരെക്കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ ഫൊറോനയിലെയും കുടുംബ കൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**5. പ്രത്യേക ശ്രദ്ധയ്ക്ക്**

a) എല്ലാ മാസവും മുഴുവൻ വാർഡുകളിലും കുടുംബകൂട്ടായ്മകൾ നടത്തുക.

b) ഓരോ കൂട്ടായ്മയുടേയും മദ്ധ്യസ്ഥൻ/മദ്ധ്യസ്ഥ തിരുനാൾ സമുചിതമായി ആഘോഷിക്കുക.

c) കൂട്ടായ്മയുടെ പേരെഴുതിയ ഒരു ചെറിയ ബോർഡ് ഓരോ കൂട്ടായ്മ പരിധിക്കുള്ളിലും വഴിയരികിലായി സ്ഥാപിക്കുക.

**ഉദാ: സെന്റ് മേരീസ് കുടുംബകൂട്ടായ്മ, ആടാംപാറ ഇടവക**

d) ഏറ്റവും ഉപകാരപ്രദമായ ഒരു ഇൻഷുറൻസ് പദ്ധതിയിൽ കൂട്ടായ്മയിലുള്ള മുഴുവൻ കുടുംബങ്ങളെയും ചേർക്കുവാൻ ഭാരവാഹികൾ നേതൃത്വം കൊടുക്കുക.

e) ഇടവക കൂട്ടായ്മയിൽ നിന്ന് അകന്ന് കഴിയുന്നവരെയും പള്ളിയിൽ കൃത്യമായി വരാത്തവരെയും സന്ദർശിക്കുകയും സഹകരിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

f) ഓരോ ഞായറാഴ്ചത്തെയും തിരുക്കർമ്മങ്ങൾ മനോഹരമാക്കാൻ ദൈവാലയശുചീകരണം, ദൈവാലയ അലങ്കാരം, കുർബ്ബാനയ്ക്ക് കൂടുന്നത്,

പാട്ട് പാടുന്നത്, പഴയനിയമ-ലേഖന വായനകൾ എന്നിവ ഓരോ കൂട്ടായ്മകളുടെ നേതൃത്വത്തിൽ ക്രമീകരിക്കുക.

g) കുടുംബ കൂട്ടായ്മ ആന്തം എല്ലാ കൂട്ടായ്മകളിലും ആലപിക്കുക.

h) പ്രായമായവർ, കിടപ്പുരോഗികൾ എന്നിവർക്ക് മാസത്തിൽ ഒരിക്കൽ കുമ്പസാരിപ്പിച്ച് വി. കുർബാന നല്കാനുള്ള ക്രമീകരണങ്ങൾ നടത്തുക.

i) പ്രതിമാസ റിപ്പോർട്ടിന്റെ ഓൺലൈൻ ഫോം പൂരിപ്പിച്ച് അതിരൂപതാ ഓഫീസിലേക്ക് അയക്കുക.

j) വിവിധ വാർഡ് കൂട്ടായ്മകളുടെ നേതൃത്വത്തിൽ അഗതിമന്ദിരങ്ങൾ സന്ദർശിച്ച് സേവനം നടത്തുകയും ഭക്ഷണസാധനങ്ങൾ, അവശ്യവസ്തുക്കൾ എന്നിവ നൽകുകയും ചെയ്യുക.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

മാർച്ച് 5-7, 19-21 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 207 പേർ സംബന്ധിച്ചു.

### Time Schedule

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. **എം.പി.സിയുടെ ഫീസ് 2,000 രൂപയായിരിക്കും.** Online Registration ചെയ്യുമ്പോൾ Reg. Fee 1000 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2026 | | | |
|---|---|---|---|
| April | 06-08 | (Monday - Wednesday) | Padannakkad |
| April | 23-25 | (Thusday - Saturday) | Thalassery |
| May | 14-16 | (Thusday - Saturday) | Padannakkad |
| June | 18-20 | (Thusday - Saturday) | Thalassery |
| July | 16-18 | (Thusday - Saturday) | Padannakkad |
| August | 13-15 | (Thusday - Saturday) | Thalassery |
| September | 17-19 | (Thusday - Saturday) | Padannakkad |
| October | 15-17 | (Thusday - Saturday) | Thalassery |

| | | | |
|---|---|---|---|
| November | 03-05 | (Tuesday - Thursday) | Padannakkad |
| November | 16-18 | (Monday - Wednesday) | Thalassery |
| December | 07-09 | (Monday - Wednesday) | Padannakkad |
| December | 28-30 | (Monday - Wednesday) | Thalassery |

## III. മാതൃവേദി

### a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

അതിരൂപതാ ഭാരവാഹികളുടെ മീറ്റിംഗ് നടത്തി. അടുത്ത മാസത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

### b) മത്സരങ്ങൾ

**1. വാഴ്ത്തപ്പെട്ട റാണി മരിയ വീഡിയോ നിർമ്മാണ മത്സരം**

സീറോമലബാർ സമുദായ ശക്തീകരണ വർഷത്തിൽ ഫെബ്രുവരി 25 ന് വാഴ്ത്തപ്പെട്ട റാണി മരിയ സിസ്റ്ററിന്റെ തിരുനാൾ ദിനത്തിൽ നടത്തിയ വീഡിയോ നിർമ്മാണ മത്സരത്തിൽ വിവിധ യൂണിറ്റുകളിൽ നിന്നായി 50 ഓളം പേർ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

**വിജയികളായവർ**

ഒന്നാം സ്ഥാനം - ശ്രീമതി ലിജി മണ്ണൂരാംപറമ്പിൽ - എണ്ണപ്പാറ യൂണിറ്റ്
രണ്ടാം സ്ഥാനം - ശ്രീമതി അഖില കൂട്ടുങ്കൽ - കോഴിച്ചാൽ യൂണിറ്റ്
മൂന്നാം സ്ഥാനം - ശ്രീമതി റിൻസി പാലത്തിങ്കൽ - എണ്ണപ്പാറ യൂണിറ്റ്

### c) പ്രചോദിനി 2k26

തലശ്ശേരി അതിരൂപത മാതൃവേദി പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അതിരൂപതാ ടീം ആലക്കോട്, വായാട്ട്പറമ്പ്, ചെമ്പന്തൊട്ടി, തളിപ്പറമ്പ്, എടൂർ, കുന്നോത്ത്, മണിക്കടവ്, പനത്തടി, വെള്ളരിക്കുണ്ട് എന്നീ മേഖലകളിൽ സന്ദർശനം നടത്തി. അതിരൂപതാ ഡയറക്ടർ, ആനിമേറ്റർ, പ്രസിഡന്റ്, മേഖലയുടെ ഉത്തരവാദിത്തം വഹിക്കുന്ന രൂപതാ ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. മേഖലാ ഡയറക്ടർ, ആനിമേറ്റർ, മേഖല ഭാരവാഹികൾ, യൂണിറ്റു പ്രതിനിധികൾ എന്നിവർ ഈ മേഖല സന്ദർശനത്തിൽ പങ്കെടുത്തു. യൂണിറ്റ് മാതൃവേദി പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവർക്കുവേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് മേഖലയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉതകുന്ന കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു. എല്ലാ മേഖലകളും നല്ല സഹകരണം കാഴ്ച്ചവെച്ചു.

**d) മാതൃസംഗമം :** എടൂർ, ശ്രീകണ്ഠാപുരം, കോട്ടൂർവയൽ യൂണിറ്റുകളിൽ ഫെബ്രുവരി 22, മാർച്ച് 15, 22 തീയതികളിൽ മാതൃസംഗമം നടത്തപ്പെട്ടു. ഡയറക്ടർ ഫാ. ജോബി വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് അമ്മമാർക്കായി മാതൃത്വത്തിന്റെ മഹത്വത്തെക്കുറിച്ച് ജോബിയച്ചൻ ക്ലാസ് എടുക്കുകയും ചെയ്തു. വിവിധ മത്സരങ്ങളിൽ വിജയികൾ ആയവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. കോട്ടൂർവയൽ യൂണിറ്റിനെ സമ്പൂർണ്ണ മാതൃവേദി യൂണിറ്റായി പ്രഖ്യാപിച്ചു.

**d) ഗ്ലോബൽ ഓൺലൈൻ മീറ്റിംഗ്**

ഏപ്രിൽ മാസത്തിൽ തലശ്ശേരിയിൽ വെച്ച് നടക്കുന്ന ഗ്ലോബൽ ജനറൽ ബോഡി മീറ്റിംഗിന്റെ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ഗ്ലോബൽ അതിരൂപത ടീം അംഗങ്ങൾ ഓൺലൈൻ മീറ്റിങ്ങ് കൂടുകയുണ്ടായി.

**e) പ്രാർത്ഥനാ ദിനാചരണം:** മാർപ്പാപ്പയുടെ ആഹ്വാനം അനുസരിച്ച് യുദ്ധങ്ങൾ ഒഴിവാക്കുന്നതിനും സമാധാനം വീണ്ടെടുക്കുന്നതിനും വേണ്ടി മാതൃവേദിയുടെ നേതൃത്വത്തിൽ അതിരൂപത ഡയറക്ടർ, ആനിമേറ്റർ, എക്സിക്യൂട്ടീവ് അംഗങ്ങൾ, പടന്നക്കാട് യൂണിറ്റ് അംഗങ്ങൾ ചേർന്ന് പടന്നക്കാട് നല്ലിടയൻ ദൈവാലയത്തിൽ വെച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**f) വനിതാ ദിനാചരണം**

തലശ്ശേരി അതിരൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ എല്ലാ മേഖലകളിലും യൂണിറ്റുകളിലും വനിതാ ദിനം വളരെ വിപുലമായ രീതിയിൽ ആഘോഷിച്ചു. അതിരൂപത വനിതാദിനാഘോഷം എടൂർ മേഖലയിലെ കീഴ്പ്പള്ളി ഇടവകയിൽ വച്ച് ആഘോഷിച്ചു. ഡയറക്ടർ ഫാ. ജോബി വി. ബലിയർപ്പിച്ച് സന്ദേശം നൽകി. അതിരൂപത പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇടവക വികാരി റവ. ഫാ. അലക്സ് നിരപ്പേൽ സ്വാഗതമരുളി. അതിരൂപത പ്രസിഡന്റ് വനിതദിനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. അതിരൂപത ഡയറക്ടർ ആമുഖ പ്രഭാഷണവും മേഖല ഡയറക്ടർ ആശംസകളും നേർന്നു. വിവിധ തുറകളിൽ വ്യക്തി മുദ്ര പതിപ്പിച്ച സ്ത്രീരത്നങ്ങളെ ആദരിച്ചു. തുടർന്ന്, അതിരൂപത ആനിമേറ്റർ സി. ലിന്റ 'സ്ത്രീത്വത്തിന്റെ മാഹാത്മ്യം' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നൽകി. ഏകദേശം 125 ഓളം അമ്മമാർ ഈ ആഘോഷത്തിൽ പങ്ക് ചേർന്നു.

**g) എകെസിസി മഹാസംഗമം :**എകെസിസിയുടെ 108-ാം ജൻമവാർഷികത്തോടനുബന്ധിച്ച് കണ്ണൂരിൽവെച്ച് നടന്ന മഹാസംഗമത്തിൽ അമ്മമാരുടെ സജീവസാനിധ്യം ഉണ്ടായിരുന്നു.

**2026 ഏപ്രിൽ മാസത്തെ പ്രവർത്തന മാർഗ്ഗരേഖ**

5 - ഈസ്റ്റർ
6-8 - MPC @ പടന്നക്കാട്.
7 - ലോകാരോഗ്യദിനം - ആരോഗ്യസംരക്ഷണത്തിന് സഹായിക്കുന്ന ഒരു തീരുമാനം എടുക്കുക.
10 - സകല വിശുദ്ധരുടെയും തിരുനാൾ (സീറോ മലബാർസഭ). സകല വിശുദ്ധരുടെയും ലുത്തിനിയ ചൊല്ലുക.
15 - ജ്വാല @ ചെറുപുഴ.
18 - ജ്വാല @ തോമാപുരം.
21-22 - ഗ്ലോബൽ ജനറൽ ബോഡി @ തലശ്ശേരി.
23-25 - MPC @ തലശ്ശേരി.
24 - വി. ഗീവർഗ്ഗീസിന്റെ തിരുനാൾ - ജോർജ് നാമധാരികളെ ആദരിക്കുക. ആശംസകൾ നേരുക.
25 - വി. മർക്കോസിന്റെ തിരുനാൾ - സുവിശേഷത്തിലെ ഒരു അദ്ധ്യായം വായിക്കുക.

28 – വി. ജാന്ന ബെറേത്ത, മാതൃവേദിയുടെ സഹമദ്ധ്യസ്ഥയുടെ തിരുനാൾ ആഘോഷിക്കുക.

– സമുദായ ശക്തീകരണവർഷം സ്കിറ്റ് മത്സരം (ഗ്ലോബൽ).

**IV. അമല പ്രോലൈഫ്**

**ജീവാഗ്നി ധ്യാനം**

കൃപ നിറഞ്ഞ കുഞ്ഞുങ്ങൾക്ക് ജന്മം നൽകാൻ ഗർഭിണികളെയും അവരുടെ കുടുംബാംഗങ്ങളെയും സഹായിക്കുന്നതിനുവേണ്ടി പ്രൊലൈഫ് ഒരുക്കുന്ന ഓൺലൈൻ ജീവാഗ്നി ധ്യാനം മാർച്ച് 15,16,17,18 തീയതികളിൽ നടത്തപ്പെട്ടു. ഫാ. ജോബി കോവാട്ട്, ഡോ. സി. ടെസ്സി എസ്എച്ച്, ഫാ. സെബാൻ ചെരിപ്പുറം, ശ്രീ. ലോറൻസ് കടിക്കാട്ടിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി. ഏകദേശം 50-തിൽലേറെ പേർ ഈ ധ്യാനത്തിൽ പങ്കെടുത്തു. പ്രൊലൈഫ് കോർ ടീം അംഗങ്ങൾ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി.

**V. നവോമി സംഗമം:** കോലുവള്ളി ഹോളിഫാമിലി ഇടവകയിൽ മാതൃവേദി അമ്മമാരുടെ നേതൃത്വത്തിൽ നവോമി സംഗമം നടത്തപ്പെട്ടു. അതിരൂപത ഡയറക്ടർ ഫാ. ജോബി കോവാട്ട് വി. ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ക്ലാസ് എടുക്കുകയും ചെയ്തു. 28 പേർ നവോമി സംഗമത്തിൽ പങ്കെടുത്തു.

**VI. സീറോമലബാർ മാട്രിമോണി**

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക.

**Phone : 9400206974, 8078122191.**

**VII. പ്രശാന്തി കൗൺസിലിംഗ് സെന്റർ**

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**Phone : 9400206974, 8078122191**

**VIII. പ്രോലൈഫ് മാര്യേജ് ബ്യൂറോ**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**IX. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com**
**Web Site: www.familytly.com**

**ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്തൊലേറ്റ്

**മാസ്റ്റർമൈൻഡ് 2K25**

10-01-2026 ന് നടത്തിയ കോർപ്പറേറ്റ്തല മാസ്റ്റർമൈൻഡ് 2K25 പരീക്ഷയിൽ 1,2,3,4 സ്ഥാനം നേടിവർ.

**പ്ലസ്ടു**

1-ാം സ്ഥാനം : വൈഗ ആർ നാഥ് - വെള്ളരിക്കുണ്ട് എച്ച്എസ്എസ്
2-ാം സ്ഥാനം : ബ്രവ്യ സൂസൻ സാബു - കിളിയന്തറ എച്ച്എസ്എസ്
3-ാം സ്ഥാനം : ആർദ്ര മരിയ ഡാനിഷ് - ചെമ്പേരി എച്ച്എസ്എസ്
4-ാം സ്ഥാനം : അയോണ തെരേസ് - എടൂർ എച്ച്എസ്എസ്

**പ്ലസ് വൺ**

1-ാം സ്ഥാനം : അലക്സ് ജെയിംസ് - തോമാപുരം എച്ച്എസ്എസ്
2-ാം സ്ഥാനം : മരിയ ടോം - എടൂർ എച്ച്എസ്എസ്
3-ാം സ്ഥാനം : ദേവിക എം കെ - എടൂർ എച്ച്എസ്എസ്
4-ാം സ്ഥാനം : ലയ മരിയ ബെന്നി - എടൂർ എച്ച്എസ്എസ്

**പത്താംക്ലാസ്**

1-ാം സ്ഥാനം : എഡ്വിൻ ജിയോ സാജൻ - കിളിയന്തറ എച്ച്എസ്
2-ാം സ്ഥാനം : അൽഫോൺസ ആൻ - കിളിയന്തറ എച്ച്എസ്
3-ാം സ്ഥാനം : അബിൻ കൃഷ്ണ പിഎസ് - പാലാവയൽ എച്ച്എസ്
4-ാം സ്ഥാനം : പോൾ ജോ ഇളയാനി - പാലാവയൽ എച്ച്എസ്

**ഒമ്പതാം ക്ലാസ്**

1-ാം സ്ഥാനം : ആഞ്ചല മേരി അഭിലാഷ് - കിളിയന്തറ എച്ച്എസ്
2-ാം സ്ഥാനം : ഡെസിൻ മരിയ - കിളിയന്തറ എച്ച്എസ്
3-ാം സ്ഥാനം : റാണിയ പി - കിളിയന്തറ എച്ച്എസ്
4-ാം സ്ഥാനം : മാത്യു ജോൺ - വെളിമാനം എച്ച്എസ്

**എട്ടാം ക്ലാസ്**

1-ാം സ്ഥാനം : ആൻ ട്രീസ തോമസ് - കിളിയന്തറ എച്ച്എസ്
2-ാം സ്ഥാനം : ആകാശ് ആർ നായർ - പൈസക്കരി എച്ച്എസ്
3-ാം സ്ഥാനം : അദ്വൈത് പിഎസ് - മണിക്കടവ് എച്ച്എസ്
4-ാം സ്ഥാനം : ആൻ മരിയ ബെന്നി - കുടിയാന്മല എച്ച്എസ്

**ഏഴാം ക്ലാസ്**

1-ാം സ്ഥാനം : ക്രിസ്റ്റോ ജിമ്മി - മഞ്ഞളാംപുറം യുപിഎസ്
2-ാം സ്ഥാനം : ദേവാനന്ദ് സിഎസ് - വയത്തൂർ യുപിഎസ്

3-ാം സ്ഥാനം : നെജ ഫാത്തിമ - കിളിയന്തറ എച്ച്എസ്
4-ാം സ്ഥാനം : മുഹമ്മദ് ആദിൽ പിപി - വീർപാട് യുപിഎസ്

**ആറാം ക്ലാസ്**

1-ാം സ്ഥാനം : ടോഷ് ക്രിസ്റ്റി - വായാട്ടുപറമ്പ യുപിഎസ്
2-ാം സ്ഥാനം : ഷാരോൺ ഷാജു - മണിക്കടവ് യുപിഎസ്
3-ാം സ്ഥാനം : സ്മേര എം രാജേഷ് - വീർപാട് യുപിഎസ്
4-ാം സ്ഥാനം : ദേവശ്രീ അനിൽ - ചെമ്പന്തൊട്ടി യുപി

**അഞ്ചാം ക്ലാസ്**

1-ാം സ്ഥാനം : ക്രിസാന്റോ ജോയ് - തൊണ്ടിയിൽ യുപിഎസ്
2-ാം സ്ഥാനം : കാതറിൻ വർഗ്ഗീസ് - വീർപാട് യുപിഎസ്
3-ാം സ്ഥാനം : യാഥവ് ടി - തൊണ്ടിയിൽ യുപിഎസ്
4-ാം സ്ഥാനം : ആരോൺ കെ ജോൺസൺ - തൊണ്ടിയിൽ യുപിഎസ്

**നാലാം ക്ലാസ്**

1-ാം സ്ഥാനം : ശ്രീമയി ഹരിഹരൻ - തോമാപുരം എൽപിഎസ്
2-ാം സ്ഥാനം : ധ്യാൻദേവ് എ.ഡി - വയത്തൂർ യുപിഎസ്
3-ാം സ്ഥാനം : ഡിയോൺ ജോസ് ഷിജു - വെള്ളരിക്കുണ്ട് എൽപിഎസ്
4-ാം സ്ഥാനം : ഒലിവർ ഷിജിൻ - മാമ്പൊയിൽ എൽപിഎസ്
നാലാം സ്ഥാനം : നിയദ സുനീഷ് - വയത്തൂർ യുപിഎസ്

**മൂന്നാം ക്ലാസ്**

1-ാം സ്ഥാനം : ആൻഷിൽ ജീംജു - തോമാപുരം എൽപിഎസ്
2-ാം സ്ഥാനം : ശിവദേവ് പി.കെ - മഞ്ഞളാംപുറം യുപിഎസ്
3-ാം സ്ഥാനം : അനയ ജോസ് - വെള്ളരിക്കുണ്ട് എൽപിഎസ്
4-ാം സ്ഥാനം : ടെസ്സ മരിയ വിനീഷ് - വിളക്കന്നൂർ എൽപിഎസ്

വിജയികൾക്ക് അഭിനന്ദനങ്ങൾ....

**2025-2026 അധ്യയന വർഷം സർവ്വീസിൽ നിന്നും വിരമിക്കുന്നവർ**

| | | | |
|---|---|---|---|
| 1 | Dr. Mendelin Mathew | Principal, Palavayal St. John's HSS | 31-03-2026 |
| 2 | Babu P K | Principal, Kunnoth St. Joseph's HSS | 31-03-2026 |
| 3 | Cijom C Joy | Principal, Thomapuram St.Thomas H.S.S | 31-05-2026 |
| 4 | Linzy P Sam | Principal ,Edoor St.Mary's H.S.S | 31-05-2026 |
| 5 | Josekutty E.P | Principal, Perumpadavu B.V.J.M.H.S.S | 31-03-2026 |
| 6 | Saji George | Principal,Vayattuparamba St.Joseph's H.S.S | 30-04-2026 |
| 7 | Sajiv. C.D. | Principal, Chemperi Nirmala H.S.S | 31-03-2026 |
| 8 | Fr. Kuriakose A V | Principal, Therthally Marygiri H.S.S | 31-03-2026 |
| 9 | Sunny K Sebastian | HM, Peravoor St.Joseph's H.S | 30-04-2026 |
| 10 | Lincy Jose | HM (HS), Angadikadavu Sacred Heart H.S | 31-05-2026 |
| 11 | George.M.J. | HM (HS), Kunnoth St.Joseph's H.S | 31-05-2026 |
| 12 | Josy Mathew | HM (HS), Perumpadavu B.V.J.M H.S | 31-03-2026 |
| 13 | Biji Mathew | HM, Bheemanady Vimala A. L.P.S. | 31-05-2026 |

| | | | |
|---|---|---|---|
| 14 | Biji K John | HM, Pulikurumba St.Joseph's U.P.S. | 30-04-2026 |
| 15 | Sr.Shaini Devasia | HM, Thabore St.Joseph's L.P.S | 31-03-2026 |
| 16 | Saly Mathew | HM, Pathanpara Nirmala L.P.S. | 31-05-2026 |
| 17 | Daisamma Thomas P | HM, Kiliyanthara St. Thomas L.P.S | 31-03-2026 |
| 18 | Mary Roselet | HM, Kacherikadavu St.George's U.P. S | 31-05-2026 |
| 19 | Jancy Mathew | HM, Adichuvary Nirmala L.P.S | 31-05-2026 |
| 20 | Jessykuruvilla M | HM, Arabi St.Joseph's U.P.S | 31-05-2026 |
| 21 | Geethamma M V | HM, Palavayal St.John's L.P.S | 31-05-2026 |
| 22 | Elsamma C J | HM, Karivedakam A.U.P.S | 31-05-2026 |
| 23 | Sherly Augestine | HM, Marypuram St.Mary's A.L.P.S | 31-05-2026 |
| 24 | Benny Mathew | HM, Vayattuparamba St.Joseph's U.P.S | 31-03-2026 |
| 25 | Shyni Jacob | HM, Ratnagiri St.Sebastian's L.P.S | 31-03-2026 |
| 26 | Saly E.T. | HM, Edakkome Christ Nagar L.P.S | 31-03-2026 |
| 27 | Jancy Thomas | HM, Kappad St.Sebastian's U.P.S | 31-05-2026 (VRS) |
| 28 | Mini Thomas | HSST, Mal Sr Palavayal St.John's H.S.S | 31-05-2026 |
| 29 | Bindu Jose | HSST Che Sr Kilianthara St.Thomas H.S.S | 31-05-2026 |
| 30 | Fr Biju John | HSST Eng Sr Chemperi Nirmala H.S.S | 31-03-2026 |
| 31 | Licy Mathew.V | HSST Zool Sr Thomapuram St.Thomas H.S.S | 31-03-2026 |
| 32 | Beena Abraham A | HSST Stati Sr Thomapuram St.Thomas H.S.S | 31-05-2026 |
| 33 | Celeena Abraham | HSST Hin Sr Vayattuparamba St.Joseph's H.S.S | 31-05-2026 |
| 34 | Sr. Pushparani Scaria | HSST Mat Thomapuram St.Thomas H.S.S | 01-10-2025(VRS) |
| 35 | Sherly Abraham | HST (PS) Cherupuzha St.Mary's H.S | 31-03-2026 |
| 36 | Shyni K.K | HST (NS) Chemperi Nirmala H.S | 31-03-2026 |
| 37 | Sr.Soly Dominic | HST (NS) Edoor St.Mary's H.S | 31-03-2026 |
| 38 | Thresiamma K J | HST (Mal) Vellarikundu St.Jude's H.S | 31-05-2026 |
| 39 | Kunjumol Thomas | HST (Mal) Angadikadavu Sacred Heart H.S | 31-05-2026 |
| 40 | Meenakumari.P | HST (Mal) Kudianmala Mary Queen's H.S | 31-05-2026 |
| 41 | Aleyamma Joseph M | HST (Math) Vayattuparamba St.Joseph's H.S | 30-04-2026 |
| 42 | Sr.LissammaThomas | HST (SS) Karikkottakary St.Thomas H.S | 31-05-2026 |
| 43 | Radhakrishnan A | HST (Skt) Therthally Marygiri H.S | 30-04-2026 |
| 44 | Anto Thomas P | HST (Eng) Manikadave St.Thomas H.S | 31-03-2026 |
| 45 | Sr Jessy Joseph | HST (Hin) Velimanam St.Sebastian's H.S | 31-03-2026 |
| 46 | Sr.Mariamma Scaria | UPST Angadikadavu Sacred Heart U.P. S | 31-05-2026 |
| 47 | Sr. Jaya P.V | UPST Kappad St.Sebastian's U.P S. | 31-05-2026 (VRS) |
| 48 | Soosamma Mathew | LPST, Kiliyanthara St. Thomas L.P.S | 31-05-2026 |

| | | | |
|---|---|---|---|
| 49 | Beena Joseph | LPST, Thondiyil St.John's U.P.S | 31-05-2026 |
| 50 | Bincy Francis | LPST Josegiri St.Joseph's U.P.S | 31-03-2026 |
| 51 | Alphonsa P J | LPST Josegiri St. Joseph's UP S | 30-04-2026 |
| 52 | Dolley Sebastian | LPST Chempanthotty Cherupushpam U.P.S | 31-03-2026 |
| 53 | Annamma Antony | LPST Pathanpara Nirmala L.P.S | 30-04-2026 |
| 54 | Jessy Joseph | LPST Chemperi Nirmala U.P.S | 31-05-2026 |
| 55 | Saly Toms | LPST Thomapuram St.Thomas L.P.S | 31-05-2026 |
| 56 | Jaison P A | LPST Kappad St.Sebastian's U.P.S | 31-05-2026 |
| 57 | Gigi.T | JLT (Hindi) Angadikadavu Sacred Heart U.P. S | 31-05-2026 |
| 58 | Reena Cherian | JLT (Hindi) Kappad St.Sebastian's U.P.S | 31-05-2026 |
| 59 | Mercy V M | JLT (Hindi) Vayathur U.P.S | 31-03-2026 |
| 60 | Prasanna Alakkandy | JLT (Sanskrit) Veerpad St.Sebastian's U.P.S | 30-04-2026 |
| 61 | George Joseph C | PET Angadikadavu Sacred Heart H.S | 31-03-2026 |
| 62 | Deepa Thomas | PET Kudianmala Mary Queen's H.S | 31-05-2026 |
| 63 | John Kennady P | Lab Attendant Thomapuram St.Thomas H.S.S | 31-03-2026 |
| 64 | Shaji Antony | Lab Attendant Vellarikundu St. Jude's H.S.S | 31-05-2026 |
| 65 | Rajeev M.C | Clerk Kunnoth St.Joseph's H.S | 31-03-2026 |
| 66 | Steephen V D | Clerk Pulikurumba St.Joseph's H.S | 31-07-2026 |
| 67 | Josekutty Joseph | Clerk Palavayal St.John's H.S | 30-11-2025 |
| 68 | Augusty M.A | Office Attendant Palavayal St.John's H.S | 31-03-2026 |

**അഡ്മിഷൻ**

2026–2027 അധ്യയനവർഷത്തെ അഡ്മിഷൻ കാര്യങ്ങൾ ത്വരിതപ്പെടുത്താനായി മാനേജ്മെന്റിന്റെ സഹായത്തോടെ സ്റ്റാഫ് തീവ്രമായി പരിശ്രമിക്കണം.

പുതിയ അധ്യയന വർഷത്തേക്കുള്ള അക്കാദമിക് കലണ്ടർ സ്റ്റാഫ് മീറ്റിംഗ് ചേർന്ന് തയ്യാറാക്കി അതിന്റെ കോപ്പി കോർപ്പറേറ്റ് ഓഫീസിലേക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്. പകർപ്പ് ബഹുമാനപ്പെട്ട മാനേജരച്ചനും നൽകേണ്ടതാണ്.

**മുന്നൊരുക്കം**

സ്കൂൾ തുറക്കുന്നതിന്റെ മുന്നൊരുക്കമായി സ്കൂൾ അറ്റകുറ്റ പണികൾ, മറ്റ് ക്രമീകരണങ്ങൾ എന്നിവ ചർച്ച ചെയ്ത് രേഖാമൂലം മാനേജരച്ചന്മാരെ ഏല്പിക്കേണ്ടതാണ്.

സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ ഇതിനോടകം കൊടുത്തു എന്നു കരുതുന്നു. അപേക്ഷ നൽകാത്തവർ എത്രയും വേഗം അപേക്ഷ നൽകി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

**ഫാ. സ്കറിയ വടശ്ശേരിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**എൻജിനീയറിംഗ് & മെഡിക്കൽ എൻട്രൻസ് കോച്ചിംഗ് (ക്രാഷ് കോഴ്സ്) 2026**

വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെയും സാൻജോസ് അക്കാദമിയുടെയും നേതൃത്വത്തിൽ NEET, KEAM, CET (കർണ്ണാടക നേഴ്സിംഗ് എൻട്രൻസ്) എന്നീ എൻട്രൻസ് എക്സാമിനായുള്ള കോച്ചിംങ്ങുകൾ (ക്രാഷ് കോഴ്സ്) വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ മാർച്ച് 29 മുതൽ ആരംഭിക്കുന്നു. റസിഡെൻഷ്യലായോ, Day-Scholar ആയോ പഠിക്കാവുന്നതാണ്. ക്രാഷ് കോഴ്സിൽ പങ്കെടുത്ത് ഉയർന്ന മാർക്ക് നേടുന്ന 5 കുട്ടികൾക്ക് വിമൽ ജ്യോതിയിൽ സൗജന്യ പഠനത്തിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. സീറ്റുകൾ പരിമിതമാണ്. കുടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക : **9846423448, 9400062919.**

**2026–27 അധ്യയന വർഷത്തിലെ വിവിധ സ്കോളർഷിപ്പുകൾ**

1. പ്ലസ് വൺ പരീക്ഷയ്ക്ക് ഫിസിക്സ് കെമിസ്ട്രി മാത്തമാറ്റിക്സ് വിഷയങ്ങൾക്ക് 95 ശതമാനത്തിൽ അധികം മാർക്ക് ലഭിച്ച കുട്ടികൾക്ക് ഓരോ വർഷവും പതിനായിരം രൂപ മാത്രം ട്യൂഷൻ ഫീസ് അടച്ചുകൊണ്ട് B-TECH പഠനം പൂർത്തിയാക്കാവുതാണ്. +2 റിസൾട്ട് വന്നു കഴിഞ്ഞാൽ പിന്നെ അതായിരിക്കും പരിഗണിക്കുക. സ്കോളർഷിപ്പിന് ഇപ്പോൾ അപേക്ഷ സമർപ്പിക്കാം.*
2. KEAM RANK SCHOLARSHIP

I. 18000 റാങ്ക് ലഭിക്കുന്നവർക്ക് കോളേജ് ട്യൂഷൻ ഫീസ് പൂർണ്ണമായി സൗജന്യമായിരിക്കും.

II. 800120,000 വരെ റാങ്ക് ലഭിക്കുന്നവർക്ക് ഗവൺമെന്റ് കോളേജിലെ ഫീസിനു തുല്യമായ പതിനായിരം രൂപ മാത്രം ഒരു വർഷത്തെ ട്യൂഷൻ ഫീസ്.*

**വിമൽജ്യോതി MBA കോളേജിൽ സ്കോളർഷിപ്പോടെ പഠിക്കാം**

ഡിഗ്രിക്ക് 50 ശതമാനം മാർക്കോടെ KMAT/CMAT പരീക്ഷ പാസായവർക്ക് അഡ്മിഷന് അപേക്ഷിക്കാവുന്നതാണ്. ഡിഗ്രി പരീക്ഷയ്ക്ക് 85 ശതമാനം മാർക്കുള്ളവർക്ക് ഗവൺമെന്റ് ഫീസിൽ MBA

പഠനം പൂർത്തിയാക്കാം. 75 ശതമാനം % മാർക്കുള്ളവർക്ക് 60,000 രൂപ സ്കോളർഷിപ്പിൽ പഠിക്കാം.

**സാൻജോസ് അക്കാദമി ജർമൻ ഔദ്യോഗിക പരീക്ഷാ കേന്ദ്രം (telc)**

വിമൽജ്യോതി ക്യാമ്പസിൽ പ്രവർത്തിക്കുന്ന സാൻജോസ് അക്കാദമിയിൽ ജർമ്മൻ ഔദ്യോഗിക പരീക്ഷാ കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ഇവിടെ പഠിക്കുന്നവർക്കും, പുറമേ നിന്ന് വരുന്നവർക്കും ഇവിടെ പരീക്ഷയെഴുതാവുന്നതാണ്. എല്ലാ മാസവും പുതിയ ബാച്ചുകൾ ആരംഭിക്കുന്നുണ്ട്. സ്കോളർഷിപ്പോടെ പഠിക്കാനുള്ള അവസരവും ഉണ്ട്.

[* ആദ്യം അപേക്ഷിക്കുന്നവരിൽ നിന്നും സ്കോളർഷിപ്പിന് അർഹരായവരെ തിരഞ്ഞെടുക്കുന്നു. സീറ്റുകളുടെ എണ്ണവും ലിമിറ്റ് ചെയ്തിട്ടുണ്ട്. മറ്റു വിവിധ സ്കോളർഷിപ്പുകളും ആനുകൂല്യങ്ങളും അർഹരായവർക്ക് ലഭ്യമാണ്.*]

കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി നേരിട്ട് ബന്ധപ്പെടുകയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ വിളിക്കുകയോ ചെയ്യുക.

| | |
|---|---|
| ENGINEERING | : 8846423448 , 7907231291 |
| MBA | : 9400512240 , 7012799277 |
| SANJOS ACADEMY | : 8281750777 , 8281730777 |

## PLACEMENT NEWS - MARCH - 2026

- Qatar ആസ്ഥാനമായി പ്രവർത്തിക്കുന്ന ENTECH INDUSTRIAL SUPPLIERS എന്ന കമ്പനി നടത്തിയ CAMPUS RECRUITMENT ലൂടെ 2 കുട്ടികൾക്ക് ജോലി ലഭിച്ചു. ECE, AEI ബ്രാഞ്ചുകളിൽ പഠിക്കുന്ന അവസാനവർഷ വിദ്യാർത്ഥികൾ ആണിവർ. പ്രതിവർഷം 9 ലക്ഷത്തോളം രൂപ ശമ്പളം ലഭിക്കുന്ന ജോലിയാണ്. തിരഞ്ഞെടുക്കപ്പെട്ടവർ ജൂലൈ ആദ്യവാരത്തിൽ ജോലിയിൽ പ്രവേശിക്കണം.
- വാഹനങ്ങൾക്കും വിവിധ മെഷിനറിക്കൾക്കും ആവശ്യമായ Bearingകൾ നിർമ്മിക്കുന്ന പ്രമുഖ കമ്പനിയായ NSK BEARINGS അവസാന വർഷ AEI, EEE, ME വിദ്യാർത്ഥികൾക്കായി നടത്തിയ റിക്രൂട്ട്മെന്റിലൂടെ 20 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. പ്രതിവർഷം 3.40 ലക്ഷം രൂപ പ്രതിഫലം ലഭിക്കും. തിരഞ്ഞെടുക്കപ്പെട്ടവർ ജൂലൈ 31, 2026 ന് മുമ്പായി ചെന്നൈയിലുള്ള പ്ലാന്റിൽ ട്രെയിനിംഗിനായി ചേരണം.
- വിമൽജ്യോതി PLACEMENT CELL, CIEL HR SOLUTIONS (MAFO CONSULTANTS) ആയി സഹകരിച്ച് നടത്തിയ VIRTUAL JOB FAIR-Â-

JAYS CIVIL TECH DESIGN, EAGLE EYE SAFDRIVE, BICS GLOBAL, V4U SOLUTIONS, KITE ROBOTICS, NOVA GLOBAL TECHNOSOFT എന്നീ കമ്പനികൾ പങ്കെടുത്തു. വിമൽ ജ്യോതിയിലെ 105 അവസാന വർഷ വിദ്യാർത്ഥികൾ വിവിധ കമ്പനികൾ നടത്തിയ ഇന്റർവ്യൂവിൽ പങ്കെടുത്തു. സെലക്ഷൻ ലിസ്റ്റ് ഏപ്രിൽ ആദ്യവാരത്തോടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

- പ്രമുഖ ക്യാമ്പസ് റിക്രൂട്ട് ട്രെയിനിംഗ് കമ്പനിയായ FACE PREP നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 9 അവസാന വർഷ വിദ്യാർത്ഥികളെ അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുത്തു. സെലക്ഷൻ പ്രോസസ് മാർച്ച് അവസാനത്തോടെ പൂർത്തിയാകുമെന്ന് കരുതുന്നു.
- STRUCTURAL DESIGN രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ MAXVAL TECHNOLOGIES മാർച്ച് 11-ാം തീയതി വിമൽ ജ്യോതിയിൽ റിക്രൂട്ട്മെന്റിനായി വരികയുണ്ടായി. തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരങ്ങൾ ലഭ്യമായിട്ടില്ല.
- S4, S6 വിദ്യാർത്ഥികൾക്കായി AESTHETICX COCHIN എന്ന ട്രെയിനിംഗ് കമ്പനിയുമായി സഹകരിച്ച് 36 മണിക്കൂർ ദൈർഘ്യമുള്ള ട്രയിനിംഗ് ക്ലാസുകൾ മാർച്ച് 2 മുതൽ 7 വരെയുള്ള തിയതികളിലായി സംഘടിപ്പിച്ചു. COMPETATIVE CODING, APTITUDE എന്നീ മേഖലകളിലാണ് ട്രെയിനിംഗ് നൽകിയത്.
- ORBIT ENGINEERING, AXCESS 10, KAYNES TECHNOLOGY, VVDN, MGS ROBTICS എന്നീ കമ്പനികൾ ഏപ്രിൽ മെയ് മാസങ്ങളിലായി റിക്രൂട്ട്മെന്റിനായി വരുവാൻ താത്പര്യമറിയിച്ചിട്ടുണ്ട്.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# നിർമലഗിരി കോളേജ്
## കൂത്തുപറമ്പ്

**നിർമലഗിരി കോളേജ് പ്രിൻസിപ്പലായി പ്രൊഫ. ഡോ. സാബു സെബാസ്റ്റ്യൻ ചുമതലയേറ്റു**

കോളേജിന്റെ പുതിയ പ്രിൻസിപ്പലായി പ്രൊഫ. ഡോ. സാബു സെബാസ്റ്റ്യൻ ചുമതലയേറ്റു. കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കോളേജ് മാനേജർ മോൺ. ആന്റണി മുതുകുന്നേൽ ഡോക്ടർ സാബു സെബാസ്റ്റ്യനെ പരിചയപ്പെടുത്തി സംസാരിച്ചു. ദീർഘകാല ത്തെ അധ്യാപന പരിചയവും മികച്ച അക്കാദമിക് പശ്ചാത്തലവുമുള്ള പ്രൊഫ. സാബു സെബാസ്റ്റ്യൻ, കോളേജിന്റെ സ്വയംഭരണ പദവി കൂടുതൽ കരുത്തുറ്റതാക്കാൻ നേതൃത്വം നൽകുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ചടങ്ങിൽ വിവിധ വകുപ്പ് മേധാവികൾ, അധ്യാപകർ എന്നിവർ പങ്കെടുത്തു.

കോളേജിന്റെ ഉന്നതമായ വിദ്യാഭ്യാസ പാരമ്പര്യം കാത്തു സൂക്ഷിക്കുന്നതിനൊപ്പം, ആധുനിക തൊഴിൽ സാധ്യതകൾ പരിഗണിച്ച് പുതിയ കോഴ്സുകൾ ആരംഭിക്കാൻ മുൻകൈ എടുക്കുമെന്നും അദ്ദേഹം ചുമതലയേറ്റശേഷം പറഞ്ഞു. ഗവേഷണമേഖലയിലും ഉന്നത വിദ്യാഭ്യാസരംഗത്തും പുതിയ വികാസങ്ങൾ കൊണ്ടുവരുന്നതിനും വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ പുരോഗതിക്കും മുൻഗണന നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ കോളേജ് ബർസാർ റവ. ഡോ. തോമസ് കൊച്ചുകരോട്ട് സ്വാഗതവും സീനിയർ അധ്യാപകൻ ഡോ. രജീഷ് സി ജോൺ ആശംസയും കൗൺസിൽ സെക്രട്ടറി ഡോ. ജോഷി ജോസഫ് നന്ദിയും പറഞ്ഞു

**കെ.ഐ.ആർ.എഫ് റാങ്കിംഗിൽ തിളങ്ങി നിർമ്മലഗിരി കോളേജ്**

കേരള ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF) 2025ൽ ഉജ്ജ്വല നേട്ടവുമായി നിർമ്മലഗിരി കോളേജ്. കേരളത്തിലെ കോളേജുകളുടെ പട്ടികയിൽ സംസ്ഥാനതലത്തിൽ 14-ാം സ്ഥാനം കരസ്ഥമാക്കിയ നിർമ്മലഗിരി, കണ്ണൂർ സർവകലാശാലയ്ക്ക് കീഴിൽ ഒന്നാം സ്ഥാനവും നിലനിർത്തി. അധ്യാപന നിലവാരം, ഗവേഷണ മികവ്, പഠനസൗകര്യങ്ങൾ, ഇൻക്ലൂസിവിറ്റി തുടങ്ങിയ മാനദണ്ഡങ്ങളിൽ പുലർത്തുന്ന ഉയർന്ന ഗുണനിലവാരമാണ് ഈ നേട്ടത്തിലേക്ക് കോളേജിനെ നയിച്ചത്. സ്വയംഭരണ പദവിയും (Autonomous) നാക് (NAAC) എ++ ഗ്രേഡു

മുള്ള കോളേജിന്റെ അക്കാദമിക് മികവിനുള്ള മറ്റൊരു അംഗീകാരമായി ഈ നേട്ടം മാറി. മാനേജ്മെന്റിന്റെയും കലാലയത്തിന്റെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമാണിതെന്ന് പ്രിൻസിപ്പലും മാനേജ്മെന്റും അറിയിച്ചു.

**ജില്ലാതല ഉന്നത് ഭാരത് അഭിയാൻ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു**

നിർമ്മലഗിരി കോളേജിൽ ജില്ലാതല ഉന്നത് ഭാരത് അഭിയാൻ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. കണ്ണൂർ ആകാശവാണി പ്രോഗ്രാം ഹെഡ് എച്ച്. വിനോദ് ബാബു ഉദ്ഘാടനം നിർവഹിച്ചു. നിർമ്മലഗിരി കോളേജിലെ ഉന്നത് ഭാരത് അഭിയാൻ (UBA) യൂണിറ്റിന്റെ നേതൃത്വത്തിൽ ജില്ലാ തലത്തിൽ ആദ്യമായാണ് സമൂഹവികസന പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായുള്ള വർക്ക്ഷോപ്പ് സംഘടിപ്പിച്ചത്. നിർമലഗിരി കോളേജിനെ നോഡൽ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തികൊണ്ടുള്ള പരിപാടിയാണ് സംഘടിപ്പിച്ചത്. കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. സാബു സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. ഉന്നത് ഭാരത് അഭിയാൻ ഐഐടി പാലക്കാട് മേഖലാ കോർഡിനേറ്റർ ആർ പ്രഭുള്ളദാസ് മുഖ്യാതിഥിയായി. പരിപാടിയിൽ യുബിഎ കോർഡിനേറ്റർ ഡോ. ദീപു തോമസ്, നിർമ്മലഗിരി കോളേജ് ബർസാർ റവ. ഡോ. തോമസ് കൊച്ചുകരോട്ട്, ഐ ക്യൂ എ സി കോർഡിനേറ്റർ ഡോ. മാർട്ടിൻ ജോസഫ്, എൽ എസ് ജി ഡി അസിസ്റ്റന്റ് ഡയറക്ടർ ഡോ. എം. സുർജിത്, കുടുംബശ്രീ ജില്ലാ പ്രോഗ്രാം ഓഫീസർ പി ജുബിൻ, ഐസിഡിഎസ് സൂപ്പർവൈസർ പി, ജെ സോണി, ജില്ലാ ശുചിത്വ മിഷൻ കണ്ണൂർ ജില്ലാ കോർഡിനേറ്റർ കെ എം സുനിൽകുമാർ, UBA അസിസ്റ്റന്റ് കോർഡിനേറ്റർ ദീപക് ജോസഫ് എന്നിവർ പങ്കെടുത്തു.

**എൻ എസ് എസ് സംസ്ഥാന കലോത്സവ വിജയികളെ അനുമോദിച്ചു**

പ്രഥമ സംസ്ഥാന എൻ എസ് എസ് കലോത്സവത്തിൽ ഓവർ ഓൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ നിർമലഗിരി എൻ എസ് എസ് ടീം അംഗങ്ങളെ നിർമലഗിരി കോളേജും (ഓട്ടോണമസ്) നിർമലഗിരി കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസും സംയുക്തമായി അനുമോദിച്ചു. കണ്ണൂർ യൂണിവേഴ്സിറ്റി ഡിഎസ്എസ് ഡോ. കെ.വി. സുജിത് അനുമോദന ചടങ്ങ് ഉദ്ഘാടനം ചെയ്തു. നിർമലഗിരി കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. സാബു സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. കോളേജ് ബർസാർ റവ. ഡോ. തോമസ് കൊച്ചുകരോട്ട് അനുഗ്രഹഭാഷണം നടത്തി. നിർമലഗിരി കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസ് പ്രിൻസിപ്പൽ ഡോ. കെ. വി. ഔസേപ്പച്ചൻ മുഖ്യപ്രഭാഷണം നടത്തി. എൻ എസ് എസ് മാഗസിൻ 'വറ്റ്' റവ. ഡോ. തോമസ് കൊച്ചുകരോട്ട് ഡി എസ് എസ് ഡോ.കെ.വി. സുജിത്തിനു നൽകി പ്രകാശനം ചെയ്തു.

എൻ എസ് എസ് അഡ്വൈസറി ബോർഡ് മെമ്പറും എൻ എസ് എസ് സ്റ്റേറ്റ് അവാർഡ് ജേതാവുമായ ഡോ. ദീപമോൾ മാത്യു, നിർമലഗിരി കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസ് എൻ എസ് എസ് പ്രോഗ്രാം ഓഫീസർ ഫാ. ജിന്റോ ജോസഫ്, നിർമലഗിരി കോളേജ് എൻ എസ് എസ് പ്രോഗ്രാം

ഓഫീസർമാരായ ഡോ. ദീപു തോമസ്, സിസ്റ്റർ ഡോ. മഞ്ജു ഒ.എസ്. അസിസ്റ്റന്റ് പ്രൊഫസർ ദീപക് ജോസഫ് കോളേജ് യൂണിയൻ ചെയർമാൻ ഹരിനന്ദൻ വി.സി എന്നിവർ പ്രസംഗിച്ചു.

**ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്**

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെയും കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 'ലഹരി അല്ല ജീവിതം, ജീവിതമാണ് ലഹരി' എന്ന സന്ദേശം ഉയർത്തിപ്പിടിച്ച് ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. നിർമ്മലഗിരി കോളേജ് പ്രിൻസിപ്പൽ ഡോ. സാബു സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. ഷമീർ ധർമ്മടം മുഖ്യപ്രഭാഷണം നടത്തി. യുവജനങ്ങളിൽ ലഹരി ഉപയോഗം വർധിച്ചു വരുന്ന സാഹചര്യത്തിൽ, അതിന്റെ ദോഷഫലങ്ങളെക്കുറിച്ചും ആരോഗ്യത്തിലും കുടുംബജീവിതത്തിലും ഉണ്ടാകുന്ന അസ്വസ്ഥതകളെക്കുറിച്ചും അദ്ദേഹം പറഞ്ഞു. ലഹരിയിലേക്ക് വഴുതിപ്പോയവരുടെ ജീവിതകഥകൾ പങ്കുവെച്ച അദ്ദേഹത്തിന്റെ അവതരണം പങ്കെടുത്തവർക്ക് മുന്നറിയിപ്പായും പ്രചോദനമായും മാറി.

ഹെൽത്ത് ഇൻസ്പെക്ടർ പ്രമോദ്, അരുൺ ദേവ്, NSS പ്രോഗ്രാം ഓഫീസർ ദീപു തോമസ്, NSS യൂണിറ്റ് പ്രോഗ്രാം ഓഫീസർ Sr. ഡോ. മഞ്ജു O S എന്നിവർ പ്രസംഗിച്ചു.

**വനിതാ ദിനാഘോഷം**

അന്താരാഷ്ട്ര വനിതാ ദിനാഘോഷം വുമൺ സെല്ലിന്റെയും വുമൻ എംപവർമെന്റ് കമ്മിറ്റിയുടെയും ആഭിമുഖ്യത്തിൽ വൈവിധ്യമാർന്ന പരിപാടികളോടെ കോളേജിൽ സംഘടിപ്പിച്ചു. പ്രശസ്ത ചരിത്രകാരിയും തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ് അസോസിയേറ്റ് പ്രൊഫസറുമായ ഡോ. ഉഷ സി.കെ. ഉദ്ഘാടനം ചെയ്തു.

സ്ത്രീകളുടെ ചരിത്രപരമായ പോരാട്ടങ്ങളെയും നേട്ടങ്ങളെയും കുറിച്ച് സംസാരിച്ച ഡോ. ഉഷ, യുവതലമുറയിലെ സ്ത്രീകൾ നേതൃത്വപാടവവും ആത്മവിശ്വാസവും വളർത്തിയെടുക്കണമെന്ന് ആഹ്വാനം ചെയ്യുക യും ചെയ്തു. കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. സാബു സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു.

**സാമ്പത്തിക സ്വാശ്രയത്വത്തിന് കൈത്താങ്ങായി**

ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ രണ്ട് അമ്മമാർക്ക് വുമൺ സെല്ലിന്റെ നേതൃത്വത്തിൽ തയ്യൽ പരിശീലനം നൽകുകയും, അവർക്ക് ഉപജീവനത്തിനായി പുതിയ തയ്യൽ മെഷീനുകൾ നൽകുകയും ചെയ്തു. സ്ത്രീകളുടെ സാമ്പത്തിക സ്വാശ്രയത്വവും അന്തസ്സും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. കൂടാതെ, സ്ത്രീകളുടെ കരുത്തും നിശ്ചയദാർഢ്യവും ആദരിക്കുന്നതിനായി 'സ്വയംപര്യാപ്തതാ ബഹുമതി' (Self-Reliance Honour) ചടങ്ങും സംഘടിപ്പിച്ചു.

കോളേജ് ബർസാർ റവ. ഡോ. തോമസ് കൊച്ചുകരോട്ട് മുഖ്യ പ്രഭാഷണം നടത്തി. ഐ.ക്യു.എ.സി (IQAC) കോർഡിനേറ്റർ ഡോ. ഫാ. മാർട്ടിൻ ജോസഫ്, വുമൺ സെൽ കൺവീനർ ഡോ. സിസ്റ്റർ സുജമോൾ ജോസഫ്, ഡോ. എവിസ് ട്രീസ ബാബു, വുമൺ സെൽ സെക്രട്ടറി ഡോ. സിജി മാത്യു, സൂപ്രണ്ട് ശ്രീമതി മോളി ജോസഫ്, വിദ്യാർത്ഥി പ്രതിനിധി റിൻസ ഗംഗാധർ എന്നിവർ പ്രസംഗിച്ചു.

**മാർ വള്ളോപ്പള്ളി അനുസ്മരണവും പേട്രൻസ് ഡേ ആചരണവും**

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അനുസ്മരണ പരിപാടി തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്തയും കോളേജ് പേട്രനുമായ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്ത് അനുസ്മരണ പ്രഭാഷണം നടത്തി. തുടർന്ന് അദ്ദേഹം നിർമലഗിരി ഓട്ടോണമസ് കോളേജ് & നിർമ്മലഗിരി കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസ് വിദ്യാർഥികളുമായി സംവദിച്ചു. അഖിലേന്ത്യാതലത്തിൽ മികച്ച അധ്യാപക അവാർഡ് നേടിയ ഡോ. നൈജിൽ തോമസിനെ മാർ ജോസഫ് പാംപ്ലാനി പൊന്നാടയണിയിച്ച് ആദരിച്ചു. നിർമലഗിരി ഓട്ടോണമസ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. സാബു സെബാസ്റ്റ്യൻ സ്വാഗതവും, കോളേജ് ബർസാർ റവ. ഫാ. തോമസ് കൊച്ചുകരോട്ട് അധ്യക്ഷതയും വഹിച്ചു. നിർമലഗിരി കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി. നന്ദി പറഞ്ഞു. തുടർന്ന് നടന്ന പേട്രൻസ് ഡേ ആഘോഷത്തിന് പ്രോഗ്രാം കമ്മറ്റി കൺവീനർ ഡോ. ജയ്സൺ ജോസഫ് സ്വാഗതവും. കോളേജ് പ്രിൻസിപ്പൽ പ്രൊഫ. സാബു സെബാസ്റ്റ്യൻ ആമുഖഭാഷണവും കോളേജ് ബർസാർ റവ. ഫാ. തോമസ് കൊച്ചുകരോട്ട് അധ്യക്ഷ പ്രസംഗവും നടത്തി.

സെൽഫ് ഫൈനാൻസിംഗ് കോഴ്സ് ഡയറക്ടർ റവ. ഫാ. ലൂക്കോസ് മാടശ്ശേരി, നിർമലഗിരി കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി., റിട്ടയേഡ് ടീച്ചേഴ്സ് ഫോറം പ്രസിഡന്റ് പ്രൊഫ. ഒ. വി. ജോർജ്, സീനിയർ ടീച്ചിംഗ് സ്റ്റാഫ് പ്രതിനിധി ശ്രീ. ജോൺസൺ ജോർജ്, സീനിയർ നോൺ-ടീച്ചിംഗ് സ്റ്റാഫ് പ്രതിനിധി ശ്രീമതി മോളി ജോസഫ് എന്നിവർ ആശംസ പറഞ്ഞു. അതിനുശേഷം ആഘോഷങ്ങൾക്ക് മറുപടി പ്രസംഗം നടത്തിക്കൊണ്ട് മാർ ജോസഫ് പാംപ്ലാനി സംസാരിച്ചു. പ്രോഗ്രാം കമ്മറ്റി അംഗം ഡോ. സിജി മാത്യു ചടങ്ങിന് നന്ദി പറഞ്ഞു.

**എൻ.എസ്.എസ് വോളണ്ടിയർമാർക്ക് ശില്പശാല സംഘടിപ്പിച്ചു**

ഓയിസ്ക കണ്ണൂർ ജില്ലാ ചാപ്റ്റർ, നിർമ്മലഗിരി കോളേജ് (ഓട്ടോണോമസ്) എൻ.എസ്.എസ് യൂണിറ്റ് 25 & 26, ലയൺസ് തലശ്ശേരി മിഡ്ടൗൺ, വിവിധ സർക്കാർ ഡിപ്പാർട്ട്മെന്റുകൾ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ തള്ളോട് കെ.സി ഫാമിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. വിനോദ് ചന്ദ്രൻ എം.വി ചടങ്ങിന് സ്വാഗതം ആശംസിച്ചു. കെ.പി മോഹനൻ എം എൽ എ ചടങ്ങ് ഉദ്ഘാടനം ചെയ്തു. പ്രഭാകരൻ കക്കോത്ത് ചടങ്ങിന് അധ്യക്ഷത വഹിച്ചു. കോട്ടയം ഗ്രാമപഞ്ചായത്ത്

പ്രസിഡണ്ട് കെ. ആതിര ചടങ്ങിൽ മുഖ്യാതിഥിയായി. യുനാനി മെഡിക്കൽ ഓഫീസർ ഡോ. നിഷാ, നിർമ്മലഗിരി കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. സാബു സെബാസ്റ്റ്യൻ, കെ.സി മനോഷ്, രാജൻ, പ്രകാശൻ, എക്സൈസ് ഓഫീസർ ബീന, എം. മനോജ് സി. കെ, ഗണേഷ് വേലാണ്ടി, റിനിൽ മനോഹർ, സുരേഷ്ബാബു, പ്രദീപ്കുമാർ എന്നിവർ ചടങ്ങിന് ആശംസ അർപ്പിച്ച് സംസാരിച്ചു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാരായ ഡോ. ദീപു തോമസ്, ഡോ. സിസ്റ്റർ. മഞ്ജു ഓ.എസ് ക്യാമ്പിനു നേതൃത്വം നൽകി. സുമേഷ് കെ.എം നന്ദി അർപ്പിച്ച് സംസാരിച്ചു. തുടർന്ന് എൻ.എസ്.എസ് വോളന്റിയേഴ്സിനായി നേത്ര പരിശോധന ക്യാമ്പും യുനാനി ക്യാമ്പും സംഘടിപ്പിച്ചു. എൻ.എസ്.എസ് വോളന്റിയേഴ്സ് ക്യാമ്പിന്റെ ഭാഗമായി കുടിവെള്ളം ടെസ്റ്റ് ചെയ്യാൻ ഫ്.എസ്.എസ്.ഐ മൊബൈൽ യൂണിറ്റിന് വീട്ടിൽ നിന്നും കൊണ്ടുവന്ന കുപ്പിവെള്ളം കൈമാറി. ക്യാമ്പിന് എൻ.എസ്.എസ്.വോളന്റിയർ ശ്രീനന്ദ് സി. നന്ദി പറഞ്ഞു.

**ഡോ. ജോസ് തെക്കൻ ഓൾ ഇന്ത്യ ബെസ്റ്റ് ടീച്ചർ അവാർഡ്**

ഡോ. ജോസ് തെക്കൻ ഓൾ ഇന്ത്യ ബെസ്റ്റ് ടീച്ചർ അവാർഡിന് നിർമ്മലഗിരി കോളേജ് കെമിസ്ട്രി വിഭാഗം അധ്യക്ഷൻ ഡോ. നൈജിൽ തോമസ് അർഹനായി. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ നടന്ന ചടങ്ങിൽ മലയാളം സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സി. ആർ. പ്രസാദിൽ നിന്ന് ഡോ. നൈജിൽ തോമസ് അവാർഡ് ഏറ്റുവാങ്ങി.

**സി എം പ്രതിഭ സ്കോളർഷിപ്പ്**

ചീഫ് മിനിസ്റ്റേഴ്സ് പ്രതിഭാ സ്കോളർഷിപ്പിന് വിവിധ വിഷയങ്ങളിലായി 12 വിദ്യാർത്ഥികൾക്ക് പ്രതിഭാ പുരസ്കാരം ലഭിച്ചു. പുരസ്കാര തുകയായ ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ ബിന്ദുവിൽ നിന്ന് വിദ്യാർഥികൾ ഏറ്റുവാങ്ങി.

**ദേശീയ യുവജനോത്സവം: നിർമ്മലഗിരിക്ക് നേട്ടം**

39-ാമത് അഖിലേന്ത്യാ അന്തർ സർവകലാശാലാ ദേശീയ യുവജനോത്സവത്തിൽ തിളക്കമാർന്ന നേട്ടവുമായി ശ്രീദേവ് കൃഷ്ണ. വെസ്റ്റേൺ ഇൻസ്ട്രുമെന്റൽ മ്യൂസിക് (സോളോ), വെസ്റ്റേൺ ഗ്രൂപ്പ് സോങ്ങ് എന്നീ വിഭാഗങ്ങളിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയാണ് ശ്രീദേവ് ഈ നേട്ടം കൈവരിച്ചത്. രണ്ടാം വർഷ ബി.എസ്.സി മാത്തമാറ്റിക്സ് വിദ്യാർത്ഥിയാണ് ശ്രീദേവ്.

**കളരിപ്പയറ്റ് ജേതാക്കൾ**

കണ്ണൂർ സർവകലാശാല കളരിപ്പയറ്റ് വനിതാ വിഭാഗത്തിൽ നിർമ്മലഗിരി കോളേജ് ചാമ്പ്യന്മാർ കണ്ണൂർ സർവകലാശാല ഇന്റർ കൊളീജിയറ്റ് കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പിൽ വനിതാ വിഭാഗത്തിൽ നിർമ്മലഗിരി കോളേജ് ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

**പി ആർ ഒ**
നിർമലഗിരി കോളേജ്

# ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്
## എ. കെ. സി. സി.

പ്രിയ ബഹുമാനപ്പെട്ടവരെ,

കത്തോലിക്കാ കോൺഗ്രസിന്റെ 108-ാമത് ജന്മദിന വാർഷികാ ഘോഷത്തോടനുബന്ധിച്ച് നമ്മുടെ അതിരൂപതയുടെ നേതൃത്വത്തിൽ കണ്ണൂര് സംഘടിപ്പിച്ച സമുദായ സംഗമവും മഹാറാലിയും വിജയകര മായി പൂർത്തിയാക്കുവാൻ നമുക്ക് സാധിച്ചു. നമ്മുടെ അതിരൂപതയുടെ പരിശ്രമങ്ങളെ വിജയിപ്പിക്കുന്ന ഈശോയ്ക്ക് നന്ദി പറയാം. തലശ്ശേരി അതിരൂപതയുടെ ചരിത്രത്തിൽ ഇത്രത്തോളം ജനം ഒരുമിച്ച് ചേർന്ന അപൂർവ്വം സംഭവങ്ങളെ ഉണ്ടായിട്ടുള്ളൂ. കണ്ണൂർ ജില്ലാ ആസ്ഥാന ത്തിന്റെ ഹൃദയഭാഗത്തുകൂടി നാം ഒരു സമൂഹമായി ഒരുമിച്ച് നീങ്ങിയത് കൂട്ടായ സാക്ഷ്യത്തിന്റെ അവസരമായി. കഴിഞ്ഞ രണ്ട് മാസക്കാലത്തെ കഠിനാധ്വാനത്തിന്റെ ഫലമാണ് നമ്മൾ കണ്ണൂർ നഗരത്തിൽ കണ്ടത്. നമ്മുടെ അതിരൂപതയ്ക്കും സീറോ മലബാർ സഭയ്ക്കും അഭിമാനമായി, ഉജ്ജ്വലമായ നേതൃത്വം നൽകുന്ന അഭിവന്ദ്യ അതിരൂപതാധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി പിതാവിന് ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പി ക്കുന്നു. പിതാവിന്റെ അകമഴിഞ്ഞ പ്രോത്സാഹനവും അഭൂതപൂർവ്വമായ ക്രാന്തദർശനവും ഈ സമുദായ സംഗമത്തെ വൻവിജയമാക്കിതീർത്തു.

നമ്മുടെ അതിരൂപതയുടെ പ്രോട്ടോ സിഞ്ചെലൂസ് മോൺ. ആന്റണി മുതുകുന്നേൽ അച്ചനെയും, വികാരി ജനറാൾമാരായ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനെയും, മോൺ. മാത്യു ഇളംതുരുത്തി പടവിലച്ചനെയും ചാൻസലർ ജോസഫ് മുട്ടത്തുകുന്നേൽ അച്ചൻ, പ്രോക്യൂറേറ്റർ ജോസഫ് കാക്കരമറ്റത്തിൽ അച്ചൻ ഉൾപ്പെടെയുള്ള അതിരൂപതാ കേന്ദ്രത്തിലെ മുഴുവൻ വൈദികരെയും നന്ദിയോടെ ഓർക്കുന്നു. സന്ദേശഭവനിലെ എല്ലാ അച്ചന്മാരും എല്ലാ ഫൊറോനാ വികാരിയച്ചന്മാരും ലേഅപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ അച്ചന്മാരും ഇടവക യൂണിറ്റ് ഡയറക്ടർമാരായ പ്രിയ ബഹു. വികാരി അച്ചൻമാരും ആദ്യം മുതലേ പൂർണ്ണ പിന്തുണ തന്നത് നന്ദിയോടെ എടുത്തു പറയട്ടെ.

നമ്മുടെ അതിരൂപതയിൽ 203 ഇടവകകളിൽ നിന്നും പതിനായിര ക്കണക്കിന് ദൈവജനം ആണ് കണ്ണൂർ നഗരത്തിലേക്ക് ഒഴുകിയെത്തിയത്. അഭിവന്ദ്യ പിതാവിനോട് ഒപ്പം നമ്മുടെ വൈദികരുടെയും അത്മായ നേതാക്കളുടെയും കൂട്ടായ്മയുടെയും സഹകരണത്തിന്റെയും വിജയമായി രുന്നു ഈ നാളുകളിൽ നമ്മൾ അനുഭവിച്ചത്.

പ്രിയപ്പെട്ട അച്ചന്മാരെ നിങ്ങളുടെ സഹകരണവും അധ്വാനവുമാണ് ഇത്ര ത്തോളം ദൈവജനം കണ്ണൂര് എത്തിച്ചേരാൻ ഇടയാക്കിയത് എന്ന് എടുത്തു പറയട്ടെ. ഓരോരുത്തരോടും എങ്ങനെ നന്ദി പറയണം എന്നറിയില്ല. ബഹു. ഫൊറോനാ വികാരി അച്ചൻമാർക്കും കത്തോലിക്കാ കോൺഗ്രസിന്റെ ഫൊറോനാ ഡയറക്ടർ അച്ചന്മാർക്കും ഒരിക്കൽ കൂടി ആത്മാർത്ഥതയോടെ നന്ദി പറയുന്നു.

ഓരോ അവസരത്തിലും പ്രിയപ്പെട്ട അച്ചന്മാർ വ്യക്തിപരമായി എനിക്ക് നൽകിയ പ്രോത്സാഹനത്തിനും സഹകരണത്തിനും അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ നാമത്തിലും കത്തോലിക്കാ കോൺഗ്രസിന്റെ ഗ്ലോബൽ ഭാരവാഹികളുടെ നാമത്തിലും ഹൃദയം നിറഞ്ഞ നന്ദി ആവർത്തിച്ചു ഞാൻ അറിയിക്കുന്നു.

ത്യാഗപൂർവം സമുദായ സംഗമത്തിന് എത്തിച്ചേർന്ന പ്രിയപ്പെട്ട ദൈവ ജനത്തിനും ഇടവകകളിൽ ജോലിചെയ്യുന്ന സമർപ്പിതർക്കും ഇതിനോടകം വിശുദ്ധ കുർബാന മദ്ധ്യേ അതിരൂപതയുടെ നന്ദി അറിയിച്ചുകാണുമല്ലോ. കൂടുതൽ കരുത്തോടെ ഈ കാലഘട്ടത്തിൽ നമ്മുടെ സമുദായത്തെ മുന്നോട്ടു നയിക്കുവാൻ ഈശോ നമ്മളെ ഓരോരുത്തരെയും സഹായിക്കട്ടെ.

സ്നേഹത്തോടെ

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*

# എയ്ഞ്ചൽ ട്രസ്റ്റ്

**എല്ലാവരുടെയും ശ്രദ്ധക്ക്**

1. എയ്ഞ്ചൽ ഡയാലിസിസിലേക്ക് നിങ്ങൾ ഇടവകയിൽനിന്നും നൽകിയ എല്ലാ തുകകളും പള്ളികണക്കിലും ചേർക്കണം. കണക്കുകൾ ഓഡിറ്റിംഗിന് നൽകുമ്പോൾ ഇവ ഓഡിറ്റേഴ്സ് ഒത്തു നോക്കാറുണ്ട്.

2. എയ്ഞ്ചൽ ഡയാലിസിസിന്റെ 2025-26 വർഷത്തെ ഓഡിറ്റിംഗ് ഈ ഏപ്രിൽ മാസം നടത്തേണ്ടതുണ്ട്. അതുകൊണ്ട് ഏപ്രിൽ 30നകം അതിരൂപത ഓഫീസിൽ ഓഡിറ്റിന് ആവശ്യമായ രേഖകൾ അതാത് ഫൊറോനാ ഡയറക്ടർ അച്ചന്മാർ സമർപ്പിക്കണം.

3. കണക്കുകൾ കൃത്യമായി comptes ൽ തന്നെ ചെയ്ത് സമർപ്പിക്കണം.

4. കഴിഞ്ഞ ഓഡിറ്റിംഗിന്റെ കുറവുകൾ പരിഹരിച്ച് കൃത്യമായി എല്ലാ രേഖകളും നൽകണം.

   (ബില്ലുകൾ, വൗച്ചറുകൾ, കണക്ക്ബുക്ക് - കംപ്റ്റസിൽ ചെയ്തത്, മാനേജിംഗ് കമ്മിറ്റി മിനിറ്റ്സ് ബുക്ക്)

4. മാനേജിംഗ് കമ്മിറ്റി മീറ്റിംഗിന്റെ മിനിറ്റസ് ബുക്ക് നൽകണം.

5. ഈ ഏപ്രിൽ ഒന്നുമുതൽ പുതിയ റെസിപ്റ്റ് ബുക്ക് നിർബന്ധമായും ഉപയോഗിക്കണം.

6. പുതിയ റെസിപ്റ്റ് ബുക്ക് ആവശ്യമുള്ളവർ എന്നെ അറിയിച്ചാൽ മുറോൻ തൈലം വെഞ്ചരിപ്പിനു വരുമ്പോൾ കൊണ്ടു വരുന്നതാണ്.

7. ഇനിയും comptes ൽ കണക്കു ചെയ്യാത്ത 8 ഫൊറോനകൾ ഉണ്ട്. അവർ ഈ മാസം തന്നെ ചെയ്യുമല്ലോ. ലിസ്റ്റ് ചുവടെ നൽകുന്നു.

## ANGEL TRUST – STATUS OF ACCOUNTING AS ON 13/02/2026

### ACCOUNTED IN COMPTES

| SL. No., FORANE | Donation Accounted in Comptes | Bank Transactions Accounted |
|---|---|---|
| 1 CHEMPANTHOTTY | ✓ Last entry 10/10/25 | ✓ |
| 2 EDOOR | ✓ Last entry 19/01/26 | ✓ |
| 3 KUNNOTH | ✓ Last entry 30/10/25 | ✓ |
| 4 MANIKKADAVU | ✓ First entry 05/05/25<br>Last entry13/08/25 | x |
| 5 MARYGIRI | ✓ Last entry 24/11/25 | ✓ |
| 6 NELLICKAMPOIL | x | x |
| 7 VAYATTUPARAMBA | ✓ Last entry 23/11/25 | ✓ |
| 8 PERAVOOR | ✓ Last entry 05/12/25 | ✓ |
| 9 THALIPARAMBA | x | x |
| 10 ALAKODE | ✓ Last entry 02/10/25 | ✓ |
| 11 KANHANGAD | ✓ Last entry 05/08/25 | ✓ |
| 12 CHEMPERI | x | x |
| 13 CHERUPUZHA | x | x |
| 14 PAISAKARY | ✓ Last entry 22/04/25 | ✓ |
| 15 PANATHADY | ✓ Last entry 19/01/2026<br>Only 5 Donations accounted<br>(1st donation on October) | x |
| 16 THOMAPURAM | x | x |
| 17 VELLARIKUNDU | x | x |
| 18 KASARGOD | x | x |
| 19 MALOME | x | x |

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# കരിസ്മാറ്റിക് മൂവ്മെന്റ്

**തുവാനിസ സംഗമം**

18-2-2026 ന് തുവാനിസ മിനിസ്ട്രി നേതൃസംഗമം മണ്ഡപം സെന്റ് ജോസഫ് ദൈവാലയത്തിൽ നടന്നു. സെൻട്രൽ മിനിസ്ട്രി കോർഡിനേറ്ററും സർവ്വീസ് ടീമംഗങ്ങളും 25 ഓളം അമ്മമാരും പങ്കെടുത്തു. 18-2-2026 ന് കെറിഗ്മ മിനിസ്ട്രി ഏകദിനം നടന്നു. റവ. ഫാ. ഓസ്റ്റിൻ ചക്കാംകുന്നേൽ വി. കുർബ്ബാന അർപ്പിച്ചു വചനസന്ദേശം നൽകി. കെറിഗ്മ മിനിസ്ട്രി സെൻട്രൽ ടീമംഗമായ മേരി മലേപറമ്പിൽ നേതൃത്വം നൽകി.

**വചന സന്ദേശ യാത്ര**

ഫെബ്രുവരി 1 ന് നെയ്യാറ്റിൻകരയിൽ നിന്ന് കെ.സി.എസ്.സി. കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി നേതൃത്വം നൽകിയ വചനസന്ദേശ യാത്ര 22-2-2026 മുതൽ 24-2-2026 വരെ അതിരൂപതയിലെ 20 ഓളം ദൈവാലയങ്ങളിൽ എത്തിച്ചേർന്നു. തലശ്ശേരി സോണിലെ കോളയാട്, എടൂർ, വിളമന, മാട്ടറ ദൈവാലയങ്ങളിൽ എത്തുകയും ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ ജാഗരണ പ്രാർത്ഥനയും ജറീക്കോ പ്രാർത്ഥനയും നടത്തുകയും ചെയ്തു. 23-3-2026 ന് രാവിലെ 4.30 ന് ഇരിട്ടിയിലെ വി. കുർബ്ബാനയ്ക്കുശേഷം പര്യടനത്തിനായി കണ്ണൂർ സോണിലെ പയ്യാവൂർ ദൈവാലയത്തിൽ എത്തിച്ചേർന്നു. 24-2-2026 ന് കാസർഗോഡ് സോണിലെത്തി. കാസർഗോഡ് സോണിൽ ചെറുപുഴ, ചായ്യോം, പനത്തടി, വെള്ളരിക്കുണ്ട്, ദൈവാലയങ്ങൾ സന്ദർശിച്ച് തോമാപുരം ദൈവാലയത്തിലെത്തി. സോണൽ ആനിമേറ്ററും അതിരൂപതാ വികാരി ജനറാളുമായ മോൺ. മാത്യു ഇളംതുരുത്തിപടവിൽ ഉദ്ഘാടനസന്ദേശവും തോമാപുരം വികാരി റവ. ഫാ. മാണി മേൽവെട്ടം സ്വാഗതപ്രഭാഷണവും നടത്തി. തുടർന്ന് അതിരൂപതയിൽ നവീകരണ മുന്നേറ്റത്തിൽ നന്നായി ശുശ്രൂഷ ചെയ്ത 2 വൈദികരെയും 2 അൽമായരെയും ആദരിച്ചു. റവ. ഫാ. ജോസഫ് മഞ്ചപ്പള്ളിൽ, റവ. ഫാ. ജോസഫ് ഒറ്റപ്ലാക്കൽ, മുൻ കാസർഗോഡ് കോർഡിനേറ്റർമാരായിരുന്ന ശ്രീ. അപ്പച്ചൻ കാഞ്ഞിരമറ്റം, ശ്രീ. ജോയി വാഴയിൽ എന്നിവരെയാണ് ആദരിച്ചത്. തുടർന്ന് നടന്ന ജറീക്കോ പ്രാർത്ഥനയിൽ കെ.സി.എസ്.സി കോർഡിനേറ്റർ റവ. ഫാ. ജോൺസൺ തുണ്ടിയിൽ, കെ.സി.എസ്.സി അംഗവും തൃശ്ശൂർ ജറുസലേം ധ്യാനകേന്ദ്ര ഡയറക്ടറുമായ റവ. ഫാ. ജോ പാച്ചേരിൽ, കെ.സി.എസ്.സി ജോയിന്റ് കോർഡിനേറ്റർ ഷാജി വൈക്കത്തുപറമ്പിൽ, സിസ്റ്റർ മരിയറ്റ് എം.എസ്. എം.ഐ. എന്നിവർ നേതൃത്വം നൽകി. കെ.സി.എസ്.സി. അംഗങ്ങളും സോണൽ സർവ്വീസ് ടീമംഗങ്ങളും കോർഡിനേറ്റർ ബിനോയ് പുതിയ മംഗലത്തിനോടൊപ്പം പങ്കെടുത്തു.

**മിനിസ്ട്രി കൂടായ്മകൾ**

10-3-2026 ന് മധ്യസ്ഥ പ്രാർത്ഥന കൂട്ടായ്മ നല്ലോമ്പുഴ വിൻസെൻഷ്യൻ ഭവനത്തിൽ നടന്നു. 10-3-2026 ന് പാരീഷ് മിനിസ്ട്രി കൂട്ടായ്മ രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ നടന്നു. 17-3-2026 ന് കെറിഗ്മ മിനിസ്ട്രി കൂട്ടായ്മ അമ്പലത്തറ കപ്പൂച്ച്യൻ ആശ്രമ ദൈവാലയത്തിൽ വച്ചു നടന്നു.

**ജൂബിലി രജിസ്ട്രേഷൻ**

18-3-2026 ന് ജൂബിലി രജിസ്ട്രേഷനുവേണ്ടി ഓൾ കേരള മൊബിലൈസേഷൻ ടീം തോമാപുരത്തെത്തി. ശ്രീ. സണ്ണി വളവനാട്ടിന്റെ നേതൃത്വത്തിൽ ആണ് മൊബിലൈസേഷൻ ടീം എത്തിയത്. സോണിന്റെ സംയുക്ത കൂട്ടായ്മയിൽ വച്ച് 68 പേർ രജിസ്ടേഷൻ ഫോം ഒപ്പിട്ടു നൽകി. മെയ് 1, 2, 3, തീയതികളിൽ 150 പേരെ പങ്കെടുപ്പിക്കാനുള്ള ആഗ്രഹവും പ്രാർത്ഥനയും സോണൽ കൂട്ടായ്മ ഏറ്റെടുത്തു.

**ജുബിലേവൂസ് - 2026**

കണ്ണൂർ സോണിൽ ജൂബിലിക്കൊരുക്കമായ തിരുസന്നിധേ കൂട്ടായ്മ 23-3-2026 ന് ആലക്കോട് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വച്ചു നടത്തപ്പെട്ടു. വെരി. റവ. ഫാ. ആന്റണി പുന്നൂർ, റവ. ഫാ. ജോസ് മൈലാം മൂട്ടിൽ എന്നിവർ നേതൃത്വം നല്കി.

**കുരിശിന്റെ വഴി**

31-3-2026 ന് ചൊവ്വാഴ്ച രാവിലെ 8 മണിക്ക് ആലക്കോട് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ നിന്നും വിളക്കന്നൂർ ക്രിസ്തുരാജ ദൈവാലയത്തിലേക്ക് കുരിശിന്റെ വഴി പരിഹാരയാത്ര നടത്തപ്പെട്ടു. റവ. ഫാ സെബാസ്റ്റ്യൻ മുട്ടത്തുപ്പാറ, സോണൽ കോർഡിനേറ്റർ ശ്രീ. ആന്റണി പാലാട്ടി എന്നിവർ നേതൃത്വം നൽകി. 24-3-2026 ന് പുഷ്പാരാം ആശ്രമത്തിൽ നിന്ന് രാവിലെ 8 മണിക്ക് ആരംഭിച്ച കുരിശിന്റെ വഴി പ്രാർത്ഥന ഇരിട്ടി പട്ടണത്തിലൂടെ മാടത്തിൽ ദൈവാലയത്തിൽ എത്തിച്ചേർന്നു. റവ. ഫാ. ജോർജ് കരോട്ട്, റവ. ഫാ. ജോസഫ് കൊളുത്താപ്പള്ളി എന്നിവർ നേതൃത്വം നൽകി.

**ഈസ്റ്റർ ഭക്ഷണം**

ഈസ്റ്റർ ദിനത്തിൽ തെരുവിലും ആരോരുമില്ലാത്തവരുമായവർക്ക് നൽകാനായി വിളമന പള്ളിയങ്കണത്തിൽ വച്ച് 3000 ബിരിയാണിപ്പൊതി തയ്യാറാക്കുന്നതാണ്.

**ഫാ. സേവ്യർ പുത്തൻപുരയയ്ക്കൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**ജ്യോതി ഭവൻ സ്പെഷ്യൽ സ്കൂൾ ചിറ്റാരിക്കാൽ**

ശാന്തിഗിരി ആശ്രമം ആലക്കോടും അതിരൂപത ആദം മിനിസ്ട്രിയും സംയുക്തമായി രണ്ടാം തീയതി തിങ്കളാഴ്ച ചിറ്റാരിക്കാൽ ജ്യോതിഭവൻ സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്കായി അർദ്ധദിന സൗഹൃദ ക്യാമ്പ് സംഘടിപ്പിച്ചു. ശാന്തിഗിരി ട്രസ്റ്റ് ഡയറക്ടർ ഫാ. ജോർജ് കുറുമണ്ണിൽ ലക്സൻ ബർഗ്, ഡിഗ്നിറ്റി സോഷ്യൽ വർക്ക് ഗ്രൂപ്പ് അംഗങ്ങളായ ശ്രീ. ടോം, ശ്രീമതി മാരിസെല്ല എന്നിവർ ചേർന്ന് കുട്ടികൾക്ക് ആകർഷകമായ കലാപരിപാടികൾ നടത്തി സമ്മാനങ്ങൾ നൽകി. ജ്യോതി ഭവനിലെ കുട്ടികൾ തങ്ങളുടെ കലാവിരുന്നുകൾ പ്രദർശിപ്പിച്ചു. സ്നേഹവിരുന്ന് നൽകിക്കൊണ്ട് കുട്ടികളോടുള്ള സ്നേഹവാത്സല്യം ശാന്തിഗിരി ആശ്രമം പ്രകടിപ്പിച്ചു. ആദം മിനിസ്ട്രി ഡയറക്ടർ ഫാ. പ്രിയേഷ് ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

**ശാലോം ടെലിവിഷനിൽ ആംഗ്യഭാഷ വിശുദ്ധ ബലി**

മാർച്ച് 15-ാം തീയതി മുതൽ എല്ലാ ഞായറാഴ്ചകളിലും രാവിലെ 10 മണിക്ക് ശാലോം ടെലിവിഷനിലൂടെ ആംഗ്യഭാഷയിൽ വിശുദ്ധ ബലി ആരംഭിച്ചു. ലോകമെമ്പാടുമുള്ള ബധിര വിശ്വാസസമൂഹത്തെ പരിശുദ്ധ ബലിയിൽ അവരുടെ മാതൃഭാഷയിൽ പങ്കുചേരുവാൻ സഹായകരമാകുന്ന ഈ വലിയ ദൈവിക പദ്ധതിക്ക് ശാലോം മീഡിയാ അധികാരികൾക്ക് പ്രത്യേകം നന്ദി. എല്ലാ മാസവും രണ്ട് ദിനങ്ങളിലായി കാത്തലിക് ഡഫ് അസോസിയേഷനിലെ അംഗങ്ങളുടെ സഹായത്തോടെ പെരുവണ്ണാമുഴി ശാലോം ടെലിവിഷൻ സെന്ററിൽ വെച്ച് കുർബാന അർപ്പണം നടത്തുന്നു.

**മലയാറ്റൂർ തീർത്ഥാടനം**

കാത്തലിക്ക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ 22-ാം തീയതി ഞായറാഴ്ച നടത്തപ്പെട്ട മലയാറ്റൂർ തീർത്ഥാടനത്തിൽ ആലക്കോട്, വയനാട് എന്നീ രണ്ട് കൂട്ടായ്മകളിൽ നിന്നായി 40 ഓളം പേർ പങ്കുചേർന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 350 ഓളം ബധിര വിശ്വാസികളും, വൈദികരും, സന്യസ്ഥരും തീർത്ഥാടനത്തിൽ പങ്കുചേർന്നു.

**നോമ്പുകാല ഏകദിന ധ്യാനം ബാംഗ്ലൂർ**

ബാംഗ്ലൂർ മിഷനിലെ അംഗങ്ങൾക്കായി 22-ാം തീയതി ഞായറാഴ്ച വലിയ ആഴ്ചയിലേക്ക് പ്രവേശിക്കുന്നതിനൊരുക്കമായി ഏകദിന ധ്യാനം നടത്തി. കുരിശിന്റെ വഴി, കുമ്പസാരം, വിശുദ്ധ ബലി എന്നിവയിലൂടെ ബാംഗ്ലൂർ ബധിര വിശ്വാസ കൂട്ടായ്മ വിശുദ്ധ വാരത്തിലെ കൃപകൾ സ്വീകരിക്കുവാൻ ഒരുങ്ങി.

**കെ. സി. ബി.സി. പ്രോലൈഫ് സംഘടനാ ആദരവും, തലശ്ശേരി അതിരൂപത നല്ല സമറായൻ സംഗമവും**

25-ാം തീയതി തലശ്ശേരി അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റ്, കെ.സി.ബി.സി. പ്രോലൈഫ് മൂവ്മെന്റ് എന്നിവയുടെ നേതൃത്വത്തിൽ നടന്ന 2026 പ്രൊലൈഫ് ദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച മീറ്റിംഗിൽവെച്ച് തലശ്ശേരി അതിരൂപത ഭിന്നശേഷി ശുശ്രൂഷ വിഭാഗമായ ആദം മിനിസ്ട്രിയിലൂടെ അതിരൂപതയിലെ നാനാവിധ ജനവിഭാഗ ങ്ങൾക്കായി ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെ പരിഗണിച്ച് നൽകിയ ആദരവ് ഏറ്റുവാങ്ങുകയും, അതിരൂപതയിലെ നിരാലംബരും, ഭിന്നശേഷി ക്കാരും, വിവിധ ക്ലേശങ്ങളിലൂടെ കടന്നു പോകുന്നവരുമായ മക്കളെ ചേർത്തു പിടിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെ ഡയറക്ടേഴ്സ്, ശുശ്രൂഷകൾ എന്നിവ രുടെ കൂട്ടായ്മയായ നല്ല സമറായൻ കൂട്ടായ്മയിൽ പങ്കുചേരുകയും ചെയ്തു.

അതിരൂപതയിലെ നല്ല സമറിയാക്കാരെ ഒരുമിച്ചു കൂട്ടുവാൻ, ആദരിക്കു വാൻ, സാമ്പത്തികമായി സഹായിക്കുവാൻ തയ്യാറായ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ബഹു. ജോബി കോവാട്ടച്ചനും ടീം അംഗ ങ്ങൾക്കും ആദം മിനിസ്ട്രിയുടെ അഭിനന്ദനങ്ങൾ.

**ഓശാന ഞായർ ആലക്കോട്**

ലോകരക്ഷനായ ഈശോമിശിഹായുടെ ഓശാന തിരുനാൾ ഹൃദയ ത്തിന്റെ ഭാഷയിൽ കൈകളുടെയും, മുഖഭാവങ്ങളുടെയും ആർപ്പുവിളിക ളോടെ ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ അംഗങ്ങൾ തലശ്ശേരി അതിരൂപത ആദം മിനിസ്ട്രിയുടെ നേതൃത്വത്തിൽ ആഘോഷിച്ചു. ആലക്കോട് സെന്റ് മേരിസ് ഇംഗ്ലീഷ് മീഡിയം കോൺവെന്റ് ദൈവാലയത്തിൽ നിന്നും ആരംഭിച്ച ഓശാന പ്രദക്ഷിണം ആലക്കോട് സെന്റ് മേരിസ് ഫൊറോന ദൈവാലയത്തിൽ സമാപിച്ചു. വലിയ ആഴ്ചയിലേക്ക് പ്രവേശിക്കുന്നതിന് ഒരുക്കമായി അംഗങ്ങൾക്ക് വിശുദ്ധ കുമ്പസാരവും ഒരുക്കി.

**ആംഗ്യഭാഷ ധ്യാനം ഡിവൈൻ ധ്യാന കേന്ദ്രത്തിൽ**

കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യ ത്തിൽ നടത്തപ്പെടുന്ന ബധിര വിശ്വാസസമൂഹത്തിനുള്ള ധ്യാനം ഡിവൈൻ മുരിങ്ങൂർ ധ്യാനസെൻററിൽ വച്ച് മെയ് 22, 23, 24 തീയതികളിൽ നടത്ത പ്പെടുന്നു. ഏവരെയും സ്വാഗതം ചെയ്യുന്നു.

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യ – ലഹരിവിരുദ്ധസമിതി

## മുക്തിശ്രീ, പ്രതീക്ഷ മദ്യപാനരോഗ ചികിത്സാകേന്ദ്രം

ലഹരിയുടെ വൻ വ്യാപനവും, അതുണ്ടാക്കുന്ന ഗുരുതരമായ പ്രത്യാഘാതങ്ങളും, കുടുംബങ്ങളും സമൂഹവും നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളും ഒക്കെ സഭയും സമൂഹവും വേണ്ടത്ര ഗൗരവത്തിൽ ചർച്ച ചെയ്യുന്നില്ലയെന്നുള്ളത് ദുഃഖകരമായ സത്യമാണ്. എത്രയോ കുടുംബങ്ങളാണ് ലഹരിക്കടിമപ്പെട്ടു പോയ വ്യക്തികളുടെ ജീവിതം കൊണ്ട് പ്രതിസന്ധിയിലായിരിക്കുന്നത്. ഒരു വ്യക്തി മദ്യം കുടിക്കുമ്പോൾ കുടുംബാംഗങ്ങൾ കണ്ണുനീര് കുടിക്കുന്നുവെന്നതാണ് സത്യം. മദ്യപാനം അല്ലെങ്കിൽ ഏതെങ്കിലും ലഹരിയുടെ ഉപയോഗം കേവലം ഒരു വ്യക്തിക്ക് മാത്രമല്ല ദുരന്തമാകുന്നത്, മറിച്ച് കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കുമാണ്. 'പ്രതീക്ഷ'യിൽ വന്നുചേരുന്ന വ്യക്തികളുടെ മാതാപിതാക്കളും, ജീവിത പങ്കാളികളും, മക്കളും കൂടപ്പിറപ്പുകളും എന്നുവേണ്ട എല്ലാവരും അനുഭവിക്കുന്ന സങ്കടങ്ങളുടെ പ്രയാസങ്ങൾ അത്ര വലുതാണ്. ലഹരിക്കെതിരായ പോരാട്ടത്തിന്റെ ഭാഗമായി ലഹരിക്ക് അടിമപ്പെട്ടുപോയവരെ വീണ്ടെടുക്കുവാനുമുള്ള പ്രവർത്തനങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ നമ്മൾ വ്യാപൃതരാകേണ്ടിയിരിക്കുന്നു.

**മദ്യ – ലഹരി വിരുദ്ധ ഞായർ ആചരണം**

കെ. സി. ബി. സി. യുടെ നിർദ്ദേശപ്രകാരം മാർച്ച് 8–ാം തീയതി ഞായറാഴ്ച മദ്യ-ലഹരി വിരുദ്ധ ദിനമായി ആചരിക്കുവാൻ നിർദ്ദേശിച്ചിരുന്നല്ലോ. പ്രസ്തുത ദിനാചരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കൃത്യമായി നൽകിയിരുന്നു. പള്ളികളിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയിരുന്ന ഇടയലേഖനം വായിക്കുവാനും കാര്യങ്ങൾ വിശദീകരിക്കുവാനും അന്നേദിവസം കുർബാനകൾക്കു ശേഷം ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുക്കുവാനും മദ്യ-ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും യൂണിറ്റുകൾ സ്ഥാപിച്ച് ഭാരവാഹികളെ തിരഞ്ഞെടുക്കുവാനും അന്നേദിവസം വൈകുന്നേരം എല്ലാ കുടുംബങ്ങളിലും ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി ലഹരി വിരുദ്ധ ദീപം തെളിക്കുവാനും കുടുംബങ്ങളെ കുടുംബനാഥൻമാർ ലഹരിമുക്ത

കുടുംബങ്ങളായി പ്രഖ്യാപിക്കുവാനും നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം ആചരണങ്ങൾ നടത്തുവാൻ സാധിക്കാത്തവർ ഉചിതമായ ദിവസം കണ്ടെത്തി ആചരണം നടത്തുമല്ലോ. മദ്യ– ലഹരി വിരുദ്ധ ദിനാചരണം ഭംഗിയായി നടത്തിയ എല്ലാ വികാരിയച്ചന്മാർക്കും അനുമോദനങ്ങൾ. ഒപ്പം ആത്മാർത്ഥമായ നന്ദിയും.

**എ. എ കൂട്ടായ്മകൾ**

മദ്യപാനത്തിൽ നിന്ന് മോചനം നേടുന്നവർക്ക് നിലനിൽക്കാനുള്ള പ്രേരണയും പ്രചോദനവും പ്രോത്സാഹനവും നൽകുന്നതിൽ എ. എ കൂട്ടായ്മക്കുള്ള സ്ഥാനം നിർണ്ണായകമാണ്. മാർച്ച് 1 ന് പ്രതീക്ഷയിൽ നടന്ന എ. എ കൂട്ടായ്മക്ക് പ്രശസ്ത മോട്ടിവേഷണൽ പ്രഭാഷകൻ കൂടിയായ കണ്ണൂർ ജില്ല എക്സൈസ് ഓഫീസർ ശ്രീ സമീർ ധർമ്മടം സാർ നേതൃത്വം നൽകി. എല്ലാ മാസവും ആദ്യ ഞായറാഴ്ചകളിലാണ് പ്രതീക്ഷയിലെ എ. എ കൂട്ടായ്മ നടക്കുന്നതെങ്കിലും ഏപ്രിൽ 5 ഞായർ ഈസ്റ്റർ ദിനമായതിനാൽ ഏപ്രിൽ മാസത്തിലെ എ. എ കൂട്ടായ്മ ഏപ്രിൽ 7 ചൊവ്വാഴ്ചയായിരിക്കും നടത്തപ്പെടുക. രാവിലെ 10 മണിയോടെ എത്തിചേർന്ന് 10.30ന് കൂട്ടായ്മ ആരംഭിക്കും. ബാബു – അനിത ദമ്പതികൾ കൂട്ടായ്മക്ക് നേതൃത്വം നൽകും.

**അതിരൂപതാ സമിതിയോഗം**

മദ്യ – ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും അതിരൂപതാ സമിതിയോഗം മാർച്ച് 17 ന് പയ്യാവൂർ കരുണാമയൻ പള്ളിയിൽ വെച്ച് ചേർന്നു. രാവിലെ 9.30 ന് വി. കുർബ്ബാനയോടെ യോഗം ആരംഭിച്ചു. മദ്യ – ലഹരി വിരുദ്ധ സമിതിയുടെ അതിരൂപതാ പ്രസിഡണ്ട് റ്റോമി വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. കരുണാമയൻ പള്ളി വികാരി റവ. ഫാ. ജയ്സൺ വാഴക്കാട്ട് ഉത്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി. പൈസക്കരി ഫൊറോന ഡയറക്ടർ റവ. ഫാ. ആന്റണി കാഞ്ഞിരംപറമ്പിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സന്ദേശം നൽകി. ആനിമേറ്റർ സി. ജോസ്മരിയ സി. എം. സി, പൈലി വലിയക്കണ്ടത്തിൽ, സോയി പുറവക്കാട്ട് എന്നിവർ ആശംസകൾ അർപ്പിച്ചു. മുക്തിശ്രീ പ്രസിഡണ്ട് ഷിനോ പാറയ്ക്കൽ സ്വാഗതം ആശംസിച്ചു. സെക്രട്ടറി സോളി രാമച്ചനാട്ട് റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ വിൻസെന്റ് മുണ്ടാട്ടുചുണ്ടയിൽ കണക്ക് അവതരിപ്പിച്ചു.

**തീരുമാനങ്ങൾ**

1) റിപ്പോർട്ട്, വരവു ചെലവു കണക്കുകൾ പാസ്സാക്കി.
2) സംസ്ഥാന സമിതി അയച്ചുതന്ന നിയമാവലി ഭേദഗതികൾ നിർദേശിച്ച് പാസ്സാക്കി.
3) സംസ്ഥാന സമിതി അയച്ചുതന്ന നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് മറുപടി തയ്യാറാക്കി.

4) മദ്യ - ലഹരി വിരുദ്ധ ദിനാചരണം വിലയിരുത്തി.
5) ഏപ്രിൽ മാസത്തിലെ അതിരൂപതാ സമിതി 15 ന് മണിപ്പാറയിൽ വെച്ച് ചേരുവാൻ തീരുമാനിച്ചു.
6) നിയമസഭ ഇലക്ഷനിൽ മദ്യത്തിനും ലഹരിക്കുമെതിരെ പ്രഖ്യാപിത നില പാടുകൾ സ്വീകരിക്കുന്നവരെയും പ്രകടന പത്രികയിൽ നിലപാടുകൾ ശക്തമായി ഉൾപ്പെടുത്തുന്നവരെയും പിന്തുണക്കാൻ തീരുമാനിച്ചു.

**നിയമസഭാ ഇലക്ഷൻ**

നിലവിലെ സർക്കാരിന്റെ ജനദ്രോഹപരവും വഞ്ചനാത്മകവുമായ മദ്യ നയവും നടപടികളും പൊതുജന മധ്യത്തിൽ തുറന്നുകാണിക്കാൻ ശ്രമിക്കു ന്നതിൽ അമാന്തമോ മടിയോ ഭയമോ വിചാരിക്കേണ്ടതില്ല. ലഹരി മുക്ത സമൂഹത്തിന് സർക്കാരുകളുടെ ലഹരി നിരോധന നയവും വ്യക്തികളുടെ മദ്യവർജ്ജന മനോഭാവവും ആവശ്യമാണെന്ന് വ്യക്തമായ നിലപാട് നമ്മൾ പരസ്യമായി പ്രഖ്യാപിക്കണം.

**ലഹരി മുക്ത ഈസ്റ്റർ**

കേരളത്തിൽ ഏറ്റവുമധികം മദ്യവിപണനം നടക്കുന്നത് പൊതു ആഘോഷാവസരങ്ങളിൽ ആണെന്ന് കാര്യം അറിയാമല്ലോ. മതപരമായ ആഘോഷങ്ങൾ, ഗാർഹിക ചടങ്ങുകൾ, വ്യക്തി ജീവിതത്തിലെ പ്രധാന അവസരങ്ങൾ എന്നിവയെല്ലാം മദ്യ ഉപയോഗത്തിനുള്ള സാധ്യതകളായി മാറുന്ന സാഹചര്യത്തിൽ ഇത്തവണത്തെ ഈസ്റ്റർ 'ലഹരി മുക്ത ഈസ്റ്റർ' ആയി ആചരിക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രേരണയും നിർദ്ദേശവും നൽകുമല്ലോ. ഇതിന് സഹായിക്കുന്ന പോസ്റ്റുകൾ തയ്യാറാക്കി നൽകു മ്പോൾ സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകൾ വഴി ഗ്രൂപ്പുകളിലേക്ക് ഷെയർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഇടവകധ്യാനങ്ങൾ**

വലിയ നോമ്പുകാലത്ത് കനകകുന്ന്, ഉളിക്കൽ, പേരട്ട, അരിവിളഞ്ഞ പൊയിൽ, മുണ്ടാനൂർ ഇടവകകളിൽ വാർഷിക ധ്യാനങ്ങൾ നടത്തി. മാർച്ച് 8 ഞായറാഴ്ച പേരാവൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയത്തിൽ മദ്യ-ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. എല്ലായിടത്തും ലഹരിക്കെതിരായ സന്ദേശത്തിനാണ് പ്രാധാന്യം നൽകുന്നത്.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. കുര്യാക്കോസ് കോലക്കുന്നേൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി. എസ്. എസ്. എസ്.**

**സ്വാഗതം**

ടിഎസ്എസ്എസ് കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെട്ട ഫാ. ആന്റണി (റിഖിൽ) മറ്റക്കോട്ടിൽ ചുമതലയേറ്റു. റേഡിയോ പ്രോഗ്രാമുകളുടെ നിർമ്മാണം, പരസ്യ നിർവഹണം എന്നിവയുടെ ചുമതല ബഹു. റിഖിലച്ചൻ വഹിക്കുന്നതാണ്. ബഹു. ആന്റണി (റിഖിൽ) മറ്റക്കോട്ടിലച്ചന് ടിഎസ്എസ്എസ് കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**കാർബൺ ക്രെഡിറ്റ് പദ്ധതിയെക്കുറിച്ചുള്ള ലോക്കൽ സ്റ്റേക്ക് ഹോൾഡർസിന്റെ യോഗം സംഘടിപ്പിച്ചു**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഗ്രീനേറ്റഡ് ക്ലൈമാ ടെക്കും സംയുക്തമായി നടപ്പിലാക്കുന്ന "ഗ്രീനേറ്റഡ് സ്മോൾ ഫാർമേഴ്സ് അഗ്രോഫോറസ്ട്രി പ്രോജക്റ്റ് ഇൻ ഇന്ത്യ" പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ലോക്കൽ സ്റ്റേക്ക്ഹോൾഡർ കൺസൾട്ടേഷൻ യോഗം സംഘടിപ്പിച്ചു. 2026 മാർച്ച് 9-ന് വരക്കാട് പാരിഷ് ഹാളിൽ നടന്ന യോഗത്തിൽ പ്രദേശത്തെ കർഷകരും വിവിധ സ്റ്റേക്ക്ഹോൾഡർമാരും പങ്കെടുത്തു.

യോഗത്തിൽ കാർബൺ ക്രെഡിറ്റ് പദ്ധതിയുടെ ആശയം, പ്രവർത്തനരീതി, സാധ്യതകൾ, കൂടാതെ കർഷകർക്ക് ലഭ്യമാകുന്ന സാമ്പത്തികവും പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഗുണങ്ങളും വിശദമായി അവതരിപ്പിച്ചു. പങ്കെടുത്തവർക്ക് അവരുടെ സംശയങ്ങൾ ഉന്നയിക്കാനും വിഷയവുമായി ബന്ധപ്പെട്ട വ്യക്തത നേടാനും അവസരം ലഭിച്ചു. ഇതുവഴി പദ്ധതിയോടുള്ള അവബോധം വർധിക്കുകയും, ഭാവിയിൽ സജീവ പങ്കാളിത്തത്തിനുള്ള താത്പര്യം ശക്തിപ്പെടുകയും ചെയ്തു.

അഞ്ചു വർഷത്തിൽ താഴെ പ്രായമുള്ള മരങ്ങളുള്ള കർഷകരെയാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതിയിൽ ചേർക്കുക. രണ്ടാം ഘട്ടത്തിൽ എല്ലാ കർഷകരെയും ചേർക്കുന്ന വിധത്തിൽ ഇത് വിപുലപ്പെടുത്തുന്നതാണ്.

**കാർബൺ ക്രെഡിറ്റ് പദ്ധതിയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു**

കാർബൺ ക്രെഡിറ്റ് പദ്ധതിയുടെ ഭാഗമായി തോമാപുരം, ചട്ടമല എന്നീ ഇടവകകളിൽ പദ്ധതിയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.

**നല്ലയിനം ഉണക്കുകപ്പയുടെ വിപണനം.**

വിറകടുപ്പിൽ വാട്ടിയതും, വെയിലത്ത് ഉണങ്ങിയതുമായ നല്ലയിനം ഉണക്കുകപ്പയുടെ വില്പന നടത്തി. കഴിഞ്ഞ മാസത്തിൽ 12500 ലേറെ കിലോ ആവശ്യക്കാർക്ക് എത്തിച്ചു നല്കാൻ സാധിച്ചു.

**കിണറ്റുകര ജാതിത്തൈകൾ വില്പനക്ക്**

കേരളത്തിലെ കാലാവസ്ഥക്ക് ഏറ്റവും അനുയോജ്യമായതും അത്യുല്പാദനശേഷിയുള്ളതുമായ കിണറ്റുകര ജാതിത്തൈകൾ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിതരണം ചെയ്യുന്നു. പ്രീ ബുക്കിംഗ് അവസാനിച്ചുവെങ്കിലും തൈക്ക് ഒന്നിന് 450 രൂപയ്ക്ക് ഇനിയും ഓർഡറുകൾ സ്വീകരിക്കുന്നതാണ്. ഓർഡറുകൾക്കായി +91 94966 84784 എന്ന നമ്പറിൽ വിളിക്കുക.

**ക്യാൻസർ പരിശോധനാക്യാമ്പ്**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി മലബാർ ക്യാൻസർ സെന്ററുമായി സഹകരിച്ച് നടത്തിവരുന്ന സൗജന്യ ക്യാൻസർ പരിശോധന ക്യാമ്പ് മാർച്ച് 9 -ന് നെല്ലിക്കാംപൊയിൽ ടി.എസ്.എസ്.എസ് ഓഫീസിൽ വച്ച് നടത്തി. മലബാർ ക്യാൻസർ സെൻറർ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ ഡോ. ഫിൻസിന്റെയും ടീമംഗങ്ങളുടെയും നേതൃത്വത്തിലാണ് ക്യാമ്പ് നടത്തിയത്. അടുത്ത മാസത്തെ ക്യാൻസർ ക്യാമ്പ് ഏപ്രിൽ 20-ന് തോമാപുരത്ത് വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ടിഎസ്എസ്എസ് സ്റ്റാഫ് അംഗങ്ങളുമായി ബന്ധപ്പെടുക.

**പ്രതിമാസ പ്രവർത്തനങ്ങൾ**

2026 ഏപ്രിൽ മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**ഏപ്രിൽ 7 :** ലോകാരോഗ്യ ദിനം (World Health Day)

ലോകാരോഗ്യ ദിനത്തോടനുബന്ധിച്ച് യൂണിറ്റ് അംഗങ്ങളുടെ സഹകരണത്തോടെ സൗജന്യ ആരോഗ്യ പരിശോധന ക്യാമ്പുകൾ (രക്ത സമ്മർദ്ദം, പ്രമേഹം, BMI പരിശോധനകൾ) സംഘടിപ്പിക്കുക.

പോഷകാഹാര കിറ്റുകൾ (ധാന്യങ്ങൾ, പച്ചക്കറികൾ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് വിതരണം ചെയ്യുക.

**ഏപ്രിൽ 22 :** അന്താരാഷ്ട്ര മാതൃഭൂമി ദിനം (International Mother Earth Day)

അന്താരാഷ്ട്ര മാതൃഭൂമി ദിനത്തോടനുബന്ധിച്ച് യൂണിറ്റ് പരിധിയിലെ പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

കുടുംബ തലത്തിൽ അടുക്കള മാലിന്യങ്ങളുടെ ഫലപ്രദമായ വിനി

യോഗത്തിനായി കമ്പോസ്റ്റ് നിർമ്മാണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതിന്റെ പ്രായോഗിക രീതികൾ പരിചയപ്പെടുത്തുന്നതിനായി ബോധവത്കരണ ക്ലാസുകൾ നടത്തുകയും ചെയ്യുക.

**റിസർവ് ബാങ്കിന്റെ അദാലത്ത് നടത്തി**

പൊതുജനങ്ങൾക്ക് ബാങ്കിംഗ് മേഖലയിലെ ഇടപാടുകളിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കുന്നതിനായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കേരളത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ഒരു കൂടിക്കാഴ്ച മാർച്ച് 17 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കരുവ ഞ്ചാൽ ലിറ്റിൽ ഫ്ലവർ ഓഡിറ്റോറിയത്തിൽ വച്ച് കരുവഞ്ചാൽ ട്രസ്റ്റിന്റെ നേതൃത്വത്തിൽ നടത്തി. നിരവധി ആളുകളുടെ പരാതികൾക്ക് തീർപ്പു കൽപ്പിക്കാൻ സാധിച്ചു.

**രോഗീസന്ദർശനം & ചികിത്സാസഹായം**

കാഞ്ഞിരകൊല്ലി, ചെമ്പന്തൊട്ടി MSS, മണിക്കടവ്, അറബി, ചുള്ളി, പടിമരുത്, കൊന്നക്കാട്, പുന്നക്കുന്ന്, കനകപ്പള്ളി, പടുപ്പ്, കുന്നുംകൈ എന്നീ യൂണിറ്റുകൾ, കിടപ്പുരോഗികളെ സന്ദർശിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

**അഗതിമന്ദിരം & അനാഥാലയം സന്ദർശനം**

മണിക്കടവ്, മുണ്ടാനൂർ, അറബി എന്നീ യൂണിറ്റുകൾ അഗതി മന്ദിരങ്ങളും അനാഥാലയങ്ങളും സന്ദർശിച്ച് സാമ്പത്തിക സഹായവും ആവശ്യമായ സാധനങ്ങളും നൽകി.

**വിദ്യാഭ്യാസ സഹായം:** മുണ്ടാനൂർ യൂണിറ്റ് കുട്ടികൾക്ക് പഠനസഹായം നൽകുകയും, ബുക്കുകളും പേനകളും വിതരണം ചെയ്യുകയും അനുബന്ധ പരിപാടികൾ നടത്തുകയും ചെയ്തു.

**മെഡിക്കൽ ക്യാമ്പ്**

മാർച്ച് മാസത്തെ സൈക്യാട്രിക് മെഡിക്കൽ ക്യാമ്പ് മാർച്ച് 29-ന് ചെമ്പേരി വിമല ആശുപത്രിയിൽവെച്ച് ഉച്ചയ്ക്ക് 2:30 മുതൽ ഡോക്ടർ സിസ്റ്റർ വിനീതയുടെ നേതൃത്വത്തിലുള്ള സംഘം നടത്തുന്നതാണ്.

**ബോധവത്കരണ ക്ലാസ് :** പൈസക്കരി യൂണിറ്റ് ജീവിതശൈലി രോഗങ്ങളെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.

**പോഷകാഹാരം/ഭക്ഷ്യ വിതരണം:** കനീലടുക്കം യൂണിറ്റ് രണ്ട് കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു.

**വിവിധ ദിന ആഘോഷങ്ങൾ**

ദേശീയ വനിതാ ദിനം: ഫെബ്രുവരി 13

കാഞ്ഞിരകൊല്ലി, ചന്ദനക്കാംപാറ, ചെമ്പന്തൊട്ടി MSS, ചെമ്പന്തൊട്ടി CU, നെല്ലിക്കുറ്റി CU, പുലിക്കുരുമ്പ, ചേപ്പറമ്പ്, പൊട്ടൻപ്ലാവ്, കുടിയാന്മല, നടുവിൽ, ഏറ്റുപാറ, വെമ്പുവ, പൈസക്കിരി, ലിസ്സിഗിരി, ആലക്കോട്, മണിക്കടവ്, വിളക്കന്നൂർ, കരുണാപുരം, വായാട്ടുപറമ്പ, ആനമഞ്ഞൾ, പൂളക്കുറ്റി, ജോസ്മൗണ്ട്, വെണ്ണക്കല്ല്, നെടുംപുറംചാൽ, കോളയാട്,

പേരാവൂർ, കൊളക്കാട്, കോഴിച്ചാൽ, പുളിങ്ങോം, താബോർ, തിരുമേനി, ചെറുപാറ, പരപ്പ CU, രയറോം, തോമാപുരം, പാടിച്ചാൽ, പടുപ്പ്, ചൂരപ്പടവ്, അരവഞ്ചാൽ, പരപ്പ MSS, ബദിയടുക്ക, മണിക്കടവ്, ഉളിക്കൽ, ചുള്ളി, പുന്നക്കുന്ന്, കനകപ്പള്ളി, മുണ്ടാനൂർ, അറബി, മാട്ടറ, കല്ലുവയൽ, കുന്നുംകൈ, ചെമ്പേരി CU, ചെമ്പേരി MSS, നാട്ടക്കൽ, കൊന്നക്കാട്, പെരിങ്ങോം, വെള്ളരിക്കുണ്ട്, പാലാവയൽ, കനീലടുക്കം, പുഞ്ച എന്നീ യൂണിറ്റുകൾ വനിതാ ദിനത്തോടനുബന്ധിച്ച് വനിതകളെ ആദരിക്കുകയും, സെമിനാറുകൾ സംഘടിപ്പിക്കുകയും, അനുബന്ധ പരിപാടികൾ നടത്തുകയും ചെയ്തു. വെള്ളരിക്കുണ്ട് യൂണിറ്റ് വനിതകൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തുകയും ചെയ്തു

**ലോക വാക്സിനേഷൻ ദിനം : മാർച്ച് 16**

- കുന്നുംകൈ യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രതിരോധ കുത്തിവയ്പിന്റെ ആവശ്യകതയെക്കുറിച്ച് എം.എൽ.എസ്.പി. സുബി ക്ലാസ് നടത്തി.
- കോഴിച്ചാൽ യൂണിറ്റ്, ദേശീയ വാക്സിനേഷൻ ദിനത്തോടനുബന്ധിച്ച് പാരീഷ് ഹാളിൽ പ്രതിരോധ വാക്സിനേഷൻ ബോധവത്കരണ ക്ലാസും ആരോഗ്യ സെമിനാറും സംഘടിപ്പിച്ചു. ക്യാമ്പിൽ പങ്കെടുത്ത എല്ലാവരുടെയും രക്തസമ്മർദ്ദം, ഷുഗർ നില, ഹീമോഗ്ലോബിൻ എന്നിവ പരിശോധിച്ചു.
- ഉളിക്കൽ ട്രസ്റ്റിന്റെയും ഇടവകയിലെ കെ.സി.വൈ.എമ്മിന്റെയും സഹകരണത്തോടെ തലശ്ശേരി മലബാർ കാൻസർ സെന്ററിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്കായി രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു.
- ടിഎസ്എസ്എസ് നടപ്പിലാക്കുന്ന കാർബൺ ക്രെഡിറ്റ് പദ്ധതിയെക്കുറിച്ചുള്ള ഗൂഗിൾ മീറ്റ് ക്ലാസിൽ മണിക്കടവ്, മുണ്ടാനൂർ, പടുപ്പ്, അരവഞ്ചാൽ, പാടിച്ചാൽ എന്നീ യൂണിറ്റുകളിലെ പ്രസിഡന്റും സെക്രട്ടറിയും പങ്കെടുത്തു.
- കാഞ്ഞിരകൊല്ലി, മുണ്ടാനൂർ കല്ലുവയൽ, പടുപ്പ് എന്നീ യൂണിറ്റുകൾ വാട്ടുകപ്പ വിതരണം നടത്തി.
- പുളിങ്ങോം യൂണിറ്റ് മികച്ച കർഷകൻ, മികച്ച ക്ഷീരകർഷകൻ, ജൈവ അടുക്കളത്തോട്ടം എന്നീ വിഭാഗങ്ങളിൽ അർഹരായവരെ തിരഞ്ഞെടുത്ത് അവർക്കു സമ്മാനങ്ങൾ നൽകി ആദരിച്ചു. കൂടാതെ പ്രോത്സാഹനസമ്മാനങ്ങളും വിതരണം ചെയ്തു.
- ലിസ്സിഗിരി യൂണിറ്റ് കൂട്ടുമുഖത്തെ ഹെൽത്ത് ജെ.എച്ച്.ഐ സി. ആർഷ, സി. ലിജി പി.എ എന്നിവരുടെ നേതൃത്വത്തിൽ ക്യാൻസർ, മഞ്ഞപ്പിത്തം,
- ഡെങ്കിപ്പനി എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു.
- പുളിങ്ങോം യൂണിറ്റിന്റെ നേതൃത്വത്തിൽ ദേശീയ കബഡി ചാമ്പ്യൻഷിപ്പിൽ വിജയിച്ചവരെ ക്യാഷ് അവാർഡ് നൽകി ആദരിച്ചു.
- മുണ്ടാനൂർ യൂണിറ്റ് വിനോദയാത്ര സംഘടിപ്പിച്ചു.

- ചെമ്പേരി MSS പഠനയാത്ര സംഘടിപ്പിച്ചു.
- അറബി യൂണിറ്റിലെ കുട്ടികൾക്കായി ഒരു സെമിനാർ സംഘടിപ്പിച്ചു.
- ചൂരപ്പടവ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഗുജറാത്ത് കേന്ദ്ര സർവകലാശാലയിൽ നിന്ന് ഇംഗ്ലീഷിൽ പി.എച്ച്.ഡി നേടിയ നയൻ മേരിയെ മെമെന്റോ നൽകി ആദരിച്ചു.
- ഏറ്റുപാറ, പൈസക്കിരി എന്നീ യൂണിറ്റുകൾ കുടുംബ സംഗമം സംഘടിപ്പിച്ചു.
- നെടുംപുറഞ്ചാൽ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന മുടപ്പത്തൂർ എൽ.പി. സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഒരു വർഷത്തേക്ക് ആവശ്യമായ നോട്ടുബുക്ക്, പേന, പെൻസിൽ, ബോക്സ്, കട്ടർ, സ്കെയിൽ, ഇറേസർ തുടങ്ങിയ പഠനോപകരണങ്ങൾ യൂണിറ്റ് പ്രസിഡന്റിന്റെയും ആനിമേറ്ററുടെയും നേതൃത്വത്തിൽ സ്കൂൾ ഹെഡ്മാസ്റ്റർക്ക് പഞ്ചായത്ത് മെമ്പർ കൈമാറി.
- ആലക്കോട് യൂണിറ്റിന്റെ നേതൃത്വത്തിൽ വനിതകൾക്കായി തൊഴിൽ പരിശീലനം സംഘടിപ്പിച്ചു.
- വായാട്ടുപറമ്പ് ഗ്രാമികയുടെയും ടിഎസ്എസ്എസ് ട്രസ്റ്റിന്റെയും നേതൃത്വത്തിൽ, കണ്ണൂർ ഗവ. മെഡിക്കൽ കോളേജുമായി സഹകരിച്ച് സൗജന്യ വൃക്കരോഗ നിർണയ ക്യാമ്പും ബോധവത്കരണ ക്ലാസും അവയവദാന രജിസ്ട്രേഷനും നടത്തി.
- കീഴ്പ്പള്ളി യൂണിറ്റ് പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വിതരണം ചെയ്തു.
- എടപ്പുഴ ക്രെഡിറ്റ് യൂണിയൻ വനിതാദിനത്തിന്റെ ഭാഗമായി കേശദാനം സംഘടിപ്പിച്ചു.
- പടുപ്പ് യൂണിറ്റിന്റെ നേതൃത്വത്തിൽ സ്വാഭിമാൻ, ബയോ മൗണ്ടൻ ഉൽപ്പന്നങ്ങൾ യൂണിറ്റിൽ വിതരണം ചെയ്തു.
- കുടിയാന്മല യൂണിറ്റിന്റെ നേതൃത്വത്തിൽ ആയുർവേദ മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും സംഘടിപ്പിച്ചു.
- ടിഎസ്എസ്എസ് വെമ്പുവ യൂണിറ്റിന്റെ നേതൃത്വത്തിൽ മികച്ച കർഷകയെ ആദരിക്കുകയും ബോധവത്കരണ ക്ലാസ്, റാലി എന്നിവ സംഘടിപ്പിക്കുകയും ചെയ്തു.

## Radio 4U 89.6 FM കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

കാസർഗോഡ് ജില്ലയിലെ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ എന്ന നിലയിൽ ജില്ലയിലെ സാമൂഹിക സാംസ്കാരിക പരിപാടികൾ കോർത്തെടുത്തുകൊണ്ടു നിരവധി പ്രോഗ്രാമുകൾ ചെയ്യാൻ ഈ കഴിഞ്ഞ കാലങ്ങളിൽ സാധിച്ചിട്ടുണ്ട്.

### കപ്പാസിറ്റി ബിൽഡിംഗ് ക്ലാസ്

റേഡിയോ ഫോർ യു 89.6 എഫ്.എം. എന്ന സ്ഥാപനത്തിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ കൂടുതൽ ജനപ്രിയമാക്കുന്നതിനായി ഒരു ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. Tell Me Creation-ന്റെ നേതൃത്വത്തിൽ

ഫാ. സുബിൻ റാത്തപ്പള്ളിൽ ക്ലാസ് നയിച്ചു. സോഷ്യൽ മീഡിയയിൽ പ്രസിദ്ധീകരിക്കുന്ന ഉള്ളടക്കങ്ങളിൽ പ്രേക്ഷകരുടെ അഭിരുചി പരിഗണിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും, കൂടുതൽ ആളുകളിലേക്ക് പോസ്റ്റുകൾ ഫലപ്രദമായി എത്തിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും തീരുമാനിച്ചു.

ഓഡിയോ റെക്കോർഡിംഗും എഡിറ്റിംഗും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി റേഡിയോ സ്റ്റാഫ് അംഗങ്ങൾക്കും പൊതുജനങ്ങൾക്കുമായി പ്രത്യേക കപ്പാസിറ്റി ബിൽഡിംഗ് വർക്ക്ഷോപ്പും സംഘടിപ്പിച്ചു. റേഡിയോയുടെ ഓഡിയോ എൻജിനീയർ ശ്രീ. നിതിന്റെ നേതൃത്വത്തിലാണ് ഈ പരിശീലനം നടന്നത്. ഈ പരിപാടിയിൽ പങ്കെടുത്തവർക്ക് ഓഡിയോ നിർമ്മാണത്തിന്റെ വിവിധ സാങ്കേതിക വശങ്ങളിൽ കൂടുതൽ പ്രാവീണ്യം നേടുന്നതിനുള്ള അവസരം ലഭിച്ചു.

**പ്രത്യേക പരിപാടികൾ**

സോഷ്യൽ വർക്ക് ഡേ (മാർച്ച് 17) ആചരിക്കുന്നതിന്റെ ഭാഗമായി ചെറുപുഴ നവജ്യോതി കോളേജിലെ വിദ്യാർത്ഥികൾ റേഡിയോ സ്റ്റേഷൻ സന്ദർശിക്കുകയും, ദിനത്തിന്റെ പ്രാധാന്യം ആസ്പദമാക്കി പ്രത്യേക പരിപാടി അവതരിപ്പിക്കുകയും ചെയ്തു. അന്തരിച്ച പ്രമുഖ കലാകാരന്മാരും സിനിമാ പ്രവർത്തകരുമായ കലാഭവൻ മണി, മാങ്കൊമ്പ് ഗോപാലകൃഷ്ണൻ, ബോംബെ രവി എന്നിവരെ അനുസ്മരിക്കുന്ന പ്രത്യേക പരിപാടികൾ പ്രക്ഷേപണം ചെയ്തു.

**റേഡിയോ പ്രൊമോഷൻ**

റേഡിയോയുടെ ഭാവി പരസ്യ പ്രവർത്തനങ്ങളും പദ്ധതികളും ശക്തിപ്പെടുത്തുന്നതിനായി, ഫാ. ജിതിൻ കളത്തിലിന്റെ നേതൃത്വത്തിൽ നാല് സ്റ്റാഫ് അംഗങ്ങൾ ജില്ലാകളക്ടറുടെ കാര്യാലയം, ശുചിത്വമിഷൻ, പി.ആർ.ഡി., വനിതാ ശിശുക്ഷേമ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, കാർഷിക വകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, മാലിന്യനിർമാർജന വകുപ്പ് എന്നിവയുൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങൾ സന്ദർശിച്ചു. സന്ദർശനത്തിനിടെ റേഡിയോയുടെ ഭാവി പ്രവർത്തനങ്ങൾ അവതരിപ്പിക്കുകയും, ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കാവുന്ന പദ്ധതികളെക്കുറിച്ച് ആശയവിനിമയം നടത്തുകയും ചെയ്തു.

കൂടാതെ, നബാർഡിന്റെ കാസർഗോഡ് ജില്ല ഡിഡിഎം ശ്രീ. ഷാരോണിനെ സന്ദർശിച്ച്, നബാർഡുമായി സഹകരിച്ചുള്ള ഭാവി പദ്ധതികൾ രൂപപ്പെടുത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ചും വിശദമായ ചർച്ചകൾ നടത്തി.

**ഫാ. ജോർജ് തെങ്ങുംപള്ളിൽ**
അസ്സോസിയേറ്റ് ഡയറക്ടർ, TSSS

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, TSSS

**ഫാ. തോമസ് കളത്തിൽ**
സ്റ്റേഷൻ ഡയറക്ടർ, റേഡിയോ

**ഫാ. ആന്റണി മറ്റക്കോട്ടിൽ**
അഡ്മിനിസ്ട്രേറ്റർ, റേഡിയോ

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**അഭിമാനത്തോടെ**

ബയോ മൗണ്ടൻ ഫാർമർ പ്രൊഡ്യൂസർ കമ്പനിക്ക് (Bio Mountain FPC) കേന്ദ്രവാണിജ്യവ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള സ്പൈസസ് ബോർഡിന്റെ അംഗീകാരം. സുഗന്ധവ്യഞ്ജനങ്ങളുടെ പ്രാഥമിക സംസ്കരണത്തിനാവശ്യമായ അത്യാധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി 9 ലക്ഷം രൂപ ധനസഹായമായി ബോർഡ് അനുവദിച്ചു. യന്ത്രോപകരണങ്ങളുടെയും അനുബന്ധ സൗകര്യങ്ങളുടെയും ആകെ ചെലവിന്റെ 75 ശതമാനമാണ് സബ്സിഡി ഇനത്തിൽ കമ്പനിക്ക് ലഭിച്ചത്. കുന്നോത്ത്, കിളിയന്തറയിലുള്ള കമ്പനിയുടെ പ്രോസസിംഗ് യൂണിറ്റിലാണ് ഈ പുതിയ സംവിധാനങ്ങൾ ഒരുങ്ങുന്നത്.

**ടപ്പിയോക്ക പ്രോസസിംഗ് യൂണിറ്റ്**

മലയോര മേഖലയിലെ കർഷക കൂട്ടായ്മയായ ബയോ മൗണ്ടൻ ഫാർമർ പ്രൊഡ്യൂസർ കമ്പനിക്ക് (Bio Mountain FPC) അഭിമാനകരമായ നേട്ടമായി ടപ്പിയോക്ക പ്രോസസിംഗ് യൂണിറ്റിന് 15 ലക്ഷം രൂപ സബ്സിഡി അനുവദിച്ചു. പുതിയതായി ആരംഭിക്കുന്ന അത്യാധുനിക ടപ്പിയോക്ക (മരച്ചീനി) പ്രോസസിംഗ് യൂണിറ്റിന് 15 ലക്ഷം രൂപ ധനസഹായം അനുവദിച്ചുകൊണ്ട് കൃഷി വകുപ്പിന് കീഴിലുള്ള ആത്മ (ATMA) ഉത്തരവിറക്കി.

മിഡ് (MIDH) 2024-25 പദ്ധതിയുടെ ഭാഗമായി എസ്.എഫ്.എ.സി (SFAC) വഴി കാർഷിക ഉൽപ്പാദക സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ തുക അനുവദിച്ചിരിക്കുന്നത്. പുതിയ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടെ മലയോരത്തെ കർഷകർക്ക് തങ്ങളുടെ വിളകൾക്ക് മികച്ച വിലയും വിപണിയും ഉറപ്പാക്കാൻ സാധിക്കും. കർഷകരുടെ അധ്വാനത്തിന് അർഹമായ മൂല്യം ലഭ്യമാക്കുന്ന ഈ സംരംഭം കൃഷി മേഖലയ്ക്ക് പുതിയ ഉണർവ് നൽകും.

**പുട്ടുപൊടി യൂണിറ്റ്:** ബയോ മൗണ്ടൻ കമ്പനിയുടെ പുതിയ സംരംഭമായ പുട്ടുപൊടി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ പുരോഗമിക്കുകയാണ്. യൂണിറ്റിലേക്ക് ആവശ്യമായ എല്ലാ മെഷ്യനുകളുടെയും ഇൻസ്റ്റലേഷൻ പൂർത്തീകരിക്കുകയും ചെയ്തു.

ഏപ്രിൽ മാസം ആദ്യ വാരത്തോടുകൂടി പുട്ടുപൊടി യൂണിറ്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രൊഡക്ഷൻ തുടങ്ങാൻ സാധിക്കുന്നതാണ്. നമ്മുടെ ഈ സംരംഭത്തിന്റെ വിജയത്തിനായി നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും അപേക്ഷിക്കുന്നു.

**ഇടവകകളിലെ ഷെയർ**

നെല്ലിക്കാംപൊയിൽ ഫൊറോന ബയോ മൗണ്ടൻ കമ്പനിയുടെ ഷെയർ എടുത്തു. അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശമനുസരിച്ച് ഞങ്ങളും കർഷകർക്കൊപ്പം ഉണ്ട് എന്ന് അറിയിച്ചുകൊണ്ട് ബയോ മൗണ്ടൻ കമ്പനിയിൽ ഷെയർ എടുത്ത നെല്ലിക്കാംപൊയിൽ ഫൊറോനക്കും ബഹു. ഫൊറോന വികാരി അച്ചനും ഇടവക അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

**ബയോ മൗണ്ടൻ സ്റ്റാൾ സ്ഥാപിച്ചു**

ബയോ മൗണ്ടൻ ഉൽപ്പന്നങ്ങൾ കൂടുതൽ ആളുകളിൽ എത്തിക്കുന്നതിന്റെ ഭാഗമായി പൂപ്പറമ്പ് ഇടവകയിൽ ബയോ മൗണ്ടൻ ഉൽപ്പന്നങ്ങളുടെ സ്റ്റാൾ രൂപീകരിച്ചു. ഇതിനായി സഹകരിച്ച ബഹു. വികാരി അച്ചനും എല്ലാ ബയോ മൗണ്ടൻ അംഗങ്ങൾക്കും പൂപ്പറമ്പ് ഇടവകക്കും അഭിനന്ദനങ്ങൾ.

നമ്മുടെ അതിരൂപതയലിൽ ആരംഭിച്ച ബയോ മൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കുമല്ലോ. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂട്ടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺനമ്പറും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരിയച്ചന്റെ പേരും പള്ളിയുടെ ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ. ബയോ മൗണ്ടൻ ഉൽപ്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ച് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉൽപ്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനേക്കാളും വിലക്കുറവും നമ്മുടെ ഉൽപ്പന്നങ്ങൾക്കുണ്ട്. ഒപ്പം ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്.

ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതായിരിക്കും. ഫോൺ: 9656054322. Mail.id: tsssbiomountain @ gmail.com

ഏപ്രിൽ മാസത്തിൽ എല്ലാ ഫൊറോനകളിലേക്കും ഇടവകകളിലേക്കും നേരിട്ടു വരുവാനും ബഹു. വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും

സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്. ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കിമാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
ചെയർമാൻ

**ഫാ. സ്കറിയ നിരപ്പേൽ**
മാനേജിംഗ് ഡയറക്ടർ

**ഫാ. ജോസഫ് മുണ്ടപ്ലാക്കൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2026 ഏപ്രിൽ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

4 : ഏകദിന കൺവെൻഷൻ (ദുഃഖശനി)
10 : ഏകദിന ധ്യാനം (2 pm – 8 pm)
11, 18, 25 : ഏകദിന കൺവെൻഷൻ
12–15 : കന്നഡ ധ്യാനം
19–23 : ആന്തരിക സൗഖ്യ ധ്യാനം
24 : ഏകദിന ധ്യാനം (2 pm – 8 pm)
26–30 : സിസ്റ്റേഴ്സിന്റെ ധ്യാനം

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം – ഇരിട്ടി, ഫോൺ: 6282732852**

06–10 : GNET - TEENS RETREAT
11–14 : ആന്തരിക സൗഖ്യ ധ്യാനം
18–22 : CROSS ROADS - YOUTH RETREAT
25–28 : ആന്തരിക സൗഖ്യ ധ്യാനം

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

10 : ജാഗരണ പ്രാർത്ഥന (06 pm – 09 pm)
23–25 : ബൈബിൾ കൺവെൻഷൻ
സെഹിയോൻ (അട്ടപ്പാടി) ടീം (9am – 3pm)

**4. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി, തളിപ്പറമ്പ് ഫോൺ: 6238303093**

03 : ജാഗരണ പ്രാർത്ഥന
16–19 : വചനാഭിഷേക ധ്യാനം

**5. സിയോൻ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ: 7306859339**

10 : ജാഗരണ പ്രാർത്ഥന
12–16 : ആന്തരിക സൗഖ്യ ധ്യാനം
20–22 : കുടുംബ നവീകരണ ധ്യാനം
(9am – 3pm മാതാപിതാക്കളും മക്കളുമൊരുമിച്ച്)
24–26 : ക്രിസ്റ്റീൻ ധ്യാനം (5 to +2, 10 am – 3pm)

# ഇൻഫാം

**കാർഷിക മേഖലയുടെ ആവശ്യങ്ങൾ: തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങളും കർഷക പ്രതീക്ഷകളും**

കർഷകർ വളരെ പ്രതീക്ഷയോടെയാണ് ഈ തിരഞ്ഞെടുപ്പിനെ കാണുന്നത്. തികഞ്ഞ അവഗണന നേരിടുന്ന കർഷകർ രാഷ്ട്രീയ പാർട്ടികളുടെ തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങളെ വളരെ പ്രതീക്ഷയോടെയാണ് കാണുന്നത്. കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുക, അപകട ഇൻഷ്യൂറൻസ് നടപ്പിലാക്കുക, വന്യമൃഗശല്യത്തിനെതിരെ ശാശ്വത പരിഹാരം ഉറപ്പാക്കുക, റബ്ബറിന് 300 രൂപ തറവില പ്രഖ്യാപിക്കുക, നാളികേരം, കശുവണ്ടി മുതലായ നാണ്യവിളകൾക്ക് സംഭരണ വില ഉറപ്പുവരുത്തുക, ശാസ്ത്രീയ കൃഷിരീതികൾ പ്രോത്സാ ഹിപ്പിക്കുക, കടക്കെണിയിലായ കർഷകരെ സഹായിക്കുക തുടങ്ങിയ കാർഷിക വിഷയങ്ങൾക്ക് പരിഗണന നല്കുന്ന മുന്നണികളെ ജയിപ്പിക്കാൻ കർഷകർ തയ്യാറാകേണ്ടിവരും. തിരഞ്ഞെടുപ്പ് ചർച്ചകളിൽ കർഷക വിഷയങ്ങൾ ചർച്ചചെയ്യപ്പെടാനും കർഷക വിഷയങ്ങൾ സമൂഹത്തിൽ ഉയർത്തിപ്പിടിക്കുവാനും കർഷകർ ശ്രദ്ധിക്കണം.

**കർഷക ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിക്കണം എന്ന ആവശ്യവുമായി ഇൻഫാം**

കർഷകന് പ്രയോജനപ്പെടുമെന്ന് പ്രഖ്യാപിച്ച കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവ്യർത്തനങ്ങൾ നിലച്ച നിലയിലാണ്. കർഷക ക്ഷേമനിധി ബോർഡ് പുനഃസ്ഥാപിക്കുകയും, കർഷകർക്ക് 10000 പെൻഷൻ നടപ്പിലാക്കുകയും ചെയ്യണമെന്നും ആവശ്യപ്പെട്ടു മുഖ്യമന്ത്രിക്കും പ്രതിപക്ഷ നേതാവിനും ഇൻഫാം നിവേദനം അയച്ചു.

AKCC യുടെ ജന്മദിന സമ്മേളനത്തിന് ജില്ലയിലെ വിവിധ മേഖലകളിൽ നിന്നായി നിരവധി കർഷകർ പങ്കെടുക്കുകയുണ്ടായി.

മാർച്ച് 25 ബുധനാഴ്ച താമരശ്ശേരിയിൽ നടന്ന ഇൻഫാം സംസ്ഥാന മീറ്റിംഗിൽ തലശ്ശേരി കാർഷിക ജില്ലാ ഭാരവാഹികൾ പങ്കെടുത്തു.

**ശ്രീ. സ്കറിയ നെല്ലംകുഴി**
പ്രസിഡണ്ട്, തലശ്ശേരി അതിരൂപത

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, തലശ്ശേരി അതിരൂപത

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ഫെബ്രുവരി 2026

22 ബളാൽ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

23 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപതാ കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ ആഭിമുഖ്യത്തിൽ തളിപ്പറമ്പിൽ സംഘടിപ്പിച്ച ഈ വർഷം വിരമിക്കുന്ന അധ്യാപകരുടെ യാത്രയപ്പ് സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന പ്രസ്ബിറ്ററിയത്തിന് അധ്യക്ഷത വഹിച്ചു.

24 രാവിലെ അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിനും തുടർന്ന് നടന്ന അതിരൂപതാ വൈദിക സമിതി സമ്മേളനത്തിനും ഉച്ചയ്ക്കുശേഷം ചേർന്ന കാറ്റക്കിസം കൗൺസിൽ യോഗത്തിനും വൈകുന്നേരം ഓൺലൈനായി ചേർന്ന പഞ്ചാബ് മിഷൻ മീറ്റിംഗിനും അധ്യക്ഷത വഹിച്ചു.

25-27 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

28 ഫിനാൻസ് കൗൺസിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന സാൻജോസ് തീർത്ഥാടന സംഘാടക സമിതി യോഗത്തിന് അധ്യക്ഷത വഹിച്ചു.

### മാർച്ച് 2026

01 എടത്തൊട്ടി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

02 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

03 തലശ്ശേരി കത്തീഡ്രൽ ഇടവക വിൻസെന്റ് ഡി പോൾ സൊസൈറ്റി കൊശ്ശേരിയിൽ നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം കുന്നോത്ത് മേജർ സെമിനാരി സന്ദർശിച്ചു. വൈകുന്നേരം പയ്യാവൂരിൽവച്ച് സംഘടിപ്പിച്ച ബൈബിൾ കൺവെൻഷനിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

04 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

05 ഓൺലൈനായി ചേർന്ന തിയോളജി ഫോറം മീറ്റിംഗിൽ പങ്കെടുത്തു.

06 രാവിലെ സാങ്താ മാതാ നഴ്സിംഗ് കോളേജ് ഗവേർണിംഗ് ബോഡി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം ആലക്കോട് പുതുതായി ആരംഭിച്ച ആത്മാ ബുക്സ് സെന്റർ വെഞ്ചരിച്ചു. തുടർന്ന് മേരിപുരം സ്കൂൾ ജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്തു.

07-09 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

10 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

11 നിർമ്മലഗിരി കോളേജ് രക്ഷാധികാരി ദിനാഘോഷം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം ഓൺലൈനായി ചേർന്ന എറണാകുളം-അങ്കമാലി അതിരൂപതാ കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

12 രാവിലെ മൈനർ സെമിനാരി വിദ്യാർത്ഥികൾക്കായി കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് ആൽഫാ ഹയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സയൻസിനെ ബാംഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്രത്തിന് കീഴിലുള്ള എക്ലേസിയാസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ സ്റ്റഡീസ് ആയി പ്രഖ്യാപിക്കുന്ന ചടങ്ങിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന നാൽപതാം വെള്ളി തീർത്ഥാടന സംഘാടക സമിതി യോഗത്തിന് അധ്യക്ഷത വഹിച്ചു.

13 രാവിലെ പരിയാരം എസ്.എം.എസ് പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു.

14 കണ്ണൂരിൽ സംഘടിപ്പിച്ച കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമ്മേളനത്തിന് അധ്യക്ഷത വഹിക്കുകയും ബഹുജനറാലിയിൽ പങ്കുചേരുകയും ചെയ്തു.

15-17 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

18 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം മാലോം ഫൊറോനാ ദൈവാലയത്തിൽനിന്നും പനത്തടിയിലേക്കുള്ള സാൻജോസ് തീർത്ഥാടനത്തിന് നേതൃത്വം നൽകി.

19 സാൻജോസ് തീർത്ഥാടനത്തിനെത്തിയവർക്കായി പനത്തടി ഫൊറോനാ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. വൈകു

ന്നേരം വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.

20 രാവിലെ ജോസ്ഗിരി ഹോസ്പിറ്റലിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് ഡീക്കൻപട്ടം സ്വീകരിക്കാനുള്ള വൈദികാർത്ഥികളുമായി അഭിമുഖം നടത്തി. വൈകുന്നേരം തലശ്ശേരി ടൗണിൽനിന്നും കത്തീഡ്രൽ ദൈവാലയത്തിലേക്ക് നടത്തിയ കുരിശിന്റെ വഴിയിൽ പങ്കുചേർന്നു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

**APRIL 2026**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01-05 | | - | Holy Week Service at Cathedral |
| 06 | 09:00 am | - | Nellickampoil: Ordination |
| 07 | | - | NKCBC |
| 08 | 09:00 am | - | Kanjiradukkom: Ordination |
| | 12:00 pm | - | Padupp: Baptism |
| | 03:30 pm | - | Marygiri |
| 09 | | - | Engaged |
| 10 | 09:00 am | - | Pachani: Ordination |
| | 01:30 pm | - | Paisakary: SIB Branch inauguration |
| | 03:00 pm | - | Karuvanchal: SIB Branch inauguration |
| | 04:00 pm | - | Peringala: Jubilee |
| 11 | 09-12 pm | - | Thalassery: Visitors Day |
| | 03:00 pm | - | Conference: First Year Theology |
| 12 | 05:00 am | - | Kolakkad: Santhome Pilgrimage |

| | | | |
|---|---|---|---|
| | 02:00 pm | - | Gundelpett: Sanctha Matha Nursing College |
| 13 | 09:00 am | - | Thomapuram: Ordination |
| | 05:00 pm | - | Josegiri |
| 14 | 09:00 am | - | Anara: Church Blessing |
| | 06:30 pm | - | Mysore |
| 15 | 10:30 am | - | Mandalam |
| | 03:00 pm | - | Kadumeni: Cemetery Blessing |
| 16-17 | | - | Ernakulam |
| 18 | | - | Thamarassery |
| 19 | 08:00 am | - | Kanichar: Sunday School Blessing |
| | 02:30 pm | - | Ottathai: Church Blessing |
| 20 | | - | Minor Seminary |
| 21 | 09-12 pm | - | Thalassery: Visitors Day |
| | 03:00 pm | - | Conference: First Year Philosophy |
| 22 | 06:30 am | - | Cathedral: Minor Orders |
| | 12:00 pm | - | Mathruvedi General Body Meeting |
| 23 | 09:00 am | - | Peravoor: Ordination |
| | 12:00 pm | - | Peratta: IMS |
| 24 | 02:30 pm | - | Nellikkutty |
| 25 | 10:00 am | - | Chemperi: Pastoral Council |
| | 05:00 pm | - | Cherupuzha: Marriage |
| 26 | 09:30 am | - | Karayathumchal: Jubilee |
| | 02:30 pm | - | Kolayad: Church Blessing |
| 27 | 09:00 am | - | Peravoor |
| 28 | | - | Ernakulam |
| 29 | 09:00 am | - | Mampoil: Ordination |
| 30 | | - | Ernakulam |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**മാർച്ച് 2026**

01 മാനന്തവാടി രൂപത തോണിച്ചാൽ ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ കട്ടിള വെപ്പ് നടത്തുകയും വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

05 മോൺ. മാത്യു എം. ചാലിലിന്റെ മൂന്നാം ചരമ വാർഷിക ദിനത്തിൽ ചെമ്പേരി ബസിലിക്കയിൽ വി. കുർബാന അർപ്പിക്കുകയും സെമിത്തേരിയിൽ പോയി അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

07 മൈലക്കൊമ്പ് ഇടവകയിൽ നിര്യാതയായ തെക്കേക്കര എൽസിയുടെ ഒന്നാം ചരമ വാർഷികത്തിൽ വി. കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു.

08 ആരക്കുഴ ഇടവകയിൽ കുട്ടികൾക്കായുള്ള വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

09 ആരോഗ്യരംഗത്ത് 50 വർഷത്തെ സ്തുത്യർഹ സേവനം പൂർത്തിയാക്കിയ കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റലിലെ ഡോക്ടർ ടെസി ജോസ് എസ് എച്ചിനെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്തു.

10 വൈകുന്നേരം ചരൾ പള്ളിയിൽ വച്ച് നടത്തിയ കുന്നോത്ത് ഫൊറോന വൈദിക മാസധ്യാനത്തിൽ പങ്കെടുത്തു.

12 ബാംഗ്ലൂർ ധർമ്മരാം വിദ്യാക്ഷേത്രവുമായി തലശ്ശേരി ആൽഫ ഇൻസ്റ്റ്യൂട്ടിനെ ബന്ധിപ്പിക്കുന്ന അഫീലിയേഷൻ ചടങ്ങിൽ സംബന്ധിച്ചു.

14 AKCCയുടെ 108-ാം ജന്മവാർഷികത്തോടനുബന്ധിച്ച് കണ്ണൂർ നഗരത്തിൽ നടന്ന മഹാറാലിയിൽ സംബന്ധിച്ചു.

17 ദിവസം മുഴുവൻ ശാലോം ടിവിയുമായി അഭിമുഖ സംഭാഷണത്തിൽ ഏർപ്പെട്ടു.

19 രാവിലെ വായാട്ടുപറമ്പ് പള്ളിയിൽ വി. യൗസേപ്പിതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും പുതിയ ദൈവാലയത്തിന്റെ കട്ടിള വെപ്പിന് കാർമികത്വം വഹിക്കുകയും ചെയ്തു.

വൈകുന്നേരം തലശ്ശേരി അരമനയിൽ വച്ച് ജോസഫ് നാമധാരിയായ അഭിവന്ദ്യ പാംപ്ലാനി പിതാവിനും മറ്റു വൈദികർക്കും, മറ്റുള്ളവർക്കും നൽകിയ അഭിനന്ദന സൽക്കാരത്തിൽ സംബന്ധിച്ചു.

20 വൈകുന്നേരം കാപ്പിമല ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും നവീകരിച്ച പള്ളിയുടെ വെഞ്ചിരിപ്പ് കർമ്മം നടത്തുകയും ചെയ്തു.

21 തലശ്ശേരി മൈനർ സെമിനാരിയിൽ വെച്ച് നടന്ന ഡീക്കൻ പട്ടം നൽകൽ ശുശ്രൂഷയിൽ പങ്കെടുത്തു.

22 രാവിലെ താമരശ്ശേരി രൂപത വൈദിക ഭവനത്തിൽ വിശ്രമിക്കുന്ന വൈദികരെ സന്ദർശിച്ചു.

ഉച്ചയ്ക്ക് സ്വഭവനത്തിൽ വിശ്രമിക്കുന്ന ബഹു. പോൾ മൂഞ്ഞേലി അച്ചനെ സന്ദർശിച്ചു.

ഉച്ചകഴിഞ്ഞ് മയിലെള്ളുംപാറ ഇടവകയിൽ രോഗികളായ കള്ളാട്ട് തോമസിനെയും ഭാര്യയെയും സന്ദർശിച്ചു. വൈകുന്നേരം നൂറാംതോട് പള്ളിയിൽ വിശുദ്ധരുടെ തിരുശേഷിപ്പ് പ്രതിഷ്ഠയോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

29 രാവിലെ എടൂർ ഇടവകയിലെ ഓശാന തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

ഉച്ചയ്ക്ക് പന്ത്രണ്ടാം ക്ലാസ് കുട്ടികളുടെ കോൺവൊക്കേഷൻ സമ്മേളനത്തിൽ സംബന്ധിച്ചു.

30 ആലക്കോട് സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വച്ച് നടന്ന മൂറോൻ വെഞ്ചിരിപ്പ് തിരുകർമ്മത്തിൽ സംബന്ധിച്ചു.

**APRIL 2026**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 02 | | - | Maundy Thursday @ Kunnoth |
| 03 | | - | Good Friday Message @ Adivaram, Calicut |
| 05 | | - | Easter Sunday |
| 06 | 11:00am | - | Baptism @ Mattannur |
| | 06:00pm | - | NMBC @ Kannur |
| 07 | | - | NMBC @Kannur |
| 08 | 11:00am | - | CMC Jubilee @ Nellikampoyil |
| | 05:00pm | - | First Communion, Kanichar |
| 10 | 06:30pm | - | Bishop House, Pala |
| 12 | 09:30am | - | Festal Mass @ Arakuzha |
| 13 | Morning | - | House Blessing @ Arakuzha |
| | Afternoon | - | Cherukulam Family gathering @ Arakuzha |
| 16 | 04:30pm | - | First Communion @ Thalassery Cathedral |
| 18 | 09:30am | - | Ruby Jubilee of Thamarassery Diocese at Bethaniya, Pullurampara |
| 19 | 09:30am | - | Festal Mass @ Peringala |
| | 5:00pm | - | Festal Mass @ Anapanthi Chapel |
| 20 | 09:00am | - | Ordination, Dn. Anto Cheppukala Conv. @ Nattakallu |
| 21 | 04:30pm | - | First Communion @ Karayathumchal |
| 22 | 07:00am | - | Holy Mass @ SABS Chettamkunnu |
| 23 | 11:00am | - | Betrothal, Ondayangadi |
| 25 | 02:30pm | - | Holy Mass @ IMS Kootupuzha |
| 26 | | - | Consecration of Kolayad Church |
| 27 | | - | Marriage, Alan Joby Tennattil @ Cherukattur |
| 28 | 09:00am | - | Ordination, Dn. Britto Poovathottathil HGN @ Thomapuram |
| | 05:00pm | - | Festal Mass, Kolayad |
| 30 | 11.00am | - | Betrothal, Anjana @ Kurumani |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ഫെബ്രുവരി 2026

21 ചങ്ങനാശേരിയിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പൗവത്തിൽ പിതാവിന്റെ ഫൗണ്ടേഷൻ ഉദ്ഘാടന സെക്ഷനിൽ പങ്കെടുത്തു.

22 ചങ്ങനാശ്ശേരി രൂപതയിലെ പള്ളിക്കുന്ന് ഇടവകയിൽ വി. കുർബാന അർപ്പിച്ചു.
ഉച്ചകഴിഞ്ഞ് ഭരണങ്ങാനം വി. അൽഫോൻസാമ്മയുടെ ദൈവാലയത്തിൽ സന്ദർശനം നടത്തി.
വൈകുന്നേരം ഭരണകാലത്തുള്ള എം എസ് ടി ജനറലേറ്റ് സന്ദർശിച്ചു

23 പാലാ കൊഴുവനാൽ പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ച കഴിഞ്ഞ് കുറവിലങ്ങാട് മർത്താമറിയം മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയത്തിൽ വച്ച് സിസി എബ്രഹാം ശങ്കരപുരി മാപ്പിള പറമ്പിലിന്റെ ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

24 പാലാ ബിഷപ്പ് ഹൗസിൽ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെയും മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനെയും സന്ദർശിച്ചു.

25 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിലിനെ സന്ദർശിച്ചു.

### മാർച്ച് 2026

07 കരിക്കോട്ടക്കരിയിൽ വെച്ച് ഫാ. തോമസ് കണ്ണങ്കേലിന്റെ അമ്മയുടെ ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

08 മണ്ഡപം പള്ളിയിൽ വച്ച് സിസ്റ്റർ ആൻസ് മരിയ എസ്.എ.ബി.എസിന്റെ പിതാവിന്റെ ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

10 ചാവറഗിരി പള്ളിയിൽ വച്ച് ജോർജ് കാവുകാട്ടിന്റെ ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

12 തലശ്ശേരി സന്ദേശഭവനിൽ വച്ച് നടന്ന ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് പ്രോഗ്രാമിൽ സംബന്ധിച്ചു.

13 നിർമ്മലഗിരി പള്ളിയിൽ വച്ച് അക്കാമ മാളിയേക്കലിന്റെ ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

14 ഉച്ചയ്ക്ക് കണ്ണൂരിൽ വച്ച് നടന്ന എകെസിസിയുടെ 108-ാം ജന്മദിന ആഘോഷങ്ങളിലും പൊതുജന റാലിയിലും മീറ്റിങ്ങിലും സംബന്ധിച്ചു.

16 തലശ്ശേരി ബിഷപ്സ് ഹൗസിലും കത്തീഡ്രലിലും വെച്ച് നടന്ന ശാലോം ടെലിവിഷൻ ഷൂട്ടിങ്ങിൽ സംബന്ധിച്ചു.

18 ഇടത്തൊട്ടി പള്ളിയിൽ വച്ച് കുരുവിള ഇളംതുരുത്തിയുടെ ശവസംസ്ക്കാരശുശ്രൂഷയിൽ പങ്കെടുത്തു.

19 രണ്ടാംകടവ് പള്ളിയിൽ വച്ച് വി. യൗസേപ്പിതാവിന്റെ തിരുനാളിനോട് അനുബ സ്ഡിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്നുള്ള മീറ്റിങ്ങിൽ സംബന്ധി ക്കുകയും ചെയ്തു.











2026 മാർച്ച് 18, 19 തീയതികളിൽ പനത്തടി സെന്റ് ജോസഫ്സ് ഫൊറോനാ തീർത്ഥാടന ദൈവാലയത്തിലേക്ക് നടന്ന രണ്ടാമത് സാൻജോസ് തീർത്ഥാടനം












**2026 മാർച്ച് 14 ന് കണ്ണൂർ വെച്ചു നടന്ന കത്തോലിക്ക കോൺഗ്രസിന്റെ 108-ാം ജന്മവാർഷികവും സമുദായശാക്തീകരണ സംഗമവും**





തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി ഡീക്കൻ പട്ടം സ്വീകരിച്ച
വൈദികവിദ്യാർത്ഥികൾ അഭിവന്ദ്യ പിതാവിനോടൊപ്പം
മാർച്ച് 21, 2026



തലശ്ശേരി അതിരൂപതയുടെ ദൈവശാസ്ത്ര പഠന കേന്ദ്രമായ ആൽഫ ഹയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലിജിയസ് സയൻസിന് വത്തിക്കാനിലെ ഡികാസ്റ്ററി ഫോർ കൾച്ചർ ആൻഡ് എഡ്യൂക്കേഷൻ അംഗീകാരം നൽകികൊണ്ടുള്ള ഡിക്രി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഏറ്റുവാങ്ങുന്നു.
മാർച്ച് 12, 2026

RNI Reg. No. 5910  Date of Publication: 28/03/2026
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2025-27
വാല്യം : 09 ലക്കം : 04 വില : ₹10

## ഏപ്രിൽ 24 | വി. ഗീവർഗീസ്



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.